032:2M84:11
F7

# ശ്രീദേവീഹരണം

(ഭാഷാനാടകം)

ഗ്രന്ഥകർത്താവ്

കോങ്ങോട്ട് കൃഷ്ണൻ നായർ

K. Krishnan Nair

കൊല്ലങ്കോട്ട്.

1927-

(ഒന്നാം പതിപ്പ് 500 കോപ്പി)

*Copy Right*

Printed at The Mangalodayam Press

TRICHUR & CALICUT.

വില 0_8_0

41968
032:2M84:1
F7

LIBRARY 1 NOV 1927 MADRAS

# അവതാരിക.

കോലത്തിരിരാജവംശവും സാമൂതിരിരാജവംശവും ആയി പല വിധത്തിലും ബന്ധപ്പെട്ടിരിക്കുന്ന ഒരു കുടുംബത്തിലെ അംഗമാണെന്നും, വടക്കെ മലബാറിൽ ജനിച്ചു വളൎന്ന ഒരു തെക്കെ മലയാളിയാണെന്നും മററുമുള്ള ന്യായം കൊണ്ടായിരിക്കണം എൻെറ ഒരു സ്നേഹിതനും സാഹിത്യരസികനും സഹൃദയനുമായ ഈ ഗ്രന്ഥകൎത്താവ് മ. രാ. രാ. കോങ്ങോട്ട് കൃഷ്ണൻ നായരവർകൾ ഈ പുസ്തകം അവതരിപ്പിക്കേണ്ട ഭാരം എന്നിൽ സമൎപ്പിച്ചിട്ടുള്ളത്.

"കേരളത്തിലെ വലിയ രാജവംശങ്ങളായ നെടിയിരുപ്പ് സ്വരൂപത്തിൻെറയും കോലസ്വരൂപത്തിൻെറയും അന്യോന്യബന്ധവും നീലേശ്വരം എന്ന മറെറാരു സ്വരൂപത്തിൻെറ ഉല്പത്തിയും" ആണ് ഈ ഭാഷാനാടകത്തിൻെറ അടിസ്ഥാനമായ ചരിത്രം. ചരിത്രപ്രസിദ്ധമായ ഈ സംഭവത്തെപ്പററി പലവിധമായ ഐതിഹ്യങ്ങളും മലബാറിൽ കേട്ടുവരുന്നുണ്ടെന്നു ചരിത്രാന്വേഷികളായവൎക്കൊക്കെ വിവരമുള്ളതാണ്. കേരളചരിത്രത്തിൻെറ ഒരു പ്രധാന അദ്ധ്യായമായി കരുതാവുന്ന ഈ സംഭവത്തെ ഒരു നാടകകൎത്താവിന്ന് അനുവദിച്ചു കൊടുത്തിട്ടുള്ള സ്വാതന്ത്ര്യം പ്രയോഗിച്ച്, സഹൃദയന്മാരെ രസിപ്പിക്കത്തക്കവണ്ണം ആവശ്യമായ ചമൽക്കാരങ്ങളും ചേൎത്ത് വേണ്ടുന്ന കഥാപാത്രങ്ങളെ സൃഷ്ടിച്ചു തന്മയത്വം വരുത്തി പണ്ഡിതപാമരന്മാരെ ഒരുപോലെ

രസിപ്പിക്കത്തക്കവണ്ണം ഒരു ഭാഷാനാടകമാക്കി എഴുതുകയാണു നല്ല പ്രതിഭാശക്തിയുള്ള ഈ ഗ്രന്ഥകൎത്താവ് ചെയ്തിട്ടുള്ളതു്.

കോലരാജ്യം ഭരണസൌകൎയ്യത്തിന്നുവേണ്ടി മൂന്നു ഭാഗമാക്കി, വടക്കെ ഭാഗം അടുത്ത അനന്തിരവനും, തെക്കെ ഭാഗം മൂന്നാമനും ഭരിപ്പാൻ ഏല്പിച്ചുകൊടുത്തു മദ്ധ്യപ്രദേശങ്ങൾ മാത്രമാണു കോലത്തിരി നേരിട്ടു ഭരിച്ചുവന്നിരുന്നത്. വടക്കെരാജ്യം ഭരിച്ചിരുന്നാൾ വടക്കെ എളംകൂറെന്നും, തെക്കെ രാജ്യം ഭരിച്ചിരുന്നാൾ തെക്കെ എളംകൂറെന്നുമാണു അറിയപ്പെട്ടിരുന്നത്. ഈസ്റ്റിന്ത്യാകമ്പനിക്കാർ കേരളത്തിൽ വ്യാപാരികളായി വന്നു പാണ്ടികശാലകൾ തുറന്ന കാലത്ത് "പ്രിൻസസ്സ് റീജണ്ട്" എന്നു അവർ വിളിച്ചുവന്നതും ഈ എളംകൂർ രാജാക്കന്മാരെയാണ്. ഇങ്ങിനെ പരമ്പരയായി ഉണ്ടായിരുന്ന എളംകൂർ രാജാക്കന്മാരിൽ ഒരാളാണു നീലേശ്വരം കോവിലകം സ്ഥാപിച്ചിട്ടുള്ളത്. തെക്കെ എളംകൂറായിരുന്ന ഒരു കോലത്തിരിയുടെ സന്താനപരമ്പരയിൽ പെട്ടതാണു ഇന്നത്തെ കടത്തനാട് രാജസ്വരൂപം. നീലേശ്വരം കോവിലകം ഉണ്ടായതിന്നു കുറെ മുമ്പാണു കടത്തനാട് കോവിലകം സ്ഥാപിച്ചിട്ടുള്ളതെന്നു ഈ ഗ്രന്ഥകാരൻ വിശദമാക്കീട്ടുണ്ട്.

നീലേശ്വരം രാജസ്വരൂപത്തിന്റെ കാരണഭൂതൻ വടക്കൻ പ്രദേശങ്ങൾ ഭരിച്ചിരുന്ന ഒരു എളംകൂറാണെന്നും, ആ എളംകൂറിന്നു മൂപ്പിൽസ്ഥാനം കിട്ടിയപ്പോൾ വടക്കൻപ്രദേശങ്ങളിൽ ഒരു ഭാഗം നീലേശ്വരം കോവിലകത്തേക്ക് ദാനമായി കൊടുത്തതാണെന്നും ഊഹിപ്പാനാണു അധികം ന്യായമുള്ളത്. കോലത്തിരിയായി രാജ്യഭാരം ചെയ്യുന്ന മൂപ്പിന്നാണു സന്ധിസംസാരത്തിന്നായി സാമൂതിരിപ്പാട്ടിലെ അതിഥിയായി കോഴിക്കോട്ടു വന്നു താമസിച്ചതെന്നു പറയുന്നതിലും അല്പം

യുക്തിഭംഗമുണ്ട്. ഈ ആവശ്യത്തിന്ന് അടുത്ത അനന്തിരവനെ സാമൂതിരികോവിലകത്തെക്കയച്ചുവെന്നു വിശ്വസിപ്പാനാണല്ലൊ അധികം ന്യായം. ഇങ്ങിനെ ചരിത്രദൃഷ്ട്യാ അല്പം ചില ന്യൂനതകൾ ഈ കഥാഘടനയിൽ ചരിത്രജ്ഞന്മാർ കണ്ടുവെന്നു വന്നേക്കാമെങ്കിലും അതൊന്നും ഈ പുസ്തകത്തിന്നുള്ള ഗുണത്തെ ഇല്ലാതാക്കുന്നില്ല.

വടക്കെ മലബാറിലെ സ്ത്രീകൾക്ക് കോരപ്പുഴ കടന്നു സാമൂതിരിയുടെ രാജ്യത്തിൽ കടന്നാൽ ഭ്രഷ്ടുണ്ടെന്നുള്ള ഒരു നിശ്ചയം പണ്ട് കൊലത്തിരി ചെയ്തിട്ടുണ്ടായിരുന്നു. ഇന്നത്തെ ചില മുത്തശ്ശിമാർ ഈ നിശ്ചയത്തെ നിസ്സരിക്കുവാൻ ഒരുക്കമല്ലെന്നു അന്വേഷിച്ചാൽ അറിയാവുന്നതാണു. ഈ നിശ്ചയത്തിൻെറ ആഗമം ഈ ചരിത്രസംഭവത്തെ ആശ്രയിച്ചല്ലെ ഇരിക്കുന്നതെന്നുംകൂടി ഞാൻ സംശയിക്കുന്നുണ്ട്. എന്നാൽ സാമൂതിരിയുടെ മുഷ്ക്ക് വടക്കൻപ്രദേശങ്ങളിൽ അത്ര കാണിച്ചിട്ടില്ലെന്നും തെക്കൻപ്രദേശങ്ങളിലെ രാജാക്കന്മാരെ കീഴടക്കുവാനാണു സാമൂതിരി അധികം പ്രയത്നിച്ചിട്ടുള്ളതെന്നും പ്രസിദ്ധമായ സംഗതിയാണു. തെക്ക് കൊടുങ്ങല്ലൂരിന്നപ്പുറത്തും ജയലക്ഷ്മിയെ പരത്തിയ സാമൂതിരി വടക്കൻദിക്കിൽ പോയി കോലത്തിരിയെ ഉപദ്രവിക്കാതിരുന്നതിന്നു പ്രത്യേകമായ വല്ല കാരണവും ഈ സംഭവം കൊണ്ടുണ്ടായിട്ടുണ്ടൊ എന്നറിയുന്നില്ല.

നീലേശ്വരം കോവിലകത്തുനിന്നു സാമൂതിരി കോവിലകത്തേക്കു 150 കൊല്ലംമുമ്പ് ഒരു ദത്ത് എടുത്തതായും ഈ രണ്ടു രാജവംശവും തമ്മിലുള്ള പുലബന്ധം ഇന്നും നിലനിന്നു പോരുന്നതായും ഉള്ള സംഗതി പ്രത്യേകം പ്രസ്താവയോഗ്യമാണു. കോട്ടക്കൽ കിഴക്കെ കോവിലകസ്ഥാപനത്തിന്നു കാരണഭൂതയായ സാക്ഷാൽ മനോരമാതമ്പുരാട്ടി, ഈ ദത്തുവഴിയുണ്ടായ സന്താ

നമാണെന്നു പ്രസിദ്ധമാണു. നാടകകൎത്താവിന്റെ മേടശ്ശനി, മേടവ്യാഴത്തെ അടിസ്ഥാനമാക്കി നോക്കുന്നതായാൽ ഈ ൭ത്തിന്നു 50 കൊല്ലം മുമ്പുതന്നെ നീലേശ്വരം കോവിലകം സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ടെന്നു വിശ്വസിക്കാവുന്നതാണു.

ആഭിജാത്യചിന്തചെയ്യാൻ ഒരുക്കമുള്ളവൎക്കല്ലാതെ ഈ നാടകത്തിന്റെ പ്രസിദ്ധീകരണത്തിൽ വല്ല ആക്ഷേപവും ചെയ്യാൻ വകയുണ്ടെന്നു തോന്നുന്നില്ല. സജാതീയവിവാഹത്തെപ്പററി അധികമൊക്കെ കേട്ടവരുന്ന ഇക്കാലത്ത് 'ശ്രീദേവീഹരണം' ശ്രീദേവീസ്വയംവരമാക്കി എഴുതിയിരുന്നുവെങ്കിൽ, തിരുവിതാംകൂറിലെ ക്ഷത്രിയസമാജക്കാൎക്ക വലിയ സന്തോഷമായിത്തീൎന്നേനെ. ജാതികൊണ്ടും ആഭിജാത്യംകൊണ്ടും അന്യോന്യബന്ധത്തിന്നു വിരോധമില്ലാത്ത രാജവംശക്കാരും പ്രഭുകുടുംബക്കാരും കേരളത്തിൽ ഇന്നു ധാരാളമുണ്ട്. മരുമക്കത്തായികളായാലും ഇവർ തമ്മിൽ വിവാഹബന്ധം ഉണ്ടാവുന്നതു നല്ലതാണെന്നു ഒരു അഭിപ്രായം ഈ വക കോവിലകങ്ങളിലേയും കുടുംബങ്ങളിലേയും ചില അംഗങ്ങൾക്കുണ്ടെന്നു ഞാൻ സൂക്ഷ്മമായി അറിയും. അതുകൊണ്ടു ഈ ചരിത്രനാടകത്തിന്റെ ആവിൎഭാവം അവസരോചിതവുംകൂടി ആയിട്ടുണ്ട്. പുരാണപ്രസിദ്ധമായ സുഭദ്രാഹരണം, ശകുന്തളയുടെ ഗാന്ധൎവ്വവിവാഹം, രുഗ്മിണീസ്വയംവരം തുടങ്ങിയ സംഭവങ്ങൾ വലിയ ആഭിജാത്യവഴക്കിന്നൊന്നും അന്നു കാരണമുണ്ടാക്കീട്ടില്ല. ഹെന്ത്രി എട്ടാമൻ, റിച്ചാർഡ് സ്, എന്നു തുടങ്ങി ബ്രിട്ടീഷ് രാജധാനിയെ സംബന്ധിക്കുന്ന പല നാടകങ്ങ

ളും ആംഗ്ലേയമഹാകവിയായ ഷേയ്ക്സ്പിയർ ചരിത്രങ്ങളെ അടിസ്ഥാനമാക്കി എഴുതീട്ടുണ്ടല്ലൊ. ഇന്ത്യയിലെ രാജധാനികളെ സംബന്ധിക്കുന്ന കഥകളും നാടകങ്ങളും വേറെ പലതും കാണ്മാനുള്ളതുകൊണ്ട് ഈ നാടകത്തിന്റെ പ്രസിദ്ധീകരണത്തിന്നു അനൌചിത്യമെന്ന ഒരു ദോഷം ആരും പറയുമെന്നു തോന്നുന്നില്ല.

കേരളചരിത്രത്തെപ്പററി ശരിയായ മാർഗ്ഗത്തിൽകൂടി അന്വേഷണം നടത്തി പല റിക്കാർട്ടുകളും ശേഖരിച്ചു പ്രസിദ്ധം ചെയ്തിട്ടുള്ള ഒരു പ്രസിദ്ധ ചരിത്രജ്ഞനായ പരേതനായ മ. രാ. രാ. റായിസാഹേബ് കണ്ണമ്പ്ര രാമനുണ്ണിമൂപ്പിൽ നായരവർകളുടെ സമ്പർക്കത്തിന്നു അധികം അവസരം സിദ്ധിച്ചിട്ടുള്ള ഈ ഗ്രന്ഥകാരന്നു, മലബാറിലെ ചരിത്രസംഭവങ്ങളെപ്പററി പല വിവരങ്ങളും സമ്പാദിപ്പാൻ പ്രത്യേകസൌകര്യം സിദ്ധിച്ചിട്ടുണ്ടെന്നു പറയേണ്ടതില്ലല്ലൊ. ഈ നാടകം എഴുതിക്കഴിഞ്ഞിട്ടു കാലം കുറച്ചായെങ്കിലും ഗ്രന്ഥകാരന്റെ അടുത്ത ബന്ധുക്കളായ മെസേർസ് കെ. രാമൻകുട്ടിനായരും (ബി. എ. പകോളി സബ്ബ രജിസ്ട്രാർ) കെ. കുഞ്ഞിശങ്കരൻ നായരും (എൽ. എജി. ഗവർമ്മെണ്ട് ഫാറം മാനേജർ കൊച്ചി) ശ്രമിച്ചു പ്രോത്സാഹിപ്പിച്ചിരുന്നില്ലെങ്കിൽ ഇന്നും ഈ കൃതി പ്രസിദ്ധമാവാതെ കിടക്കുമായിരുന്നു.

ഈ നാടകത്തെപ്പററി ഇതിൽ അധികമായ ഒരു മുഖവുര ആവശ്യമുണ്ടെന്നു തോന്നുന്നില്ല. മിസ്റ്റർ കൃഷ്ണ

ൻനായരുടെ കഥാപാത്രങ്ങൾ കേവലം സങ്കല്പസൃഷ്ടികളല്ലെങ്കിലും; ആ ഓരോ പാത്രങ്ങളുടേയും ചിത്രം വരച്ച അദ്ദേഹം നമ്മെ നല്ലപോലെ കാട്ടിത്തരുന്നുണ്ടെന്നു ഈ പുസ്തകം ഒരു പരിവൃത്തി വായിച്ചു കഴിയുമ്പോൾ ഏവനും ബോദ്ധ്യപ്പെടുന്നതാണ്. കോലത്തിരിയേയും ചെറുശ്ശേരിയേയും തമ്മിൽ കൂട്ടിക്കെട്ടി കാണുമ്പോൾ കൃഷ്ണഗാഥാകർത്താവായ സാക്ഷാൽ ചെറുശ്ശേരി തന്നെയാണൊ ഇത് എന്നു ശങ്കിക്കേണ്ടതായ ആവശ്യമില്ല. കോലത്തിരിരാജവംശത്തിൽ ഉദയവർമ്മന്മാരും, ചെറുശ്ശേരി ഇല്ലത്ത് രാജസേവകന്മാരായ നമ്പൂതിരിമാരും പലരും ഉണ്ടായിട്ടുണ്ട്. ഇങ്ങിനെതന്നെ ചരിത്രപ്രസിദ്ധന്മാരായ മററു കഥാപാത്രങ്ങളെപ്പററിയും ചിന്തിച്ചാൽ മതിയാവുന്നതാണു. ഈ പുസ്തകം വായിക്കാൻ തുടങ്ങിയാൽ അവസാനിക്കുന്നതുവരെ താഴത്തു വെക്കുവാൻ സമ്മതിക്കാത്തവിധം ഒരു ആകർഷണശക്തി രചനാവൈഭവംകൊണ്ടു ഗ്രന്ഥകാരൻ ഉണ്ടാക്കിത്തീർത്തിട്ടുണ്ട്. കേരളഭാഷാസാഹിത്യവിഷയമായി പരിശ്രമം ചെയ്തുവരുന്ന മിസ്റ്റർ കൃഷ്ണൻനായർ ഈ പുസ്തകത്തെ തുടൎന്നു വേറെയും കൃതികൾ പ്രസിദ്ധംചെയ്തു കേരളഭാഷയെ പോഷിപ്പിച്ചു കാണ്മാനുള്ള മോഹത്തോടുകൂടി ഈ പുസ്തകത്തെ സജ്ജനസമക്ഷം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു. എന്ന്

തൃശ്ശിവപേരൂര്.
20—12—26 } സി. കുഞ്ഞിരാമമേനോൻ

# ശ്രീദേവീഹരണം.

## ഭാഷാനാടകം.

നാന്ദി.

ശ്രീദേവിക്കുള്ള രാഗം മുഴുവനുമിളകാൻ
ഹേതുവായും സദാ ശ്രീ-
വേദവ്യാസാദിയാകും മുനികളുടെ മന-
സ്സിന്നൊരാനന്ദമായും
വേദാന്തത്തിന്നകത്തായ് വിലസുമൊരു ശര-
ച്ചന്ദ്രികാകല്പമായും
മേവും ശ്രീകാന്തഹാരോദയരുചി സുചിരം
നിങ്ങളെക്കാത്തിടട്ടേ. (1)

(നാന്ദിയുടെ അവസാനത്തിൽ സൂത്രധാരൻ പ്രവേശിക്കുന്നു.)

സൂത്രധാരൻ — (സദസ്സിനെ നോക്കീട്ട് - ആത്മഗതം) അമ്പൊ! ഇതു വലിയ സദസ്സുതന്നെ.

ലജ്ജവിട്ടഭിനയങ്ങൾ കാട്ടുവാൻ
സജ്ജനായി മരുവുന്നവന്നഹൊ!
സജ്ജനങ്ങൾ നിറയും സഭാതലം
വർജ്ജ്യമായി വരികില്ലൊരിക്കലും. (2)

എന്നുമാത്രമല്ല,

ചൊൽകൊണ്ടിട്ടും ഭരതനാട്യമറിഞ്ഞൊരുത്ത-
ന്നിക്കണ്ടപോലൊരു സദസ്സുതിമോദമേകും
വാക്കിന്നുമുണ്ടഭിനയത്തിന്നുമുണ്ടവൻെറ
നോക്കിന്നുമുണ്ടൊരു വിശേഷമതാണു ഹേതു. (3)

എന്നുമാത്രമല്ല,

ലോകത്തെക്കവി നല്ല കാവ്യതതിയാൽ
    പ്രത്യക്ഷമാക്കുന്നു പാ-
രാകെച്ചിത്രമെഴുത്തിലേറെ നിപുണൻ
    രൂപത്തിലാക്കുന്നപോൽ
ലോകത്തിൽ ശ്രുതിയേറുമുള്ള നടനോ
    വാഗ്രൂപഭാവങ്ങളാ-
ലാകുമ്പോലിവയൊക്കെയിന്നു സഭയിൽ
    പ്രത്യക്ഷമാക്കില്ലയോ? (4)

(പ്രകാശം) മഹാസദസ്സിനെ ഞാൻ വന്ദിക്കുന്നു. (അണിയറയിലേയ്ക്കു നോക്കീട്ട്) പ്രിയേ! ഒന്നു കാണട്ടെ- ഇങ്ങോട്ടു വരൂ. (നടി പ്രവേശിക്കുന്നു.)

നടി—ആര്യ്യ! എന്തിനാണ് അവിടുന്ന് എന്നെ ക്ഷണിച്ചതു്. ഞാൻ ഇതാ വന്നല്ലോ. എന്താണു പറവാൻ ഭാവിക്കുന്നതു ?

സൂത്രധാരൻ—അതെ; പറയാം

കാലം നല്ല വസന്തമാണു, സഭയോ
    വിദ്വജ്ജനാവൃത്തമാം
കാലംതോറുമിതഭ്യസിച്ചു പുകഴേ-
    റീട്ടും നടന്മാർ വയം

കാലത്തിന്നനുരൂപമായൊരു കഥാ
നാട്യം നടിച്ചീടണം
കോലം കെട്ടി ഞെളിഞ്ഞിരുന്നു വെറുതേ
കാലം കഴിച്ചീടൊലാ. (5)

നടി—കടവിൽ അവിടത്തെ വാക്കു കുറെ ശകാരമായി പ്പോയൊ? ഇനി ഞാൻ എന്താണു വേണ്ടതു് എന്നു് അങ്ങുന്നുതന്നെ കല്പിക്കണം. ഏതു നാടകമാണു് ആ ടുവാൻ വിചാരിക്കുന്നതു്? ഈ സഭയിൽ എല്ലാവ രും സംസ്കൃതവിദ്വാന്മാരാണെന്നു ഞാൻ വിചാരി ക്കുന്നില്ല.

സൂ—വിഭക്തിയില്ലാത്തബലാജനങ്ങളി—
സ്സഭാന്തരത്തിങ്കലുമുണ്ടനേകം.
സുഭാഷിണീ! സംസ്കൃതമാക്കിയെങ്കിലി
സ്സഭക്കു യോജിക്കുകയില്ല നൂനം. (6)

അതിനാൽ വല്ല ഭാഷാനാടകവും അഭിനയിച്ചാ ലായിരിക്കും സാമാജികന്മാർക്കെല്ലാവൎക്കും ഒരുപോലെ ര സകരമായിരിക്കുക.

നടി—ഭാഷാകവികളിൽ വല്ലവരും അഭിനയിക്കത്തക്ക തായ വല്ല നാടകവും ഉണ്ടാക്കീട്ടുണ്ടോ? എനിക്കൊ ന്നും തൃപ്തിയായിട്ടു തോന്നീട്ടില്ല. നാം അഭ്യസിച്ചിട്ടു ള്ളതിൽ ഏതു വേണമെന്നാണു വിചാരിക്കുന്നതു്?

സൂത്രധാരൻ—ഭവതി പറഞ്ഞതുപോലെ ഭാഷയിൽ ന ല്ല നാടകങ്ങൾ അധികം ഇല്ല. എന്നാൽ നാടകരൂ പത്തിൽ അസംഖ്യം പുസ്തകങ്ങളുണ്ടു്. അവയിൽ ഒന്നു

കാറ ഭേദമുള്ളതു നോക്കിയാണ് ഇന്നഭിനയിക്കുവാൻ തീർച്ചയാക്കിയിരിക്കുന്നത്.

നടി—അതേതാണെന്നു പറഞ്ഞാൽ നന്നായിരുന്നു.

സൂത്ര—'ശ്രീദേവീഹരണം' എന്നൊരു പുതിയ നാടകമുണ്ട്. അതായാൽ കൊള്ളാമെന്നാണു ഞാൻ വിചാരിക്കുന്നത്.

നടി—ഈ നാടകത്തെപ്പററി പറഞ്ഞുകേട്ടതായി എനിക്ക് ഓർമ്മ തോന്നുന്നില്ല. ഇതാരുണ്ടാക്കിയതാണെന്നു പറഞ്ഞാൽ കേൾക്കാമായിരുന്നു.

സൂത്ര—ഭവതി കേൾക്കാത്തതുകൊണ്ട നാടകത്തിൻെറ പ്രസിദ്ധിയെപ്പററി സംശയിപ്പാനില്ല. പ്രസിദ്ധിയില്ലാത്തവർ പ്രസിദ്ധിയുള്ളവരെ അറിഞ്ഞിരിക്കേണമെന്നില്ല. ഇതിൻെറ കർത്താവാരാണെന്നു വേണമെങ്കിൽ പറയാം.

ന്യായാലങ്കാരവൈദുഷ്യമൊടിടകലരും
സത്യധർമ്മാദിയോടും
ശ്രീയോടും കൂടിവാണാകവികുലമണിയാ-
മീശരാഖ്യൻെറ പുത്രൻ
മായംകൂടാതെ ഭാഷാകവികളിലധികം
കീർത്തിയുള്ളോരു കൃഷ്ണൻ
നായർ പ്രാചീനവൃത്തപ്രിയനഭിനവമീ
നാടകത്തെച്ചമച്ചാൻ. (7)

നടി—ഈ കവിയെ ഞാൻ നല്ലവണ്ണം അറിയും. പക്ഷെ ഈ നാടകത്തെക്കുറിച്ച കേട്ടിട്ടില്ല. അത്രമാ

ത്രമേയുള്ളു. ഈ നാടകത്തിലെ കഥാവസ്തു എന്താണു്?

സൂ—കേരളത്തിലെ വലിയ രാജവംശങ്ങളായ നെടിയിരിപ്പുസ്വരൂപത്തിൻെറയും കോലസ്വരൂപത്തിൻെറയും അന്യോന്യബന്ധവും, നീലീശ്വരം എന്ന മറെറാരു സ്വരൂപത്തിൻെറ ഉല്പത്തിയും ആണു് ഇതിൽ പ്രതിപാദിച്ചിരിക്കുന്നതു്. അതിനാൽ ഈ നാടകം കേരളീയൎക്കു വളരെ രസകരമായിരിക്കും.

നടി—ഇപ്പോഴെല്ലാം മനസ്സിലായി അഭ്യസിക്കുന്ന കാലത്തു് ഈ നാടകത്തെ ഞാൻ ശ്രദ്ധവെച്ചു പഠിച്ചിട്ടുണ്ടു്. എന്നാൽ ഇനി നാം വേണ്ടതു പ്രവൎത്തിക്കയല്ലേ?

സൂത്രധാരൻ—മഹിളകളുടെ മൊഴിക്കു പൂൎവ്വാപരബന്ധം വേണമെന്നില്ലല്ലൊ? മററുള്ള കാൎയ്യങ്ങൾക്കു മുമ്പായി ഈ വസന്തകാലത്തെ വൎണ്ണിച്ചു് ഒന്നു ഗാനംചെയ്യേണ്ടതല്ലേ? ഹാ! നോക്കു! എത്ര ആഹ്ലാദജനകമായ കാലമാണിതു്.

പുഷ്പംകൊണ്ടു നിറഞ്ഞു ചൂതവിപിനേ
തേൻമാരി പെയ്യുന്നു ചേ-
ന്നെല്ലാമെല്ലാം വികസിച്ച പത്മനിരയാൽ
പത്മാകരം രമ്യമാം
പുഷ്പത്തിൻ മണവും കവൎന്നു രസമായ്
വീശുന്നു മന്ദാനിലൻ
കെല്പേറും പികഭൃംഗമഞ്ജുളരവം
രോമാഞ്ചമേകുന്നു മേ. (൪)

നടി — എന്നാൽ അങ്ങിനെ ചെയ്യാമല്ലൊ. (പാടുന്നു.)

കല്യാണി — ആദിതാളം.

മധുമാസശ്രീ വിലസീടുന്നു.

1. പല്ലവമയമൃദുമേനിയോടും - പാല

ഫുല്ലകുസുമമയകലാപമൊടും — മധുമാസ

2. കോകിലകളരവഗാനമൊടും - മൃദു

കോകനദാകരവാതമൊടും — മധുമാസ

3. വിധുകരകാന്തിവിതാനമൊടും - മദ

മധുകരകരുനിരഭംഗിയൊടും — മധുമാസ

(മധുമാസശ്രീവിലസീടുന്നു.)

(അണിയറയിൽ)

സാമാന്യം സുകുമാരപല്ലവവപു-

സ്സായിട്ടു പുഷ്പിച്ചിടും

കാമോദ്ദീപനമായി നൽകളരവം

കൊണ്ടങ്ങു ശോഭിച്ചിടും

ആമോദപ്രഭവത്തിനാൽ ശ്രിതജനാ-

നന്ദം വളൎത്തിടുമേ

വാമാക്ഷി നിജയൌവനത്തിൽ, മധുമാ-

സത്തിങ്കലാരാമവും. (10)

നടി — (കേട്ടതായി നടിച്ച് - വിസ്മയത്തോടുകൂടി) ആരോ മറഞ്ഞുനിന്ന് ഇതെല്ലാം കേട്ട് എന്നെ പരിഹസിക്കുന്നപോലെ തോന്നുന്നു.

സൂ — പരിഭ്രമിക്കേണ്ട; ഉദയവൎമ്മനെന്ന കോലത്തിരി രാജാവിൻെറയും, അദ്ദേഹത്തിൻെറ പ്രിയവയസ്യനായ ചെറുശ്ശേരിനമ്പൂരിയുടേയും വേഷങ്ങൾ ധരി

ച്ച നടന്മാർ അരങ്ങത്തേയ്ക്ക് എത്തിക്കഴിഞ്ഞു. അരങ്ങു മുഷിയാതിരിപ്പാൻ നാം പോകുക.

നടി—മുൻകൂടി അവിടുന്നു കല്പന കൊടുത്തിരിക്കുന്നു വല്ലൊ?

(രണ്ടാളും പോയി)

പ്രസ്താവന കഴിഞ്ഞു.

---

## ഒന്നാമങ്കം.

---

(ഉദയവർമ്മരാജാവും, ചെറുശ്ശേരിനമ്പൂരിയും പ്രവേശിക്കുന്നു.)

രാജ—അല്ലേ! ചെറുശ്ശേരി! ഇപ്പോൾ വസന്തകാലമായി ഇല്ലേ? ഇതാ നോക്കു; ('സാമാന്യം സുകുമാരപല്ലവവപുസ്സായിട്ടു പുഷ്പിച്ചിടും' ഇത്യാദി ശ്ലോകത്തെ ചൊല്ലുന്നു.)

എന്നുമാത്രമല്ല,

ഇളയതളിർ ചുമഞ്ഞും, പൂക്കളെല്ലാം വിരിഞ്ഞും,
വെളിയിൽ മധു പൊഴിഞ്ഞും, ഗന്ധമെങ്ങും നിറഞ്ഞും,
കളരവമൊടു കൂകും പക്ഷിജാലങ്ങളോടും
ലളിതസരസഭാവം പൂണ്ടിതുദ്യാനലക്ഷ്മി. (11)

പുത്തൂർക്കോട്ടെൻറ പ്രസിദ്ധി ഈ ഉദ്യാനംകൊണ്ടുതന്നെ വെളിപ്പെടുന്നുണ്ടു. ഈ ദിക്കിൽ എത്രയും ദുർല്ലഭമായ ചന്ദനമരങ്ങൾ എത്രയാണ് ഇവിടെ നില്ക്കുന്നതു!

ഏററം ചേൎന്നു തഴച്ച ചന്ദനമര-
ക്കൂട്ടം നിറഞ്ഞങ്ങിനേ
ചുററും പൂത്തൊരു ചമ്പകങ്ങളിടയിൽ
പുഷ്പിച്ചശോകങ്ങളും
ചുററിപ്പററി വളൎന്നിടുന്ന ലതകൾ-
ക്കൊട്ടല്ല പുഷ്പങ്ങളും;
കുററം തീൎന്നൊരു പൂച്ചെടിത്തരമിതി-
ന്നെല്ലാമലങ്കാരമാം. (12)

ചെറുശ്ശേരി—ഇതു് എനിക്കത്ര ബോധിച്ചില്ല; ഞാനാണെങ്കിൽ ഇവിടെയെല്ലാം നേന്ത്രവാഴ 'വെള്ളമായിരുന്നു. തെങ്ങും, കവുങ്ങും, അതിൽ വെററിലക്കൊടികളും, മുളകുകൊടിയും, നേന്ത്രവാഴയും, മാവും, പിലാവും എല്ലാം നിറഞ്ഞു നില്ക്കുന്നതുപോലെയുള്ള ഉണം ഇവകളെക്കൊണ്ടുണ്ടോ?

രാജാ—അതെല്ലാം കൎഷകന്മാരുടെ പ്രവൃത്തിയല്ലേ? രാജ്യം രക്ഷിച്ചു, നീതിയെ പരിപാലിക്കുന്ന രാജാക്കന്മാർ സൎവ്വഭോഗങ്ങളേയും അനുഭവിക്കുവാൻ ജനിച്ചവരല്ലേ? അവക്കു സൈ്വരമില്ലാത്ത സമയങ്ങളിൽ മനസ്സിന്നു സന്തോഷമുളവാക്കുവാനുള്ള ഉപായങ്ങളല്ലേ ഇവയൊക്കെ?

യുദ്ധത്തിൽ തോററു വല്ലാതമരുമവസര-
ത്തിങ്കലും ദുഃഖമൂലം
ശ്രദ്ധയുറാം ഭവിക്കുമ്പൊഴുമതിവിരഹം
തന്നിലും, പിന്നെയോൎത്താൽ

വാൎദ്ധക്യംകൊണ്ടു ബുദ്ധിക്കുടവു പലവിധം
തട്ടിയാലും നൃപന്മാർ
ബദ്ധാമോദേനയിന്നീയുപവനമതിൽവ-
ന്നാശ്വസിക്കുന്നു നിത്യം. (13)

എന്നുമാത്രമല്ല,

ശൌൎയ്യം പെരുത്തൊരു നൃപൻ ദിനരാത്രി രാജ്യ-
കാൎയ്യങ്ങളിൽ കളുകയാൽ രതിസക്തനല്ലം
പൎയ്യന്തവാടിയുടെ മുഷ്ഷവനേറവെന്നാൽ
ഭാൎയ്യാജനങ്ങളെയുമോൎമ്മവരുന്നു നൂനം. (14)

ചെറുശ്ശേരി—അവിടത്തെ അഭിപ്രായങ്ങൾ കേൾക്കു
മ്പോൾ ഇതു വളരെ ഉപകാരമുള്ളതാണെന്നു് എനി
ക്കും തോന്നുന്നുണ്ടു്.

തേവാരത്തിന്നു നിത്യം പലവിധകുസുമം
വന്നുവൃത്തീടുവാനും
ദേവന്മാൎക്കു ചാൎത്താൻ പുതുമലരതിനാൽ
മാല കെട്ടീടുവാനും
മന്ദം തേനീച്ചകൾക്കും നവമധുവധികം
ശേഖരിച്ചീടുവാനും
നന്നായുതകുന്നിതിന്നീയുപവനമിവിടെ-
ച്ചിന്തചെയ്യുന്നനേരം. 15

രാജാ—ചെറുശ്ശേരി! ഈ ഉദ്യാനത്തെപ്പോലെ ഒരു ഉ
ദ്യാനത്തെ ഞാൻ കണ്ടിട്ടില്ല. ഈ ഉദ്യാനം സാമൂ
തിരിയുടെ യശോവിക്രമങ്ങൾക്കു കളിപ്പാനുള്ള രംഗ
സ്ഥലമാണെന്നു തോന്നിപ്പോകുന്നു. അത്രയുമല്ല,

മോദംകലൎന്നധികകാന്തിയൊടൊത്തു നിത്യം
ശ്രീദേവിയെന്നുമിവിടെക്കളിയാടിടുന്നു
ഭൂദേവിതന്റെ പതിയാകിയ കുന്നലക്കോൻ
മോദാൽ വളൎത്തുമൊരു സോദരിപുത്രിയെപ്പോൽ.

ഹെ! ചെറുശ്ശേരി! നാം ഉദ്യാനത്തെ മുഴുവനും നടന്നുനോക്കുക; വരു. (എന്നു രണ്ടാളും ചുററിനടക്കുന്നു.) (പിന്നെ ഒരു വലിയ കുളം കണ്ടതായി നടിച്ചിട്ട്.) ഇതാ കാണുന്നത് ഒരു വലിയ കുളമാണല്ലൊ? ഈ കുളം വളരെ വിസ്താരമുള്ളതുതന്നെ.

ചെറുശ്ശേരി — നമ്മുടെ ചിറയോളം വിസ്താരമില്ലെങ്കിലും സാമാന്യം വലിപ്പമുള്ളതാകുന്നു ഇതാണു സാമൂതിരിയുടെ പ്രസിദ്ധ മാനാഞ്ചിറ.

രാജാ — കേട്ടിട്ടുണ്ട്; ഇന്നാണു കണ്ടത്.

വിസ്താരം കുറവില്ല നിൎമ്മലജലം
നന്നായ് നിറഞ്ഞൊന്നുമേ
പ്രസ്താവത്തിനു യോഗ്യമായ കടവു-
ണ്ടെല്ലാം മനോരമ്യമാം
വിസ്താരം, പരിപൂൎണ്ണതാ, സുജനതാ,
നൈൎമ്മല്യമിത്യാദിയാൽ
നിസ്തുല്യാകൃതിയല്ല, സജ്ജനമനം
തന്നോടു സാദൃശ്യമാം. 17

ചെറുശ്ശേരി — ക്ഷമഃ — ക്ഷമഃ — സുജനതാ എന്ന ഗുണം ഉണ്ടോ; അവിടുന്ന് ഒന്നു നോക്കണം.

നഗ്നന്മാരായ നമ്പൂരികൾ സരസമിതാ
വന്നിറങ്ങി ജലത്തിൽ
മഗ്നന്മാരായി നില്ക്കുന്നിതു ചിലർ, ചിലരോ
ശൌചനിഷ്ഠാപരന്മാർ
ആഗ്നേയാസ്ത്രത്തിനൊക്കും, തരുണികളെറിയും
നൽക്കടാക്ഷങ്ങൾ തട്ടി-
ബ്ഭഗ്നോത്സാഹം നിമിത്തം ചിലർ കരയിലിരു-
ന്നു ജപിക്കുന്നമട്ടിൽ. 18

രാജാ:— ചെറുശ്ശേരി! അതാ തെക്കേകുളിപ്പുരയിൽ യൌവനയുക്തയും, ലാവണ്യവതിയുമായ ഒരു സ്ത്രീ കുളിക്കുന്നതു കണ്ടുവോ? ആ സ്ത്രീ ആരായിരിക്കും?

ചെറുശ്ശേരി—പെരിയ തമ്പുരാട്ടിമാരാരെങ്കിലുമായിരിക്കാം. അല്ലെങ്കിൽ സാമൂതിരിയുടെ മക്കളാരെങ്കിലുമായിരിക്കും. കോവിലകത്തുള്ള സ്ത്രീകൾക്കല്ലാതെ ആ കുളിപ്പുരയിൽ കുളിപ്പാൻ കല്പനയില്ല.

രാജാ— ഉയൎന്ന കുലത്തിൽ ജനിച്ച സ്ത്രീകൾക്കല്ലാതെ ഇത്ര സൌന്ദൎയ്യമുണ്ടാവാൻ കാരണമില്ല. ഏതാ— ഇപ്പോൾ നോക്കു.

മുങ്ങിപ്പൊങ്ങിയതിന്നുശേഷമഴകേ-
റിടും നെടുംകുന്തല-
ത്തൊന്നായ് പിമ്പിലെറിഞ്ഞു, വക്ത്രകമലം
പ്രത്യക്ഷമാക്കി ദ്രുതം
തിങ്ങിപ്പൊങ്ങിയ കൊങ്കരണ്ടിന്നിടയിൽ
കൈകൂപ്പി നിന്നിട്ടിതാ
ഭംഗ്യാ കണ്ണുമടച്ചു സൂൎയ്യനെ മുദാ
വന്ദിച്ചിടുന്നു സഖേ! 19

ആശ്ചര്യമല്ല,

ഉത്തൻചമ്പകപുഷ്പകാന്തികവരും
തന്വംഗിതൻ മേനിയും
മത്തേഭോന്നതകുംഭമോടു കിടയാം
പീനസ്തനദ്വന്ദ്വവും
ചിത്തംതന്നിലുദിച്ചഭക്തിയതിനാൽ
കാരുണ്യഭാവങ്ങളും
കത്തിപ്പൂ മദനാഗ്നിയെപ്പരിചിലെൻ
ചിത്തത്തിൽ വല്ലാതഹോ. 20

ഹേ! ചെറുശ്ശേരി! മദ്ധ്യപ്രദേശത്തോളം വെള്ളത്തിൽ മുഴുകിനില്ക്കുന്ന ആ തരുണിയുടെ അംഗസൌഭാഗ്യം നോക്കുക! ഇങ്ങിനെയുള്ള ദൎശനങ്ങൾ കേവലം ഭോഗരതന്മാരായ രാജാക്കന്മാരുടെ ഹൃദയങ്ങളെ രംഗമലിനമാക്കിത്തീൎക്കുന്നവകളാകുന്നു. രാഗം മനുഷ്യന്റെ ഹൃദയത്തിൽ എങ്ങിനെ ഉദിക്കുന്നു എന്നറിയുന്നില്ല.

ഇപ്പോൾ നോക്കുക.

ഏററം സ്നിഗ്ദ്ധത ചേൎന്നിടും സ്തനയുഗം-
തന്നിൽ തെളിഞ്ഞങ്ങിനേ
പററിക്കൊണ്ടു കിടന്നിടും ജലകണം
മിന്നുന്ന മുത്തെന്നപോൽ
ഉററും സ്നിഗ്ദ്ധജനങ്ങളുള്ളവരഹോ!
നിസ്സാരരെന്നാകിലും
ചെററും സംശയമില്ല, ഭൂതലമതിൽ
ശോഭിക്കുമാററായിടും. 21

ചെറുശ്ശേരി - എന്നാൽ അവിടുന്നു ശോഭിക്കുന്നതു് എ

ൻെറ സ്നേഹംനിമിത്തമാണെന്നു വരുന്നു. അയ്യോ! അല്ല! നേരേമറിച്ചുതന്നെ; ഞാൻ ശോഭിക്കുന്നതു് അവിടത്തെ സംസൎഗ്ഗംകൊണ്ടാണു്.

രാജാ—അതു് എങ്ങിനെയെങ്കിലും തീച്ചപ്പെട്ടത്തിക്കൊള്ളൂ. അതാ! ഇപ്പോഠം ആ തരുനിരതാവും, സഖിയും മേൽപ്പൊട്ടയ്ക്കു കേറുകയാൽ നമ്മുടെ കണ്ണിൽനിന്നു മറഞ്ഞുപോയിരിക്കുന്നു. നാം അവരുടെ വരവിനെ പ്രതീക്ഷിച്ചു് ആ ആൽത്തറയുടെ സമീപത്തു നില്ക്കുക.

ചെറുശ്ശേരി—ആൽത്തറയിങ്കൽ ബ്രാഹ്മണർ അശ്വത്ഥപ്രദക്ഷിണം ചെയ്യാൻ വരും. നാം ആ ചന്ദനമരത്തിൻെറ സമീപം ചെന്നുനില്ക്കുക. ആ വഴിക്കാണു് അവർ പോകുക. (ഇങ്ങിനെ രണ്ടുപേരും ചുററിനടക്കുന്നു. ചന്ദനമരത്തിൻെറ തറയിൽ എത്തിയതായി നടിച്ചു് ഇരിക്കുന്നു.)

ചെറുശ്ശേരി—നാം എത്രനേരം ഇവിടെ നില്ക്കണം? നേരം വളരെ ആയല്ലൊ?

രാജാ—നാം കണ്ടതു് ആരാണെന്നു് അറിയുന്നതിനുമുമ്പായി പോകുന്നതെങ്ങിനെ? അല്പസമയംകൂടി ഇവിടെയുള്ള കാഴ്ചകഠം കണ്ടാനന്ദിക്കുക.

ചെറുശ്ശേരി—അതാ സ്ത്രീകഠം വരുന്നു. ഒന്നു് ഒരു തമ്പുരാട്ടിയാണു്. സംശയമില്ല. മറേറതു ദാസിയുമാണു്.

(രാജാ അത്യാഗ്രഹത്തോടെ നോക്കുന്നു.)

രാജാ—തമ്പുരാട്ടിയാണെന്നു ചെറുശ്ശേരിക്കു് എന്താ നിശ്ചയം? വല്ല ലക്ഷണവുമുണ്ടൊ?

ചെറുശ്ശേരി— കഴുത്തിൽ വെളുത്ത ചരടിൽ വട്ടത്താലി കൾ കോൎത്തുകെട്ടിയിരിക്കകൊണ്ടും, കാതിൽ തോടയ്ക്കു പകരം കാതിലയിട്ടിരിക്കകൊണ്ടും, കസവു മേൽമുണ്ടിനെ മാറത്തു കെട്ടിയുടുത്തു സ്തനങ്ങളെ മറച്ചിരിക്കുന്നതുകൊണ്ടും അതു തമ്പുരാട്ടിയാണെന്നു നിശ്ചയിച്ചു. അൎദ്ധനഗ്നയായി പിന്നാലെ വരുന്നവൾ ദാസിതന്നെ.

രാജാ— നമ്പൂതിരിമാരെപ്പോലെ ഈ വക ചടങ്ങുകൾ അത്ര ആൎക്കും അറിയുന്നതല്ല. അതാ അവർ ഇങ്ങോട്ടുതന്നെ വരുന്നു. (പറഞ്ഞപ്രകാരം തമ്പുരാട്ടിയും, ദാസിയും പ്രവേശിക്കുന്നു.)

തമ്പുരാട്ടി— (രാജാവിനെയും നമ്പൂതിരിയേയും കണ്ടതായി നടിച്ചു്.) കുഞ്ഞി! ആരാ രണ്ടാൾ നാം പോകുന്ന വഴിക്കൽ നില്ക്കുന്നതു്? (രണ്ടാളെയും സൂക്ഷിച്ചുനോക്കുന്നു.)

കുഞ്ഞി— രണ്ടു നമ്പൂരാരാ തോന്നുന്നു. അടിയനു നല്ല നിച്ചില്ല. നമ്പൂരാരല്ലാതെ തിരുമേനിയെ കണ്ടാൽ അങ്ങിനെ നിക്കില്ല.

തമ്പുരാട്ടി— (ആത്മഗതം) ഇടത്തുവശത്തു് ഇരിക്കുന്ന ആൾ (ദേഹം) വളരെ സൌന്ദൎയ്യമുള്ള ഒരു പുരുഷനായിരിക്കുന്നു. ഇദ്ദേഹത്തെ കണ്ടമാത്രയിൽ എന്റെ മനസ്സു വല്ലാതെ ഇളകിയിരിക്കുന്നു. അല്ല! ശരീരത്തിന്നു് എന്താ സ്വാസ്ഥതയില്ലാതെ തോന്നുന്നതു്? (പ്രകാശം) കുഞ്ഞി! നനമുണ്ടു് ഇങ്ങൊട്ടു കൊണ്ടുവാ; എന്റെ കണ്ണൊന്നു തുടയ്ക്കട്ടെ. (നനഞ്ഞ മുണ്ടു വാങ്ങി കണ്ണു തുടയ്ക്കുന്നു.)

കുഞ്ഞി—അവിടെയ്ക്കു് ഇന്നു നീരാട്ടുകളി പററീലെന്നുണ്ടോ? എന്തോ ചൊവ്വല്ലായ്കയുണ്ടു്.

രാജാ—ചെറുശ്ശേരി! ഈ ത്രൈലോക്യസുന്ദരി എന്റെ ഹൃദയത്തെ രാഗമലിനമാക്കിത്തീക്കുന്നു.

തന്വംഗീമണി മന്ദമായണുപദം
വെച്ചിങ്ങടുക്കും വിധൌ
പൊന്നിൻനൂപുരനാദമെന്റെ ചെവിയിൽ
തട്ടുന്നു പെട്ടന്നഹോ!
ഇന്നാ മന്മഥനായ മാന്ത്രികശരൻ,
ക്ഷുദ്രാഭിചാരത്തിനാ-
ലെന്നെക്കൊൽവതിനായ് ജപിച്ചതുവിട്ടും
ദുർമ്മന്ത്രതുല്യം സഖേ! 22

ചെറുശ്ശേരി—(ആത്മഗതം) ഓ! ഹോ! ചങ്ങാതിക്കു കമ്പം കൂടുങ്ങി (പ്രകാശം) തമ്പുരാട്ടിയും കാമപരവശയാണെന്നു തോന്നുന്നു.

രാജാ—ഞാനും ചെറുശ്ശേരിയുടെ അഭിപ്രായത്തോടുകൂടി യോജിക്കുന്നു.

ഇടയിടെ വദനത്തെപ്പൊക്കി വീക്ഷിച്ചുകൊണ്ടു-
ങ്ങുടനുടനെ വിടുന്നു ദീർഘനിശ്വാസമേററം (ഷ്ണം
ചൊടുചൊടെ നയനത്തിൽനിന്നു വീഴുന്നു ബാ
തടയതു വചനത്തിന്നേററമാം ലജ്ജകൊണ്ടും. 23

(അണിയറയിൽ)

വമ്പൻ വളന്ന ഗജമായ തിരുനാവായ-
ക്കൊമ്പൻ മദിച്ചു കുലശേഖരനങ്ങിടഞ്ഞു

വമ്പിച്ച വീടുകൾ തകൎത്തതിവേഗമോടു
മുമ്പോട്ടു പാഞ്ഞു വരവുണ്ടു വിലങ്ങിനില്ലിൻ! 24

(എല്ലാവരും സംഭ്രമത്തോടെ ചുററും നോക്കുന്നു.)

(അണിയറയിൽ പിന്നേയും) അതാ കുലശേഖരൻ ഉദ്യാനത്തിൽ കടന്നു.

രാജാ—(നോക്കീട്ടു) ചെറുശ്ശേരി! കുലശേഖരനെ നോക്കു.

തുമ്പിക്കയ്യുമടക്കി ദന്തയുഗളം
പൊന്തിച്ചു വാലും വള-
ച്ചമ്പിൽത്താൻ ചെവി വട്ടമിട്ടു ലഘുപാ-
യോടുന്നു കൊമ്പൻ ദ്രുതം
വമ്പിച്ചീടിന വൃക്ഷിതങ്ങളിടയിൽ
ചെമ്മങ്ങു പോകുന്നിവൻ
വമ്പൻ കുന്നലകോനെൻറ വീൎയ്യമദ്ധ്യനാ
മൂൎത്തീകരിച്ചുള്ളതോ? 25

(തമ്പുരാട്ടിയും ദാസിയും സംഭ്രമത്തോടെ ചുററി നടക്കുന്നു; തമ്പുരാട്ടി ബോധക്ഷയത്തെ നടിക്കുന്നു; വീഴുവാൻ ഭാവിക്കുന്നു.)

കുഞ്ഞി—(ദീനസ്വരത്തിൽ) അയ്യോ! തിരുമേനികളേ! തമ്പ്രാട്ടിയെ രക്ഷിക്കണേ, രക്ഷിക്കണേ!

(രാജാവു തമ്പുരാട്ടിയെ താങ്ങിപ്പിടിച്ചു ചെറുശ്ശേരിയുടെ സഹായത്തോടെ ചന്ദനത്തറയിൽ കൊണ്ടുപോയി കിടത്തി.)

ചെറുശ്ശേരി—(ദാസിയോടു) നീ പോയി ആ മുണ്ടു നനച്ചു വെള്ളത്തോടെ ഇങ്ങോട്ടു കൊണ്ടുവാ. ആന വ

ടക്കെ കരക്കൽക്കൂടി കിഴക്കോട്ടോടി. ഇനി ഇങ്ങോട്ടു വരില്ല.

(ദാസി പോയി.)

രാജാ — ആനയുടെ ബാധ കഴിഞ്ഞുവല്ലോ. ഇനി മനസ്സമാധാനത്തോടുകൂടി വേണ്ടതു പ്രവൎത്തിക്കാം. ഹാ! ചെറുശ്ശേരി! തമ്പാട്ടിയെ നോക്കു.

നയനയുഗമടച്ചും, ശ്വാസമെല്ലാം നിലച്ചും,
വദനമതു വിളൎത്തും, ദേഹമെല്ലാം തരിച്ചും,
ഹൃദയമതു തുടിച്ചും കാലു രണ്ടും വിറച്ചും
മരുവുമിവളിലോൎത്താൽ ജീവിതം സംശയംതാൻ.

(ദാസി മുണ്ടിൽ വെള്ളം നനച്ച് അതോടുകൂടി പ്രവേശിക്കുന്നു.)

ദാസി — ഇതാ വെള്ളം, അയ്യോ! തമ്പ്രാട്ടി ഇനീം ഉണൎന്നില്ലേ? തിരുമേനികളേ, എൻെറ തമ്പ്രാട്ടിക്ക് എന്താണ്? അടിയൻ കോവിലകത്തേയ്ക്കു വിടകൊള്ളട്ടെ.

ചെറുശ്ശേരി — നില്ക്കു! തമ്പുരാട്ടിയ്ക്ക് എല്ലാം സുഖമാകും. ഒരു മോഹാലസ്യമാണ്. (മുണ്ടു വാങ്ങി മുഖത്തു വെള്ളം തളിക്കുന്നു; ഈ ഉപചാരംകൊണ്ടു മെല്ലെ, തമ്പുരാട്ടി കണ്ണു തുറന്നു നോക്കുന്നു.)

ചെറുശ്ശേരി — (നല്ലവണ്ണം നോക്കീട്ടു ബോധം തെളിഞ്ഞതായി ബോദ്ധ്യം വന്നപോലെ നടിക്കുന്നു.) ഇപ്പോഠം സുഖമായില്ലേ? എണീക്കു; കുഞ്ഞി ഇതാ ഉണ്ട്; ആന പോയി; ഇനി ഭയപ്പെടേണ്ട, മെല്ലെ

എണീക്കു. (തമ്പുരാട്ടി എഴുനീൽക്കുവാൻ ശ്രമിക്കു മ്പോലെ നടിച്ചു രാജാവിനെ കണ്ടപ്പോൾ സൂക്ഷ്മ മായി നോക്കുന്നു.)

ദാസി—അവിടുത്തു വേണ്ടതക്കവരുതന്നെയാണ് ഈ തി രുമേനികൾ. അവരെ തൃക്കൺപാർക്കുന്നു.

രാജാ—ഞാൻ അവിടുത്തെ ദാസനാണെന്നുകൂടി പറ യാം. അവിടെയ്ക്കു് അല്പം സുഖമുണ്ടെങ്കിൽ ഞങ്ങൾ കൃതാത്ഥന്മാരായി. അവിടേയ്ക്കുവേണ്ടി എന്തുപചാര ത്തിന്നും ഒരുക്കമാണ്.

ചെറുശ്ശേരി—അല്ല! തമ്പാട്ടിക്കു് ഒന്നു് എഴുനീററിരിക്കു രുതോ? അത്ര സുഖം തോന്നുന്നില്ലേ? ഒന്നു പരീക്ഷി ച്ചുനോക്കു. എണീക്കു.

രാജാ—(ആത്മഗതം) ഈ തരുണീരത്നം എന്റെ സ മീപത്തിൽ അല്പനേരം കിടക്കുന്നതു് എനിക്കു് ഏ റവും പരമാനന്ദമായിരിക്കെ ഈ ദുഷ്ടൻ അതിന്നു വിഘ്നംചെയ്യുന്നുവല്ലോ? കഷ്ടം! ഈ വിഡ്ഢ്യാന്റെ അസൂയ നോക്കു. (പ്രകാശം) എഴുനീല്ക്കുവാൻ സാ ദ്ധ്യമാകുമെങ്കിൽ ഒന്നു പരീക്ഷിച്ചുനോക്കേണ്ടതാണ്. (തമ്പുരാട്ടി എഴുന്നീററിരിക്കുന്നു. നല്ല സുബോധം വ ന്നതായി നടിക്കുന്നു.)

തമ്പുരാട്ടി—കുഞ്ഞി! എന്റെ മുഖത്തു വല്ല ഭേദഗതി യുമുണ്ടോ? നോക്കു്.

കുഞ്ഞി—തിരുമുകം വളരെ വിളർത്തിരിക്കുന്നു. അല്ലാ തൊന്നും തിരുമേനിക്കില്ല. ഈ തിരുമേനികളുടെ ഗു ണത്താലും, തളിലപ്പന്റെ അനുഗ്രഹംകൊണ്ടും തിരു മേനിക്കു് ഒന്നും പററില.

തമ്പുരാട്ടി—എനിക്കുവേണ്ടി ഈ ഉപചാരങ്ങൾ എല്ലാം ചെയ്ത ഈ മഹാനുഭാവന്മാർ ആരാണെന്നു ഞാൻ അറിയുന്നില്ലല്ലോ.

രാജാ—ഞങ്ങൾ അവിടത്തെ പരിചാരകന്മാരാണെന്നു മാത്രം ഇപ്പോൾ ധരിച്ചാൽ മതി.

ചെറുശ്ശേരി—ഭവതിയുടെ പാദശുശ്രൂഷയ്ക്കു കാംക്ഷിക്കുന്ന ആ പരിചാരകൻ കേരളത്തിലെ ഒരു രാജവംശത്തെ അലങ്കരിക്കുന്ന ഒരു ഭുജപരാക്രമിയാണ്.

(തമ്പുരാട്ടി സംഭ്രമത്തോടെ തിരിഞ്ഞുനോക്കി രാജാവിൽനിന്നും കുറെ അകന്നിരിക്കുന്നു.)

ചെറുശ്ശേരി—ഞാൻ വെറും നമ്പൂരിയാണ്.

തമ്പുരാട്ടി—(ആത്മഗതം) സൗന്ദര്യംകൊണ്ടും, വശ്യവാക്കുകൊണ്ടും എന്റെ മനസ്സിനെ ആകർഷിക്കുന്ന ഈ യുവാവ് ഏതൊരു രാജവംശത്തെയാണ് അലങ്കരിക്കുന്നത്? ഈ നമ്പൂതിരി സ്പഷ്ടമായി ഒന്നുംതന്നെ പറയുന്നില്ലല്ലോ: ഈ വിഷയത്തെ എടുത്തു ചോദിക്കുന്നതെങ്ങിനെ? ഇവരോട് എങ്ങിനെയാണു നന്ദി കാണിക്കേണ്ടത്?

കുഞ്ഞി—എന്താ തിരുമനസ്സുകൊണ്ടു നിരീച്ചുംകൊണ്ടിരിക്കുന്നത്. നേരം കൊറെ ആയില്ലേ? അവിടെക്ക് എഴുന്നള്ളാൻ മേനാവങ്ങാനും കൊണ്ടരാൻ കല്പിച്ചാൽ അടിയൻ വിടകൊള്ളാം. ഇന്ന് അമ്പലത്തു ചെന്നു തൃക്കൺപാക്കാൻ ആവില്ല.

തമ്പുരാട്ടി—(ആത്മഗതം) ഈ ചേട്ടക്കു ബുദ്ധി ലവലേശമില്ല. ആരാ, എന്താ, എന്നു ചോദിച്ചറിയാതെ

വെറുതെ എന്നെ ഉപദ്രവിക്കുന്നുവല്ലോ. (പ്രകാശം) എന്നാൽ പോകാം. (രാജാവിനേയും, ചെറുശ്ശേരിയേയും നോക്കീട്ട്) ഞാൻ എന്താണ് അങ്ങോട്ടുക്കു പ്രത്യുപകാരം ചെയ്യേണ്ടത് എന്നറിയുന്നില്ല.

ചെറുശ്ശേരി—അവിടെക്ക് എല്ലാം സുഖമായാൽ ഞങ്ങൾക്കു പ്രത്യുപകാരമായി. ചുമരുണ്ടെങ്കിൽ അവസരംപോലെ ചിത്രമെഴുതാമല്ലോ?

രാജാ—അവിടെക്കു ഞങ്ങൾ ചെയ്ത ഉപകാരങ്ങളെല്ലാം അവിടുത്തെ ഓൎമ്മയിൽ എപ്പോഴും വെച്ചുകൊണ്ടിരിക്കുന്നതു തന്നെയാണു ഞങ്ങൾക്കു മതിയായ പ്രത്യുപകാരം.

തമ്പുരാട്ടി—(ആത്മഗതം) ഇദ്ദേഹം കൊടുങ്ങല്ലൂർ രാജവംശത്തിൽപ്പെട്ട ഒരു കോവിലായിരിക്കുമോ? ഇദ്ദേഹത്തിന്റെ ഈ മാതിരി സംഭാഷണത്തിന്നു കാരണമെന്ത്? (പ്രകാശം) ഞാൻ അധികം സംസാരിച്ചാൽ അധികം അധികം പരവശയായിത്തീരുന്നതാണ്. ഉപകാരസ്മരണ എനിക്കെപ്പോഴുമുണ്ടാകുന്നതാണ്. എന്റെ മനസ്സിനെ തുറന്നു കാണിച്ചുതരുവാൻ എനിക്കു ശക്തിയില്ലല്ലോ? (കുഞ്ഞിയെ നോക്കീട്ടു) കുഞ്ഞീ! നമുക്കു പോകുക. സമയം അധികമായി. മുണ്ടും എണ്ണക്കിണ്ണങ്ങളും മററും എടുക്കു. (രണ്ടാളുംപോയി, രാജാവിനെ തിരിഞ്ഞു നോക്കി കടാക്ഷിച്ചും മററും പല ശൃംഗാരചേഷ്ടകളും നടിക്കുന്നു.)

രാജാ— (ആത്മഗതം) ഹാ! കഷ്ടം! ആ സുന്ദരാംഗി എന്റെ ഹൃദയത്തെ മുഴുവനും ഹരിച്ചിരിക്കുന്നു. ഞാൻ കേവലം മൃതപ്രായനായിരിക്കുന്നു. (പ്രകാശം).

തീക്ഷ്ണാസ്ത്രമോടു സമമായ കടാക്ഷമേററി-
ന്നുഷ്ണിച്ചിടുന്നു മമ ദേഹമശേഷമിപ്പോൾ
വിഷ്ണോ! ഹരേ! തവസുതൻസുമബാണനെന്നെ
കഷ്ണിപ്പതിന്നിടവരുത്തരുതേ, മഹാത്മൻ! 26

ചെറുശ്ശേരി! തമ്പാട്ടിക്ക് എന്നിൽ കലശലായ രാഗമുണ്ടെന്നു തോന്നുന്നു. എന്തുകൊണ്ടെന്നാൽ:--

വിരിഞ്ഞനേത്രങ്ങളിടക്കിടക്കലായി
തിരിഞ്ഞുനോക്കീട്ടനിമിത്തഹാസവും
കുറഞ്ഞൊരുന്മേഷവുമിന്നിതൊക്കയും
നിറഞ്ഞ രാഗം വെളിവാക്കിടുന്നു മേ. 27

(അണിയറയിൽ) അയ്യോ! നേരം ഉച്ചയായല്ലോ? തമ്പുരാൻ എഴുന്നള്ളിയിരുന്നരുളുന്നതു് എവിടെയാണെന്നു് അറിയുന്നില്ല. പൂന്തോട്ടത്തിൽ ഒന്നന്വേഷിക്കട്ടെ.

ചെറുശ്ശേരി—(കേട്ടതായി നടിച്ച്) കുളിക്കെല്ലാം ഒരുക്കി കോമപ്പൻ തിരഞ്ഞിങ്ങോട്ടെത്തി.

രാജാ—നേരം ഉച്ചയായല്ലോ?

തുംഗാദിത്യനെഴും പ്രചണ്ഡകിരണം
തട്ടിത്തരുക്കൂട്ടമ-
ങ്ങെങ്ങും മങ്ങി, മയങ്ങി, പല്ലവഗണം
വാടിത്തളർന്നൂ പരം

മന്ദം വന്നണയുന്ന ശീതപവന-
ന്താനൊന്നടങ്ങീടിനാ-
നെന്നല്ലാ തപശക്തിയാൽ പുതുമലർ-
ക്കൊന്നൊത്തൊക്കെ വാടുന്നിതാ.

ചെറുശ്ശേരി — എന്നു മാത്രമല്ല.

ഉച്ചപ്പൂജകഴിഞ്ഞു പൃഷ്ഠിണികുലം
ചോറും തലക്കേറ്റിയ-
ങ്ങുച്ചത്തിൽ ചിലരൊച്ചയാട്ടിയുമഹോ
പോകുന്നു വേഗാലിതാ
പട്ടന്മാർ ചിലരുട്ടിലുണ്ടു വെളിയിൽ
പോകുന്നു, നമ്പൂരിമാർ
കൂട്ടത്തോടെ മുറുക്കുവാൻ തണൽതിര-
ഞ്ഞെത്തുന്നു കൂട്ടം ജവാൽ 28

അതിനാൽ ഇനി അധികം താമസിക്കാതെ കുളിച്ച് ഊൺകഴിക്കുകതന്നെ.

രാജാ — എന്നാൽ പോകുക (രണ്ടാളും പോയി).

ഒന്നാമങ്കം കഴിഞ്ഞു.

---

## രണ്ടാമങ്കം.

---

(തമ്പുരാട്ടിയുടെ ദാസി കുഞ്ഞി വ്യസനഭാവത്തോടും ബദ്ധപ്പാടോടുംകൂടി പ്രവേശിക്കുന്നു.)

കുഞ്ഞി — (വിചാരം) ആലത്തൂരു നമ്പി തിരുമനസ്സുകൊണ്ടു് ആത്താനത്തു് എഴുന്നള്ളീട്ടുണ്ടെന്നു വാത്ത്യാൻ നമ്പൂരി തിരുമേനി അരുളിച്ചെയ്തതു ശരിതന്നെയോ

എന്തോ? തമ്പ്രാട്ടിക്ക് ആനയെ കണ്ടു പയപ്പെട്ടമുതൽക്ക പനി ഇനിയും വിട്ടിട്ടില്ല. കിളിമങ്ങലത്തുനമ്പൂരി തിരുമസ്സുകൊണ്ടു പസ്മമിട്ടിട്ടും നിന്നില്ല. വേലൻ വെലിവെച്ചു. അതുകൊണ്ടും മാറീല. ഇത് എന്തു പയപ്പാടാണാവൊ? പേപറയുമ്പോലെ എന്തൊക്കെയോ പറയുന്നു. അന്നു പയപ്പെട്ട സമയത്തു കണ്ട തമ്പുരാന്റെ ഓൎമ്മ ഇനിയും വിട്ടിട്ടില്ല. ആ വിചാരം മനസ്സീന്നു പോയാലേ പനി വിടുള്ളു. ഇനി നമ്പി തിരുമനസ്സിന്ന് എഴുന്നെള്ളി വല്ല മരിന്നൊ കശായൊ കൊടുത്താലേ സുകാകുള്ളു. (മുമ്പോട്ടു സൂക്ഷിച്ചു നോക്കുന്നു.) ഇതാ, ആരോ വരുന്നു. അന്നെത്തെ ആ തിരുമേനിയാണെന്നു തോന്നുന്നു. അവിടത്തോടു ചോദിച്ചാൽ വിവരം അറിയാം. (അനന്തരം ചെറുശ്ശേരി നമ്പൂതിരി പ്രവേശിക്കുന്നു) (നമ്പൂരി കുഞ്ഞിയെ നല്ലവണ്ണം നോക്കീട്ടു)

ചെറുശ്ശേരി—നീ, ആരം, ആ തമ്പാട്ടിയുടെ ദാസി— അന്നു കണ്ട —ആ കുഞ്ഞി— അല്ലേ?

കുഞ്ഞി—(വണക്കത്തോടെ വായപൊത്തി) ഏറാൻ, അടിയൻ ആ കുഞ്ഞി—അന്നെ.

ചെറുശ്ശേരി—നീ! എവിടെക്കാ? നിണക്ക സംബന്ധക്കാരനുണ്ടൊ? ഓന്റെ അവിടെക്കായിരിക്കാം. അല്ലേ?

കുഞ്ഞി—(വായ പൊത്തി ചിരിച്ചുംകൊണ്ട്) ആ ചൊവ്വായി. അമ്മെക്ക പിറാണവേതന, മകൾക്ക വീണവായന. അവിടക്ക് എപ്പഴും നേരമ്പോക്കന്നെ. അ

ടിയൻ തിരക്കപിടിച്ച വിടകൊള്ളാണ്. ഈ കമ്പം കേട്ടു നിക്കാൻ എടയില്ലെ. (പോകാൻ ഭാവിക്കുന്നു.)

ചെറുശ്ശേരി!:-- നിക്ക്; എന്തൊട്ടാ പറ: കേൾക്കട്ടെ.

കുഞ്ഞി—തമ്പ്രാട്ടിക്ക് അന്നുമുതൽ പനിയാണ്. ഇനീയും പനി വിട്ടിട്ടില്ല. പേ പറയുന്നു. അന്നത്തെ ഓർമ്മതന്നെ ആണ് ഇപ്പോഴം. ആ തിരുമേനിടെയും ഇവിടത്തേയും ഓർമ്മ ഇനിയും വിട്ടിട്ടില്ല. പലേ മന്ത്രവാദവും ചെയ്തു. ഇനിയും പയപ്പാട വിട്ടിട്ടില്ല. അത്താനത്ത് ആലത്തൂർ നമ്പി തിരുമനസ്സീന്ന് എഴുന്നള്ളിട്ടുണ്ടെന്നു കേട്ട്. കൂട്ടികൊണ്ടുപോരാൻകല്പിച്ചു. അതിനാണ് അടയിൻ വിടകൊള്ളുന്നത്. അടിയനെ വേകത്തിൽ വിട്ടയയ്ക്കണം.

ചെറുശ്ശേരി—ക്ഷ: അങ്ങിനെ ആണൊ? ഞാനറിഞ്ഞില്ല. തമ്പുരാട്ടി എപ്പോഴം കിടപ്പിലാണൊ? എണ്ണിക്കാറില്ലെ?

കുഞ്ഞി—എപ്പോഴം കിടക്കാറില്ല; ഒരു തഞ്ചാരംപോലെ; കൊറച്ച കിടക്കം; കൊറച്ച നടക്കം; കൊറച്ചിരിക്കം; കൊറച്ചിരുന്നാൽ അപ്പൊത്തന്നെ എണ്ണീക്കം; പിറുപിറെ പറയും. കലശലായ പയപ്പാടാണെന്ന് അടിയൻ പഴമനസ്സിൽ നിരീക്കുന്നു.

ചെറുശ്ശേരി—അതിനെന്താ കാരണം?

കുഞ്ഞി—അന്ന് ആനയെ കണ്ടതും, അന്നു കഴിഞ്ഞതും ആണ് എപ്പോഴം പറയുന്നത്. ആ ഓർമ്മ അല്ലാതെ മററൊന്നും ഇല്ല.

ചെറുശ്ശേരി—ഭയപ്പാടാണെങ്കിൽ ആലത്തൂര് നമ്പിക്കു മാററുവാൻ കഴിയുമോ?

കുഞ്ഞി—പയപ്പാട മാത്രമല്ല പനിയും ഇല്ലെ? പിന്നെ ഈ തഞ്ചാരം—ഇതൊക്കെ അവിടെക്കു മാററുവാൻ കഴിയില്ലെ? ഒന്നന്തരമൂർത്തി അവിടത്തെ കയ്യില ല്ലെ? അവിടെക്ക് ഇതൊക്കൊരു കാര്യാണൊ? എന്താ തിരുമനസ്സുകൊണ്ട് ഇങ്ങിനെ അരുളിചെയ്യു ന്നത്?.

ചെറുശ്ശേരി—ആട്ടെ: അതിരിക്കട്ടെ; ആലത്തൂരുന മ്പി മരുന്നു കൊടുക്കട്ടെ. വടക്കുനിന്ന് ഒരു മന്ത്രവാദി വന്നിട്ടുണ്ട്. അയാളെക്കൊണ്ടു ഭയത്തിന്നു വേണ്ടതെ ല്ലാം ചെയ്യിക്കാം. അയാളെ കൂട്ടിക്കൊണ്ടു വരട്ടയൊ എന്നു തമ്പാട്ടിയോട ചോദിച്ചു വിവരം അറിയി ച്ചാൽ ഞാൻ അയാളെ കൂട്ടിവരാം. കേട്ടൊ? എ ന്താ മിണ്ടാതെ നിക്കുന്നത്?

കുഞ്ഞി—അടിയൻ ഇപ്പോൾ നമ്പി തിരുമനസ്സിലെ അടുക്കലെക്കല്ലെ വിടകൊള്ളുന്നത്? പോയി വന്ന തിൽപിന്നെ വിവരം തിരുമനസ്സറിയിക്കാം.

ചെറുശ്ശേ:—എന്നാൽ ഒരു കാര്യം ഉണ്ട്. തമ്പാട്ടിയോ ടല്ലാതെ വേറെ ആരോടും പറയരുത്. സ്വകാര്യമാ യിട്ടേ പറവാൻ പാടുള്ളു. വെളിയിൽ അറിഞ്ഞാൽ പ്രവൃത്തികൾക്കു ഫലം കുറഞ്ഞുപോകും. രാത്രിയാകു ന്നം കാണുവാനുള്ള സമയം. എന്നാൽ അധികം ഗുണമുണ്ട്. തമ്പാട്ടിയുടെ സുഖക്കേട മാറേണമെ ങ്കിൽ ഞാൻ പറഞ്ഞതെല്ലാം കേൾക്കേണമെന്നു

ഞാൻ പറഞ്ഞതായി തമ്പാട്ടിയോടു പ്രത്യേകിച്ചു പറയണം. എന്നാൽ കാൎയ്യമെല്ലാം ഗുണമാക്കിത്തരാം.

കുഞ്ഞി-- ഇവിടുന്നു് അരുളിച്ചെയ്തതെല്ലാം അടിയൻ അവിടെ ഉണൎത്തിക്കാം. തമ്പ്രാട്ടിയുടെ കല്പനപോലെ അടിയൻ ചെയ്യാം. തിരുവുള്ളം എപ്പോഴും ഉണ്ടായിരിക്കണം.

ചെറുശ്ശേരി— ഒളിസേവക്കാരുടെ വലയിൽപ്പെട്ടു കാൎയ്യമെല്ലാം കൊളമാക്കരുതേ. കുഞ്ഞി! വേണ്ടവിധമെല്ലാം പ്രവൎത്തിക്കണം.

കുഞ്ഞി --(ചിരിച്ചുംകൊണ്ടു്) അവിടക്ക് എപ്പോഴും കളിതന്നെ. എല്ലാം തിരുവുള്ളംപോലെ ചെയ്യാം. ഇപ്പോൾ അടിയൻ വിടകൊള്ളട്ടെ.

(പോയി.)

ചെറുശ്ശേ:--(വിചാരം) തമ്പിരാട്ടിക്കു മന്മഥതാപമാണെന്നു തീൎച്ചപ്പെട്ടു. രാജാവും അതേസ്ഥിതിയിൽത്തന്നെ കിടന്നുഴലുന്നു. ഇപ്രകാരമാണെങ്കിൽ ഇവരെ സംഘടിപ്പിക്കാൻ യാതൊരു പണിയും ഇല്ല. പക്ഷേ സാമൂതിരിയുടെ ആഭിജാത്യത്തേയും, വൈരത്തിനുള്ള ബലത്തേയും ആലോചിക്കുമ്പോൾ ഈ വിഷയത്തെ സ്മരിക്കക്കൂടി വയ്യ. ഏതായാലും ഇവരെ അന്യോന്യം കാണിച്ചുകൊടുക്കുന്നതായാൽ രോഗത്തിന്നല്പം സമാധാനം കിട്ടുമായിരിക്കാം. ഒരുസമയം ഇവരുടെ പ്രഥമസമാഗമംകൊണ്ടുതന്നെ പ്രേമമാന്ദ്യവും സംഭവിക്കുന്നതായാൽ അപകടമൊ

ന്നും കൂടാതെ കഴിക്കാം. പിന്നെ കോലത്തനാട്ട് എത്തിയാൽ രാജാവിന്ന് ഈ വിചാരം വിട്ടുപോവാനും മതി. ഏതായാലും അടുത്ത ദിവസംതന്നെ തമ്പുരാട്ടിയായിട്ട് ഒരു കൂടികാഴ്ച കഴിച്ചുകളയാം. രാജാവിനെ വേഷപ്പകൎന്നാക്കി അവിടെ കൊണ്ടുപോകതന്നെ. അതിന്നു സൌകൎയ്യം സന്ധ്യാകാലത്താണു. ബ്രാഹ്മണരെല്ലാം സന്ധ്യാവന്ദനത്തിന്നും, സ്ത്രീകളും മററും അമ്പലത്തിലേക്കും പോയിരിക്കും. രോഗിയായ തമ്പാട്ടിതന്നെയായിരിക്കും. അപ്പോഴാണു സൌകൎയ്യം. (എന്നു പറഞ്ഞു ചുററിനടക്കുന്നു.) (മുമ്പൊട്ടു നോക്കീട്ട് ആരേയൊ കാണുന്നതായി നടിക്കുന്നു) രാജാവ് ഉദ്യാനത്തിൽ ചന്ദനത്തറയിൽതന്നെ ഇരിക്കുന്നു. അങ്ങോട്ടു പോകട്ടെ.

(പോയി)

വിഷ്കംഭം കഴിഞ്ഞു.

(അനന്തരം ഉദ്യാനത്തിൽ ചന്ദനത്തറയിൽ ഇരുന്നും കൊണ്ടു രാജാ പ്രവേശിക്കുന്നു.)

രാജാ--(ആത്മഗതം) സാമൂതിരിയുടെ ആതിത്ഥ്യത്തെ വഹിച്ച് എത്രകാലം ഇവിടെ പാൎക്കും? സ്വരാജ്യത്തു എത്തേണ്ടുന്ന ആലോചന ഒന്നുംതന്നെ യില്ല. രാജ്യകാൎയ്യങ്ങളെ പ്പററി യാതൊരു വിചാരവും എനിക്കില്ലാതായി. സൎവ്വസംഗപരിത്യാഗം ചെയ്ത യതികളെപ്പോലെ ഏകചിന്തയോടുകൂടിയ എന്റെ അവസ്ഥ വളരെ ശോചനീയമായിട്ടുള്ളതാകുന്നു. കഷ്ടം! കഷ്ടം! പക്ഷെ ശ്രീദേവിയുടെ കഥയാലോചിക്കുമ്പോൾ മ

റൊന്നും സാരമില്ലെന്നു പിന്നെയും,പിന്നെയും തോ
ന്നിപ്പോകുന്നു.

താരുണ്യശ്രീ വിളങ്ങും സുമുഖിയുടെയിള-
 ങ്കോമളാകാരമെല്ലാ-
നേരത്തും ചിത്തതാരിൽപ്പരിചൊടുകുടികൊ-
 ള്ളുമ്പൊഴെന്തന്യചിന്താ?
നേരായേകാഗ്രചിത്തത്തൊടു പരമപുമാൻ
 തന്നെ ഞാനിപ്രകാരം
സൈ്വരം നിത്യം ഭജിച്ചാൽ ജനനമരണവും
 തീൎത്തവൻ മുക്തിയേകും.

ഈ ലോകത്തിൽ സകല ദുഃഖത്തിന്നും കാരണമാ
യ സ്ത്രീരൂപത്തെ ഹൃദയത്തിൽ നിക്ഷേപിച്ച സമയം
കഴിക്കുന്ന എന്റെ അവസ്ഥ വളരെ ദയനീയമായിട്ടു
ള്ളതുതന്നെ; സംശയമില്ല. എന്റെ ആഗ്രഹത്തിന്നു വ
ല്ല ഫലവുമുണ്ടാകുമൊ? പുരുഷന്മാർ എത്ര തന്നെ രണ
ശ്ശൂരന്മാരായിരുന്നാലും അവൎക്കു സ്ത്രീകളെ ജയിപ്പാൻ
ശക്തിയില്ല. (മുമ്പോട്ടു നോക്കീട്ട്) ആരോ വരുന്നുണ്ടു.
(സൂക്ഷിച്ചു നോക്കീട്ട്)വരുന്നതു ചെറുശ്ശേരിയാണ്. ഇ
യാൾ ഒരു വിടനാണ് കാൎയ്യത്തിന്റെ ഗൌരവത്തെപ്പ
റ്റി ഒന്നും ആലോചിക്കാതെ എവിടെയോ പോയി ഇ
ളിച്ചും കൊണ്ടു നിന്ന് ഇപ്പോൾ ഇങ്ങോട്ടുക്കു വരികയാ
ണ്. കഷ്ടം!

(അനന്തരം ചെറുശ്ശേരി നമ്പൂതിരി പ്രവേശിക്കുന്നു.)

രാജാ—അല്ല! ചെറുശ്ശേരി എവിടെ ആയിരുന്നു? ആ
ങ്ങയെപ്പോലെ ഇത്ര അലസനായിട്ടു ഒരു പുരുഷനി

ല്ല. എൻെറ മനോരഥത്തിന്നു പ്രവേശിപ്പാൻ വല്ല മാൎഗ്ഗവും കണ്ടിട്ടുണ്ടോ?

ചെറുശ്ശേരി— അലസനാണെങ്കിൽ അതിന്നു സാദ്ധ്യമല്ലല്ലൊ. അവിടുന്നു വെയിലിൻെറ ചൂടു കുറയുന്നതിന്നു മുമ്പായി ഉദ്യാനത്തിലേക്കു വന്നതു് എന്തു?

രാജാ— സൂൎയ്യൻെറ ചൂടു ശമിച്ചിട്ടു കാൎയ്യമില്ലല്ലൊ? ഉള്ളിലുള്ള ചൂടു മുഴുവനും തീരാതെ എനിക്കുള്ള താപം തീരുമോ? പിന്നെ സൂൎയ്യരശ്മികൾ കാഠിന്യമുള്ളപ്പോൾ വൃക്ഷങ്ങളുടെ തണലിലല്ലെ സുഖം? എല്ലാംകൊണ്ടും ഈ ഉദ്യാനത്തിൽ വന്നപ്പോൾ എനിക്കു കുറെ സുഖമുണ്ടു്.

അംഭോരാശിയിലേറിടും തിരയണ-
ഞ്ഞമ്പോടടിക്കുമ്പൊഴ-
ങ്ങംഭോബിന്ദു കലൎന്നു ശീതളമതായ്
തീൎന്നുള്ള മന്ദാനിലൻ
സംഭേദാദിഹ വീശിടുന്നതു സുഖം
തെല്ലേകുമെന്നാകിലും
രംഭോരുപ്രിയതൻെറ ചിന്തയിടയിൽ-
സ്സന്താപമേകുന്നു,മേ. 2

ചെറുശ്ശേരി— വസന്തകാലവും, ഉദ്യാനവും, മന്ദമാരുതനും മററും അവിടുത്തെ രോഗത്തിന്നു വളരെ അപത്ഥ്യമായിട്ടുള്ളതല്ലേ? അതിനെയാണു ഞാൻ ധരിച്ചിട്ടുള്ളതു്. ഇതുകൊണ്ടെല്ലാം രോഗം വൎദ്ധിക്കുകയേ ഉള്ളൂ.

രാജാ— അപത്ഥ്യങ്ങളെ വൎജ്ജിച്ചതുകൊണ്ടുമാത്രം

രോഗം മാറുന്നതാണോ? അതിന്നു വെച്ചിട്ടുള്ള പ്രത്യൌഷധങ്ങളെക്കൊണ്ടല്ലാതെ രോഗം തീരെ ഭേദപ്പെട്ടുമോ?

ചെറുശ്ശേരി — (ആത്മഗതം) സ്വയംകൃതാനൎത്ഥമെന്നേ പറയേണ്ടു. ഈ കമ്പത്തിന്നാരാണാൾ? എത്രയും ശൂരപരാക്രമിയായ ഈ മഹാപുരുഷൻ ഇങ്ങിനെ നിൎല്ലജ്ജനായി ഭവിച്ചുവല്ലോ? കഷ്ടം! (പ്രകാശം) അവിടത്തെ രോഗം വൈദ്യശാസ്ത്രത്തിൽ കാണാത്ത ഒരു രോഗമാണ്. ഔഷധങ്ങളെ വിധിക്കേണമെങ്കിൽ അല്പം പണിയുണ്ട്.

രാജാ — ചെറുശ്ശേരിക്ക് എന്റെ വേദനയിൽ വിനോദമാണ്. എന്റെ ദീനമിന്നതെന്നും, അതിന്നുള്ള ഔഷധമിന്നതെന്നും ധരിച്ചിട്ടുകൂടി കുതൎക്കം പറയുന്നതു കഷ്ടമല്ലേ?

ദുൎമ്മദൻ മന്മഥൻ പിന്നെ പ്രമദാ മധുമാസവും
ഭൂമൌ ദോഷത്രയസമം കാമികൾക്കേററവും സഖേ! 8

ഈ രോഗശാന്തിക്കുള്ള പ്രത്യൌഷധങ്ങളെപ്പറയാം.

പ്രാണപ്രേയസിതന്റെ ഗണ്ഡഫലകം
ചുംബിച്ചു സൎവ്വാംഗമാ-
ക്കേണം നൽപുളകാഭിഷേചനമതിൽ
പിന്നെക്കുചോന്നദ്ധ്രനാൽ
വെണം കുങ്കുമലേപനം സുഖമതിൽ കി-
ട്ടാഞ്ഞിലൊ തന്വിതൻ
വേണീബന്ധമതിൽപ്പിടിച്ചധരപീ-
യൂഷാംബു സേവിക്കണം.

ഇങ്ങിനെയുള്ള ചികിത്സകളെക്കൊണ്ടു നമുക്കു വളരെ സുഖം കിട്ടുന്നതാണെന്നു തോന്നുന്നു. എന്താ ചെറുശ്ശേരി! ഒന്നും മിണ്ടാതെയിരിക്കുന്നതു്?

ചെറുശ്ശേരി—(ആത്മഗതം) 'കാമാതുരാണാം ന ഭയം ന ലജ്ജാ'എന്ന പ്രമാണം വളരെ ശരിയാണു്. (പ്രകാശം) അവിടത്തെ രോഗത്തിന്നു് ഉടനെ ചികിത്സിക്കണം. അല്ലെങ്കിൽ രോഗം ഇതിലും വൈഷമ്യമായിത്തീരുന്നതാണു്.

രാജാ—ആകട്ടെ, ചെറുശ്ശേരി! ഈ കാൎയ്യത്തിൽ ചെറുശ്ശേരി ഒന്നു കൊണ്ടുപിടിക്കുമൊ എന്നറിയുന്നില്ല. ചെറുശ്ശേരിയുടെ ശ്രമം ഈ കാൎയ്യത്തിൽ എത്രത്തോളം ഇപ്പോൾ ഉണ്ടായിട്ടുണ്ടെന്നു പറയുന്നതുമില്ല. ചെറുശ്ശേരിയുടെ ഉപായങ്ങളെല്ലാം എവിടെ പോയി?

ചെറുശ്ശേരി—അവിടത്തെ സേവകൻ അവിടത്തെ കാൎയ്യങ്ങൾക്കു മതിയായിട്ടുള്ളവനാണെന്നു് അവിടുന്നു ധരിച്ചുകഴിഞ്ഞാൽ കാൎയ്യസാദ്ധ്യത്തെപ്പററി ഇത്ര ആലോചനയുണ്ടാവാനവകാശമില്ല.

രാജാ—ചെറുശ്ശേരിയോ? ഈ കാൎയ്യത്തിന്നു ധാരാളം മതി. ശ്രമിക്കാതിരിക്കുമെന്നും എനിക്കു വിചാരമില്ല. പക്ഷെ ഉപായങ്ങൾ എന്തെല്ലാമാണെന്നു പറയുന്നില്ലല്ലൊ എന്നു മാത്രമേ എനിക്കു വിചാരമുള്ളു.

ചെറു--ഇവിടുത്തെ, ഞാൻ തമ്പാട്ടിയുടെ മുമ്പാകെ കൊണ്ടുചെല്ലാം. ഇവിടത്തെ ആഗ്രഹനിവൃത്തിയെ പിന്നെ ഇവിടുന്നുതന്നെ വരുത്തുന്നതാണല്ലൊ? ഇ

വിടത്തെ രോഗത്തിന്നുള്ള മരുന്ന് ഇങ്ങോട്ടും അവിടത്തെ രോഗത്തിന്നുള്ള മരുന്ന് അങ്ങോട്ടും കൊടുത്തു സന്തുഷ്ടന്മാരായി തീരണം.

രാജാ--ചെറുശ്ശേരി എന്താ പറയുന്നത്? എനിക്കങ്ങോട്ടുള്ളപോലെതന്നെ തമ്പാട്ടിക്ക് ഇങ്ങോട്ടും അനുരാഗം ഉണ്ടെന്നോ? പറയൂ; പറയൂ; കേൾക്കട്ടെ. എന്റെ പ്രിയതമയുടെ സ്ഥിതി എന്താണെന്നു കേൾക്കുവാൻ ഞാൻ വളരെ ആഗ്രഹമുള്ളവനായിരിക്കുന്നു. പറയൂ; പറയൂ.

ചെറു--(ആത്മഗതം)ഒ! അബദ്ധമായോ? വാക്കു പിഴച്ചുപോയി. ഇനി വിവരം പറഞ്ഞാലൊ, പറയാഞ്ഞാലോ അവിടക്ക് ഉന്മാദം വൎദ്ധിക്കുക എന്നു വിവരമില്ല. തമ്പാട്ടിക്ക് അല്പം സുഖമില്ലെന്ന് ആ ദാസി പറഞ്ഞു. സ്വഭാവം മുഴുവനും ചോദിച്ചറിഞ്ഞപ്പോൾ ഇവിടേയും, അവിടേയും ഒരേ രോഗമാണെന്നു ഞാൻ മനസ്സിലാക്കി.

രാജ--(ആത്മഗതം)ഒരു സംശയം എന്റെ ഉള്ളിലുണ്ടായിരുന്നു. അതിപ്പോൾ തീരെ തീൎന്നു എന്നുതന്നെ പറയാം.

'സതാം ഹി സന്ദേഹപദേഷു വസ്തുഷു'
'പ്രമാണമന്തഃകരണപ്രവൃത്തയഃ'

എന്ന പ്രമാണം ശരിയാണ്. (പ്രകാശം) ചെറുശ്ശേരിക്ക് അദ്ധ്വാനം കുറഞ്ഞു.

രൊന്നാണു രണ്ടുപുറവും പരിചോടു ചേൎത്ത-
ങ്ങൊന്നാസ്സിളക്കുവതിനെന്തൊരു ദണ്ഡമിപ്പോൾ?
കണ്ണിച്ചരാഗമിയലും തരുണീനരന്മാ-
രൊന്നിച്ചു ചേരുവതിനാക്കിലൊരാളുവേണം. 5

ചെറു—കഥയൊക്കെ മറന്നു. അവിടുന്നു കോലത്തിരിവംശമാണ്. മറുഭാഗം സാമൂതിരിവംശമാണ്. മരുമക്കത്തായമാണ്. അതുകൊണ്ട് അവിടുത്തെ അനുരാഗം യഥാസ്ഥാനത്താണൊ ചെന്നിരിക്കുന്നതു് എന്നു ഞാൻ സംശയിക്കുന്നു.

രാജാ—അങ്ങു പറഞ്ഞ സംഗതികളെല്ലാം എനിക്കോൎമ്മയുണ്ടു്. അവിടുന്നത്തോളം ഞാൻ ആലോചിക്കുന്നുണ്ടു്. അതുകൊണ്ടുള്ള വൈഷമ്യം ഞാനറിയും. എന്റെ ഹൃദയം അത്ര നീചസ്ഥിതിയിലുള്ളതല്ല.

ചെറു—(ആത്മഗതം) എന്റെ അഭിപ്രായം ഇദ്ദേഹം ധരിച്ചിട്ടുണ്ടെന്നു തോന്നുന്നു. എന്റെ വിചാരംപോലെ ഈ കഥയെ അവസാനിപ്പിക്കാം എന്നാണു തോന്നുന്നതു്. ബ്രാഹ്മണകുലമല്ലാത്തതുകൊണ്ടു മററുള്ള ദോഷങ്ങളെപ്പററി ചിന്തിക്കേണ്ട കാൎയ്യം ഇല്ല. ഒരു ദിവസംകൊണ്ടുതന്നെ അവസാനിപ്പിക്കണം. (പ്രകാശം) അവിടുന്നു് ഇതിനെ വൎദ്ധിപ്പിക്കാതെ കഴിച്ചുകൂട്ടുന്ന പക്ഷം ഇതിൽ യാതൊരു വൈഷമ്യവും ഉണ്ടാകുന്നതല്ല.

രാജാ—ചെറുശ്ശേരി വൈഷമ്യത്തെപ്പററി എന്നോടധികം പറയേണമെന്നില്ല. ആലോചനാശക്തി എ

നിക്ക് കട്ടം ഇല്ല എന്നോ? പ്രിയയായിട്ടുള്ള സമാഗമം കഴിഞ്ഞാൽ ഞാൻ ബലവാനായി. അതുവരെ ഞാൻ അശക്തനാണ്. അതുകൊണ്ടു ചെറുശ്ശേരി ആ കാൎയ്യത്തിന്നു വേഗത്തിൽ ശ്രമിക്കുക.

(അണിയറയിൽ)

നേരം സന്ധ്യാസമയമായി. സന്ധ്യാവന്ദനത്തിന്നു പോകുക. കൂട്ടരെ വിളിക്ക.

ചെറു—(കേട്ടതായി നടിച്ച്) നേരം സന്ധ്യാവന്ദനത്തിന്നു പോകാറായി.

രാജാ—ബദ്ധപ്പെടാറായൊ? (നല്ലവണ്ണം നോക്കീട്ടു) ചെറുശ്ശേരി ഈ സമയത്തു പ്രകൃതിയുടെ ഭാവം നോക്ക.

താപംകൊണ്ടു തളൎന്നോരാശകൾ
മഹാരാഗം കലൎന്നഞ്ജസാ
പാപംപോലണയും തമസ്സിലധുനാ-
മുങ്ങീടുമാറായഹൊ!
രൂപംചെറുതെളിഞ്ഞിടാത്തവിധമ-
ത്താരോദയം കാണുവാൻ
ശാപംപോലമരും പ്രദോഷമകലെ-
പ്പോകാതെയാകില്ലഹോ! 6

ചെറുശ്ശേരി—എന്നു മാത്രമല്ല;

തിണ്ണുണ്ടപോൽത്തപനനബ്ധിയിൽ മുങ്ങി വെണ്ണ-
നെയ്യുണ്ടപോലെ ശശി മെല്ലെയുദിച്ചിടുന്നു

പെയ്യുന്ന മോദമൊടു വിപ്രകുലം കുളിച്ചു
ചെയ്യുന്നു സന്ധ്യയതിൽ വേണ്ടോരു കർമ്മമെല്ലാം. 7

എന്നാൽ ഇനി നാം പോകുക.

(രണ്ടാളും പോയി)

രണ്ടാമങ്കം കഴിഞ്ഞു.

## മൂന്നാമങ്കം.

(അനന്തരം നമ്പൂരിവേഷം ധരിച്ച രാജാ പ്രവേശിക്കുന്നു) (അന്തഃപുരത്തിന്റെ പുറമററം രംഗം.)

രാജാ—ബാലചന്ദ്രനസ്തമിച്ചതിന്റെ ശേഷം അന്തഃപുരത്തിലേക്കു പോകാമെന്നാണു ചെറുശ്ശേരി പറഞ്ഞിരിക്കുന്നതു്. ആ സമയംവരെ ഇവിടെ നില്ക്കുന്നതെങ്ങിനെയെന്നു ഞാൻ അറിയുന്നില്ല. ചന്ദ്രൻ അസ്തമിക്കുന്നതിന്നു കാലതാമസം വരുത്തുന്നതുപോലെ തോന്നുന്നു. ഈ അവസ്ഥയിൽ ഈ ചന്ദ്രിക എനിക്കു് ഏററവും ദുസ്സഹമായിരിക്കുന്നു.

കാമാതുരന്റെ കളി കണ്ടു നിശാന്ധകാരം
സോമപ്രകാശകപടേന ചിരിച്ചിടുന്നു
ഈ മാനിയായ നൃപനിന്നിതു കണ്ടുകൊണ്ടു
കാമാജ്ഞയാലിവിടെ നില്പതു കഷ്ടമല്ലേ? 1

ഹാ! കഷ്ടം! അല്ലേ! കാമുക! ഈ ലോകത്തിൽ നിന്റെ അവസ്ഥ ഏററവും ദയനീയമായിട്ടുള്ളതാകുന്നു. നിനക്കഭിമാനമില്ല; ലജ്ജയില്ല; ഭയമില്ല. മന്മഥാവേ

ശം വന്നാൽ ശൌൎയ്യപരാക്രമങ്ങൾ എല്ലാം പോയി നീ പൌരുഷമില്ലാത്തവനായി തീരുന്നില്ലെ? ഹാ! കഷ്ടം! കഷ്ടം! ഇപ്പോൾ എന്റെ അവസ്ഥയെ നോക്കുക!

നാമീയിരുട്ടിലൊരു തസ്കരചിത്തനായി-
ഗ്ഗോമായുവെന്നതു കണക്കെ നടന്നിടുന്നു
വാമാക്ഷിതന്റെ മുഖമമ്പൊടു കാൺകമൂലം
കാമപ്പിശാചു പിടിപെട്ടൊരു കോമരം ഞാൻ. 2

ആകട്ടെ: ഇഹലോകത്തിൽ സുഖം എന്നതു തരുണീതരുണന്മാരുടെ സമ്മേളനമാണെന്നു കവികൾ ഉല്ഘോഷിക്കുന്നുണ്ടു്. ആ അഭിപ്രായങ്ങളെല്ലാം എത്രത്തോളം പരമാൎത്ഥമാണെന്നു വ്യക്തമാകുവാൻ എന്നാൽ സാദ്ധ്യമല്ലെങ്കിലും എന്റെ ഹൃദയത്തെ കവൎന്ന ഈ പ്രേയസിയുടെ സമാഗമംകൊണ്ടു് എനിക്കു വലുതായ ഒരു സുഖം ലഭിക്കുമെന്നു തോന്നുന്നുണ്ടു്. ഇതു് എനിക്കെപ്പോഴാണു സാദ്ധ്യമാകുക എന്നറിയുന്നില്ല. പ്രിയയുടെ വിരഹം ദുസ്സഹമായിട്ടുള്ളതുതന്നെ.

തരളലോചനതൻ മുഖപങ്കജ-
സ്മരണ വിട്ടൊരു നേരവുമില്ലഹോ!
വിരഹവേദനയായ വിപത്തിനാൽ
പരമദുഃഖപദത്തിലണഞ്ഞു ഞാൻ. 3

അതിസുന്ദരിയായ തമ്പാട്ടിയുടെ പ്രഥമദൎശനത്തിൽതന്നെ അനുരാഗത്തിനു് ഇത്ര ശക്തിയുണ്ടായല്ലോ? എന്തിനധികം പറയുന്നു.

മന്ദം സുന്ദരിയാളപാംഗവിശിഖം-
ക്കൊണ്ടെന്റെ ചിത്തം പിള-
ൎന്നാച്ചില്ലിധനുസ്സുകൊണ്ടുടനടിച്ചീടുന്ന-
നേരത്തഹോ!
വന്നില്ലാ മദമുള്ളൊരാനയവിടെയ്ക്കെ-
ന്നെങ്കിലത്തന്വിയാ-
ളെന്നെപ്പഞ്ചശരാഗ്നിയിൽദ്ദഹനവും
ചെയ്തീടുമെന്നോൎത്തു ഞാൻ. 4

പ്രിയയുടെ രൂപത്തെ മനസ്സിൽ ഓൎക്കുന്തോറും പ്രത്യക്ഷത്തിൽ കാണുവാനുള്ള ആഗ്രഹം വൎദ്ധിച്ചുവരുന്നു. ദേഹകാന്തിയേയും, വിലാസചേഷ്ടകളേയും ചിന്തിക്കുമ്പോൾ എന്റെ പ്രേയസി മനുഷ്യസ്ത്രീ അല്ലെന്നുകൂടി തോന്നിപ്പോകുന്നു. ഹേ! സൌഭ്യവതി! പ്രിയേ! നവയൌവനത്തോടുകൂടിയ ഭവതിയുടെ രൂപം എത്ര മനോഹരം! ഭവതിയുടെ രൂപമാധുൎയ്യത്തെ ഞാൻ എങ്ങിനെ വൎണ്ണിക്കട്ടെ?

വിലാസമാകും കലതന്റെ ജന്മമോ?
നിലാവുതാൻ രൂപമെടുത്തു വന്നതോ?
കലാധിനാഥന്റെ സഹോദരിക്കഹോ
വിലാസിനി! നീ! തുണയായ്പിറന്നതോ? 5

(ചുറ്റിനടക്കുന്നു) ഇങ്ങിനെ ഓരോ മനോരാജ്യത്തോടുകൂടി ഇവിടെ നിന്നാൽ അന്തഃപുരം കാക്കുന്നവരോ മറ്റോ പെട്ടെന്നു കണ്ടു എന്നു വരും. അതിനാൽ അല്പനേരം ഒരു സ്ഥലത്തു സ്വസ്ഥമായിരിക്കട്ടെ. (ചു

റി നടന്നു നോക്കീട്ട്) അതാ ആ ചമ്പകവും അശോകവുംകൂടി നില്ക്കുന്ന സ്ഥലത്തു ചെന്നാൽ മറഞ്ഞുനില്ക്കുവാൻ കഴിയുന്നതാണ്. അപ്രകാരം ചെയ്യാം. (പറഞ്ഞതുപോലെ ചെയ്യുന്നു.)

(അണിയറയിൽ.)

"ചെറിയ തമ്പുരാട്ടിയുടെ സുഖക്കേടു ഭേദമാകുവാൻവേണ്ടി വലിയ തമ്പുരാട്ടി ഭഗവതിസ്സേവ കഴിക്കുന്നുണ്ട്. സാധിക്കുമെങ്കിൽ ചെറിയ തമ്പുരാട്ടി അമ്പലത്തിലേക്ക് എഴുന്നള്ളണമെന്നു കല്പിക്കുന്നു." (രാജാ കേൾക്കുന്നതായി നടിക്കുന്നു.)

രാജാ—'ഹതവിധി'കാര്യമൊക്കെയും അവതാളമായല്ലോ. ഒരു സമയം തമ്പാട്ടി ഇപ്പോൾ അസ്വാസ്ഥ്യം നടിച്ചു പോകാതിരിപ്പാനാണു കാരണം കാണുന്നതു്.

(അണിയറയിൽ പിന്നെയും.)

കുഞ്ഞി! രണ്ടു ചങ്ങലവെട്ട കത്തിച്ചുവെക്ക്. ചെറിയ തമ്പിരാട്ടി അമ്പലത്തിലേക്കെഴുന്നള്ളുന്നുണ്ട്.

രാജാ—(കേട്ടതായി നടിച്ച്) ഇവരുടെ വരവ് ഈ വഴിക്കായിരിക്കുമോ? ഞാൻ ഈ സന്ദർഭത്തിൽ ഇവിടെ എങ്ങിനെ നില്ക്കും? ആ ഇഷ്ടഭൃത്യനായ ചെറുശ്ശേരിയെ കാണുന്നതുമില്ല. അർത്ഥമില്ലാത്തപ്രവൃത്തിയിൽ ഏർപ്പെട്ടതുകൊണ്ട് അപകീർത്തിക്കു പാത്രമായിതീരുമോ? (ആരേയോ കാണുന്നതായി നടിച്ചു സൂക്ഷിച്ചു നോക്കീട്ട്) ആരോ വരുന്നതായി തോന്നുന്നു. ബാലചന്ദ്രന്റെ അസ്തമനകിരണങ്ങൾ ഈ തമസ്സിനെ നിരാകരിപ്പാൻ ശക്തിയുള്ളതായി തോന്നുന്നില്ല. (അടു

ത്തു വരുന്നതുപോലെ കാണുന്നതായി നടിച്ച സൂക്ഷിച്ചു നോക്കുന്നു.) കാണുന്ന മരായയുടെ ദീൎഘവിസ്താരത്തെ നോക്കുന്നതായാൽ ചെറുശ്ശേരിയാണെന്നു തോന്നുന്നു. ആകട്ടെ; ഈ വിദ്ധ്വാനെ ഒന്നു പരിഭ്രമിപ്പിക്കണം. (അശോകവൃക്ഷത്തിൻെറ നിഴലിലേക്കും മറവിലേക്കുമായി മാറിനില്ക്കുന്നു.)

(യഥോക്തം സംഭ്രമത്തോടുകൂടി ചെറുശ്ശേരി പ്രവേശിക്കുന്നു.)

ചെറുശ്ശേരി—ഹാ! പററിച്ചോ? അവിടുന്ന് എവിടെയാണെന്നറിഞ്ഞില്ലല്ലോ? വല്ല ഹരിക്കാരന്മാരും കണ്ടു പിടിച്ചു കൊണ്ടുപോയോ? ഇവിടെ നില്ക്കാമെന്നാണല്ലോ പറഞ്ഞിരുന്നതു; കാണുന്നില്ലല്ലോ? കഷ്ടം! എന്താ ചെയ്യുക? അവിടക്കു വല്ല അപമാനമോ, അപകീൎത്തിയോ പററിയാൽ ഞാൻ എന്തു ചെയ്യും? ഛീ! ഛീ! പോരായ്മ! അപമാനം! ഏതായാലും ഇവിടെ ഒക്കയും ഒന്നു തിരഞ്ഞുനോക്കട്ടെ; (ചുററിനടക്കുന്നു.)

രാജാ—(ആത്മഗതം) ചെറുശ്ശേരി നല്ല വിശ്വസ്തനാണേ. വളരെ അനുതാപവും, കൂറുമുള്ള ഒരാളാണ്. ആകട്ടെ തിരഞ്ഞുപിടിക്കുന്നതുവരെ ഞാൻ ഒന്നും മിണ്ടുന്നില്ല.

ചെറുശ്ശേരി—ഒരു സമയം അന്തഃപുരത്തിലെ ആരവാരങ്ങളെല്ലാം കേട്ട് ആ മരങ്ങളുടെ നിഴലിൽ മറഞ്ഞുനില്ക്കുന്നതുണ്ടായിരിക്കാം. (മരത്തിൻെറ സമീപം ചെല്ലുന്നതായി നടിച്ചിട്ട്) ആരാതു? അവിടുന്നല്ലേ?

രാജാ—ചെറുശ്ശേരി! പത്തുക്കെ; പത്തുക്കെ.

ചെറുശ്ശേരി—ആവു, ഞാൻ വല്ലാതെ അസ്ഥാളിച്ചുപോയി. ഇപ്പോഴെ എന്റെ ജീവൻ നിലക്ക നിന്നുള്ളൂ. ആവിടന്നെന്താ ഇവിടെ ഒളിഞ്ഞു നില്ക്കുന്നതു്?

രാജാ—സ്ത്രീകൾ ക്ഷേത്രത്തിലേക്ക് ഇതലെ പോകുന്നുണ്ടെന്നു കേട്ടിട്ടുണ്ടു്. ചെറുശ്ശേരി ഇത്ര വൈകിച്ചതെന്തേ?

ചെറുശ്ശേരി—നമ്മുടെ കാൎയ്യസാദ്ധ്യത്തിന്നു് ഒരാളെക്കൂടി കണ്ടുകിട്ടി; കുഞ്ചി: കുഞ്ചി: ഒരു നെട്ടങ്ങാടിസ്ത്രീയാണു്. തമ്പാട്ടിയുടെ സൈരന്ധ്രിയാണു്. അവളോടു വൎത്തമാനം പറഞ്ഞിരുന്നുപോയി.

രാജാ—തമ്പാട്ടി ക്ഷേത്രത്തിലേക്ക പോകുന്നില്ലയോ?

ചെറുശ്ശേരി—ഇപ്പോൾ പോകുന്നില്ല. വടക്കുന്നു് ഒരു മാന്ത്രികൻ വന്നു ഭസ്മമിടുവാൻ ഭാവിക്കുന്നതുകൊണ്ടു ത്രികാലപൂജക്ക തൊഴാൻ വരാൻ സാധിക്കില്ലെന്നു കുഞ്ചി ഉപായം പറഞ്ഞയച്ചു. എന്നാൽ നമുക്കിനി പോകാം.

രാജാ—(മുൻപുറത്തു നോക്കീട്ടു്) ബാലചന്ദ്രനിതാ അസ്തമിക്കുന്നു.

രജനീശപരന്റെ കല മങ്ങി ഭംഗിയിൽ
ഗജപോതദന്തമതുപോൽ വിളങ്ങിനാൻ
ഭുജവീൎയ്യശാലി നൃപ, ഞങ്ങു കാമമാം
രുജകൊണ്ടു മങ്ങി വിളറുന്നപോലഹോ! 6

ചെറുശ്ശേരി— എന്നാൽ പോകുകയല്ലേ?

രാജാ— അങ്ങിനെ തന്നെ. (രണ്ടാളും ചുററിനടക്കുന്നു)

ചെറുശ്ശേരി ഈ കാണുന്ന പുര എന്താണു്?

ചെറുശ്ശേരി— അന്തഃപുരത്തിലേക്കു ചേൎന്ന അഗ്രശാലയാണു്.

രാജാ—ഏതാണു ചെറിയ തമ്പുരാട്ടി പാൎക്കുന്ന സ്ഥലം?

ചെറുശ്ശേരി— ആ വെളിച്ചം കാണുന്ന വാതിലിൽകൂടി ചെന്നാൽ അവിടെ എത്തും.

(രണ്ടാളും ഭവനദ്വാരത്തെ പ്രവേശിക്കുന്നതായി നടിക്കുന്നു.)

(അനന്തരം കുഞ്ചി ആലവട്ടം വീശികൊണ്ടും, കുഞ്ചി സമീപത്തിരുന്നു മററുപചാരങ്ങൾ ചെയ്തുകൊണ്ടുമായി തമ്പുരാട്ടി പ്രവേശിക്കുന്നു.)

ചെറിയ തമ്പുരാട്ടി—കുഞ്ചി! നമ്പൂരി പറഞ്ഞ ആൾ അദ്ദേഹം തന്നെയല്ലേ?

കുഞ്ചി— അവിടെക്കു് എന്താ അത്ര സംശയം? കാണാൻ പോണ പൂരം കേട്ടറിയേണമൊ?

ചെ. ത—(കുഞ്ചിയെ നോക്കീട്ട) നീ! ആൎക്കാ വീശുന്നതു്? എനിക്കാണെന്നു് എനിക്കു തോന്നുന്നില്ല. എന്റെ ഉഷ്ണം മാറുന്നതുമില്ല.

കുഞ്ചി—(ആത്മഗതം) സാധാരണ ഉഷ്ണമാണെങ്കിൽ മാത്രമേ ഇതുകൊണ്ടു സുഖം കിട്ടുള്ളു. വ്യാധിക്കു മരുന്നുണ്ടു്. ആധിക്കു മരുന്നുണ്ടൊ?

രാജാ— ചെറുശ്ശേരി! തമ്പാട്ടിക്കു് അന്നു കണ്ടതിൽപിന്നെ പല മാററങ്ങളും വന്നിരിക്കുന്നു.

വക്ത്രം വിളൎത്തഥ വെളുത്തു വരണ്ടു ചുണ്ടും
നേത്രങ്ങൾ വാടി കുചയുഗ്മമുലഞ്ഞിതല്പം
ഗാത്രം മെലിഞ്ഞു പുനരെങ്കിലുമിന്നിവൾക്കു
മാത്രം ലഭിച്ച മധുരാകൃതിയെത്ര ചിത്രം? 7

ചെറുശ്ശേരി - നമുക്ക് അടുക്കലേക്കു ചെല്ലുകയല്ലേ നല്ലതു്?

(രണ്ടുപേരും അടുക്കലേക്കു ചെല്ലുന്നു.)

(തമ്പുരാട്ടി രണ്ടാളേയും കണ്ടതായി നടിച്ചു് ആചാരത്തിന്നായി എഴുനീല്ക്കുന്നു.)

(കുഞ്ചി രണ്ടാളേയും ഓരോ പായ കൊടുത്തിരുത്തുന്നു.)

ചെറുശ്ശേരി—(തമ്പുരാട്ടിയോടായിട്ടു്) അവിടന്നു് ഇരിക്കണം. സുഖമില്ലാത്ത സമയത്തെന്താചാരമാണു്? എല്ലാം സുഖമായി വരട്ടെ.

രാജാ—ഭവതിക്കു് അനാമയത്വം ഭവിക്കട്ടെ.

തമ്പുരാട്ടി—ഭവാന്മാരുടെ അനുഗ്രഹംകൊണ്ടു് എനിക്കു രോഗം മാറുമെന്നു വിശ്വസിക്കുന്നു.

കുഞ്ചി—(ആത്മഗതം) ഈ തിരുമേനിയെ കണ്ടിട്ടാണു തമ്പിരാട്ടി വല്ലാതായതെങ്കിൽ ആശ്ചൎയ്യമില്ല. ഇത്ര സൌന്ദൎയ്യമുള്ള പുരുഷനെ ഞാൻ ഇതേവരേയും കണ്ടിട്ടില്ല.

തമ്പുരാട്ടി--(ആത്മഗതം) ഞാൻ അന്നു കണ്ട ആൾ തന്നെയാണെങ്കിലും അദ്ദേഹത്തിന്നു വളരെ ക്ഷീണം സംഭവിച്ചിരിക്കുന്നു. മനോവ്യഥകൊണ്ടുതന്നെ

യായിരിക്കാം. (പ്രകാശം) അവിടേക്ക് ഈ കോവിലകത്ത് എല്ലാം സുഖംതന്നെ എന്നു വിശ്വസിക്കുന്നു.

രാജാ—(ആത്മഗതം) ഞാൻ എങ്ങിനെയാണു സുഖമെന്നു പറയുന്നതു? കുശലം ചോദിക്കുമ്പോൾ എങ്ങിനെയാണു സുഖമല്ലെന്നു പറയുന്നതു? (പ്രകാശം) ഇവിടെ എല്ലാം എനിക്ക് ആനന്ദകരമായിതന്നെയിരിക്കുന്നു; സർവ്വഥാ സുഖംതന്നെ.

ചെറുശ്ശേരി—അവിടുത്തെ ശരീരം കണ്ടാൽ വന്നതിൽ വെച്ച വളരേ മെലിഞ്ഞിരിക്കുന്നതായി തോന്നുന്നു. അതുകൊണ്ട് അവിടക്ക് ഇവിടെ യാതൊരു സുഖവും ഇല്ലെന്നു തോന്നാനിടയുണ്ട്. അതുകൊണ്ടായിരിക്കാം അവിടുന്ന് അങ്ങിനെ ചോദിക്കുന്നതു് എന്നു തോന്നുന്നു.

കുഞ്ചി—(ആത്മഗതം) ഞാൻ വിചാരിച്ചതുതന്നെ നമ്പൂരി പറഞ്ഞു.

തമ്പുരാട്ടി—(വന്ന മന്ദസ്മിതത്തെ അടക്കികൊണ്ട്) (ആത്മഗതം) എന്റെ അഭിപ്രായത്തെ ചെറുശ്ശേരി വെളിവാക്കുന്നു. നമ്പൂരി നിങ്ങൾ വളരെ രസികനാണ്. (പ്രകാശം) കുഞ്ചി മുറുക്കാൻ കൊണ്ടുവരാത്തതു് എന്താ? കുഞ്ചി അവിടക്കു വീശിക്കൊടുക്കു.

രാജാ—(ആത്മഗതം) ചെറുശ്ശേരിയുടെ ചാപല്യത്താൽ സലജ്ജയായ തമ്പാട്ടി സന്ദർഭത്തെ മറക്കുവാൻ പറയുന്ന ഉപായമാണിതു്. (പ്രകാശം) എനിക്കിപ്പോൾ

ഉഷ്ണം ലേശമില്ല. അതുകൊണ്ടു യാതൊരു ശീതോപചാരങ്ങളും വേണമെന്നില്ല.

ചെറുശ്ശേരി—(രാജാവിനോടു സ്വകാൎയ്യം) തമ്പാട്ടിക്ക് അവിടത്തെ കണ്ടതുകൊണ്ട് ഉഷ്ണമില്ലാതായിരിക്കും. അതാണല്ലൊ ഇങ്ങിനെ പറയുന്നത്.

രാജാ—(ചെറുശ്ശേരിയോടു സ്വകാൎയ്യം)തമ്പാട്ടിക്കു വലിയ ദേഹോപദ്രവമുണ്ടായിരുന്നു എന്നു പ്രത്യക്ഷപ്പെടുന്നുണ്ട്. മനോബലംകൊണ്ടു വ്യാകുലതയെ പുറത്തേക്കു കാണിക്കുന്നില്ല. രാജവംശത്തിൽ ജനിച്ച തമ്പാട്ടിക്ക് ഈ ധീരഭാവം ഏററവും യോഗ്യമായിരിക്കുന്നു.

കുഞ്ചി—(തമ്പുരാട്ടിയെ നോക്കീട്ട്-ആത്മഗതം) അവിടേക്ക് ഇപ്പോൾ വളരെ സുഖമുണ്ടെന്നു തോന്നുന്നു. ആവട്ടെ, ഒന്നു പരീക്ഷിക്കട്ടെ. (പ്രകാശം) അവിടക്ക് ഇപ്പോൾ അല്പം ആശ്വാസമുണ്ടോ? അടിയൻ ഈ പനിനീർകുപ്പി എടുത്തു തിരുമേനിയിൽ തളിക്കട്ടെ?

തമ്പുരാട്ടി—ഇപ്പോൾ ഒന്നും വേണ്ട കുഞ്ചി! വേണമെങ്കിൽ പറയാം.

കുഞ്ചി—ഏറാൻ: കല്പനപോലെ.

ചെറുശ്ശേരി—(രാജാവിനെ ചൂണ്ടീട്ടു തമ്പുരാട്ടിയോട്) ഈ മന്ത്രവാദി അല്പം മന്ത്രിച്ചുകൊള്ളട്ടെ. അതുകൊണ്ടുള്ള സുഖം അവിടേക്കറിയാമല്ലൊ?

തമ്പുരാട്ടി—(സലജ്ജം മുഖം താഴ്ത്തുന്നു)

രാജാ—(തമ്പുരാട്ടിയോടു) ഞാൻ അവിടത്തെ സുഖദുഃഖങ്ങൾക്കു കാരണമായിത്തീൎന്നിട്ടുണ്ടെങ്കിൽ വളരെ

ഭാഗ്യവാനാണ്; എന്നെ ഒരു കാലത്തും അന്യഥാ ശങ്കിക്കരുതു്. രാജസ്ത്രീകളുടെ ധമ്മത്തെ രക്ഷിക്കുന്നതിൽ ഞാൻ ഉത്തമനാണ്. ക്ഷാത്രധമ്മത്തെ പ്രകാശിപ്പിക്കുന്നതിൽ ഞാൻ അദ്വിതീയനാണ്.

ചെറുശ്ശേരി — മാരഗ്രഹത്തെ ഉച്ചാടനം ചെയ്യുന്നതിൽ അവിടുന്നു പ്രസിദ്ധനുമാണ്. അതിനാൽ ആ ഗ്രഹപീഡയുള്ള സ്ത്രീകൾക്കു് അവിടുത്തെ വലിയ താല്പയ്യവുമാണ്.

തമ്പുരാട്ടി — (പാരവശ്യത്തെ നടിക്കുന്നു) (ആത്മഗതം) ഇവരുടെ നമ്മവചനങ്ങളെക്കൊണ്ടും വക്രോക്തികളെക്കൊണ്ടും ഞാൻ വളരെ പരവശയായിരിക്കുന്നു. കേവലം കാവ്യനാടകങ്ങളിൽ നിന്നു മാത്രം ഗ്രഹിച്ചിട്ടുള്ള മന്മഥന്റെ കഠിനകൃത്യങ്ങൾ എനിക്കിപ്പോൾ സ്വാനുഭവമായിരിക്കുന്നു. (പ്രകാശം) കുഞ്ചി! നമ്മുടെ അതിഥികൾക്കു നാം എന്താണ് ഉപചാരം ചെയ്യേണ്ടതു് എന്നറിയുന്നില്ല.

രാജാ - (ആത്മഗതം) അതു വേണമെങ്കിൽ ഞാൻ പറഞ്ഞുകൊടുക്കാമായിരുന്നു. (ചെറുശ്ശേരിയോടു സപ്രകാശം)

ഇന്ദീവരത്തിനുടെ മൊട്ടുകൾ രണ്ടുമത്ഭ്യം
ചന്ദ്രന്റെ ബിംബമതിലുള്ളമൃതം ഭുജിപ്പാൻ
സാന്ദ്രപ്രമോദമിവനൽകുകിലിന്നിനിക്കു-
മിന്ദ്രപദമമ്പൊടു ലഭിച്ചൊരു തൃപ്തിയുണ്ടാം. 8

കുഞ്ചി — തിരുമനസ്സിൽ എന്തെല്ലാം ഉദിക്കുന്നുവൊ?

അതെല്ലാം ചെയ്യുന്നതുതന്നെയാണ് ഉചിതമായ സല്ക്കാരം

തമ്പുരാട്ടി.—(ആത്മഗതം) കുഞ്ചി എന്നെക്കൊണ്ട് എന്തും ചെയ്യിപ്പാനൊരു ക്രമമുള്ളവളാണ്. ശാകുന്തളത്തിലെ പ്രിയംവദ തന്നെ സംശയമില്ല. (പ്രകാശം) ഞാൻ അസ്വാതന്ത്ര്യയാണെന്നും, ഇത് അന്തഃപുരമാണെന്നും ഭവാന്മാൎക്കറിവുണ്ടല്ലൊ?

ചെറുശ്ശേരി.—(ആത്മഗതം) ഇതു നാടകം വായിച്ചുണ്ടാമിയ വകതിരിവാണ്. ഞാൻ എന്റെ അറിവും വെളിവാക്കാം. (പ്രകാശം) ക്ഷത്രിയസ്ത്രീകളും, സാമന്തസ്ത്രീകളും എപ്പോഴും സ്വാതന്ത്ര്യകളാണ്. സുഭദ്ര മുതലായവരുടെ കഥകളെ ചിന്തിച്ചുനോക്കു. ആ മാതിരി സ്വാതന്ത്ര്യം രാജസ്ത്രീകൾക്കു ധാരാളമാവാം.

കുഞ്ചി.—തിരുമനസ്സുകൊണ്ടു തമ്പുരാട്ടി സുഭദ്രയെ പിന്തുടരേണമെന്നു പറയുന്നതു യുക്തംതന്നെ. സുഭദ്രയുടെ മാനത്തെ രക്ഷിച്ച അൎജ്ജുനനേപ്പോലെ ഒരു അൎജ്ജുനൻ തമ്പുരാട്ടിയെ രക്ഷിപ്പാൻ ഉണ്ടായിരിക്കുമോ?

(ചെറുശ്ശേരിയും, രാജാവും മുഖത്തോടു മുഖം നോക്കുന്നു.)

തമ്പുരാട്ടി.—(ആത്മഗതം) കുഞ്ചി പറഞ്ഞതു ശാകുന്തളത്തിൽ അനസൂയയുടെ 'ബഹുവല്ലഭാ രാജാനഃ ശ്രൂയന്തേ' എന്ന വാക്യത്തെക്കാൾ സന്ദൎഭശുദ്ധിയുള്ളതായിരിക്കുന്നു.

രാജാ.—ഇങ്ങിനെ ദുശ്ശങ്ക പലതും പറഞ്ഞു തമ്പുരാട്ടിയു

യുടെ മനസ്സിനെ ഇളക്കിത്തീക്കുന്നതു രണ്ടു പക്ഷത്തിനും ആപത്തായി വരുന്നതാണ്. എന്നെപ്പറ്റി യാതൊരു ശങ്കയ്ക്കും അവകാശമില്ല.

(അണിയറയിൽ)

വലിയ തമ്പുരാട്ടി ത്രികാലപൂജ കഴിച്ച് പ്രസാദവും കൊണ്ടു ചെറിയ തമ്പുരാട്ടിയെ കാണുവാൻ വരുന്നുണ്ട്. ഉമ്മറത്തു വിളക്കു കൊളുത്തി വെക്കട്ടെ.

(എല്ലാവരും പരിഭ്രമിച്ച് അന്യോന്യം നോക്കുന്നു)

കുഞ്ചി--തിരുമേനികൾ വടക്കേ ഗോപുരത്തിലേക്ക് എഴുന്നള്ളുന്നതാണു നല്ലതു്. വല്യമ്പ്രാട്ടി വരുമ്പോൾ ഇവിടെ ചില അപരിചിതന്മാരെ കാണുന്നതു് അത്ര രസമായിരിക്കയില്ല.

രാജാ—(ആത്മഗതം) കോവിലകങ്ങളിലും, കുടിലുകളിലുമുള്ളവർ ഒരുപോലെ അസ്വാതന്ത്ര്യന്മാരാകുന്നു. ഇമ്മാതിരി കാൎയ്യങ്ങളിൽ ഏൎപ്പെടുന്നവൎക്ക് നൂറു പ്രകാരത്തിൽ ഉപദ്രവങ്ങൾ നേരിട്ടുകാണും. (പ്രകാശം) ചെറുശ്ശേരി ഇനി നാം എന്താ വേണ്ടതു് എന്നാലോചിക്കുക.

ചെറുശ്ശേരി--നാം തല്ക്കാലം ഇവിടെനിന്നു മാറിയിരിക്കുന്നതാണു നല്ലതു്. അങ്ങിനെ ചെയ്യാം. (എന്നു രണ്ടാളും പോയി) (അനന്തരം വലിയ തമ്പുരാട്ടിയും ഒരു നമ്പൂരിയും രണ്ടു ദാസികളും പ്രവേശിക്കുന്നു.)

വ. തമ്പുരാട്ടി--(ആത്മഗതം) കിടാവു് അല്പദിവസം കൊണ്ടു് ആളെ അറിയാതെ ആയല്ലോ? എന്തു

കഷ്ടമാണ്. (പ്രകാശം) കിളിമംഗലം പ്രസാദം കൊടുക്കു.

കിളിമംഗലം--(പ്രസാദം കൊടുക്കുന്നു. ചെറിയ തമ്പുരാട്ടി ഭക്തിപൂർവ്വം സ്വീകരിക്കുന്നു.)

കിളിമംഗലം--രണ്ടു ദിവസംകൊണ്ട് എല്ലാം ഭേദപ്പെട്ടും. സൌഖ്യമാകും. എന്തെന്നാൽ,

"ആപദി കിം കരണീയം
സ്മരണീയം ചരണയുഗളമംബായാഃ
തൽസ്മരണം കിം കുരുതെ
ബ്രഹ്മാദീനപി ചകിങ്കരീകുരുതെ."

ആപൽകാലത്തു ഭഗവതിസേവ വളരെ മുഖ്യം. സർവ്വാഭീഷ്ടപ്രദമായിവരും.

കുഞ്ചി--(ആത്മഗതം) ഭഗവതിസേവ തുടങ്ങിയപ്പോൾ തന്നെ ഇവിടെ അഭീഷ്ടം മിക്കതും സാധിച്ചു.

ചെ. തമ്പുരാട്ടി--(ആത്മഗതം) ബ്രഹ്മാദികളെ കിങ്കരന്മാരാക്കീട്ടില്ലെങ്കിലും ഇദ്ദേഹത്തെ അപ്രകാരം ആക്കിത്തീൎക്കട്ടെ! എന്റെ ദേവി!

വ. തമ്പുരാട്ടി--കിടാവേ! സുഖക്കേട് എങ്ങിനെയിരിക്കുന്നു? ഇപ്പോൾ അല്പം സുഖമുണ്ടോ? ധൎമ്മദൈവങ്ങളെ ഒന്നും ഭജിക്കാറില്ല. അതാണ് ഇതിനെല്ലാം കാരണം. സുഖക്കേടു മാറിയ ഉടനെ തിരുവള്ളങ്ങാട്ടു കാവിലും, മാങ്കാവിലും, തിരുവണ്ണൂരും മററും ചെന്നു തൊഴുതു വഴിപാടുകൾ കഴിക്കണം.

ചെ. ത--അമ്മ അസ്വാസ്ഥ്യപ്പെടേണ്ട. എനിക്കു വളരെ സുഖമുണ്ട്. പൊടുന്നനവേ ഉണ്ടായ ആലസ്യത്താൽ ശരീ

രത്തിന്നു വ്യാകുലത ഉണ്ടായതാണു. രണ്ടു ദിവസം കഴിഞ്ഞാൽ തീരെ സുഖമാകും.

വ-ത--കിടാവു ഞാൻ ഇരിക്കുമ്പോൾ അല്പം ആഹാരം വല്ലതും കഴിക്കുമോ?

ചെ-ത--അമ്മ എന്തിന്ന് ഇങ്ങിനെ വിചാരപ്പെടുന്നു. ഞാൻ ആഹാരമെല്ലാം കഴിക്കാറുണ്ട്. ഇപ്പോൾ ആഹാരത്തിന്നു സമയം ആയിട്ടില്ല. അകാലത്ത് അമ്മ ഇവിടെനിന്നു കഷ്ടപ്പെടേണ്ട. നിത്യവൃത്തി നോക്കിക്കൊള്ളു.

വ-ത--കിടാവ് ഇന്നു കാൎയ്യമായിട്ടു യാതൊരു ആഹാരവും കഴിച്ചില്ലെന്നു കുട്ടിപ്പട്ടർ പറഞ്ഞു. അതു സത്യമാണെന്ന് എനിക്കു തോന്നുന്നു. കിടാവു വല്ലാതെയിരിക്കുന്നതാനും.

ചെ-ത--അല്പം ചൊവ്വല്ലായ എനിക്കുണ്ടെന്നു ഞാൻ തന്നെ സമ്മതിച്ചില്ലേ? അതിന്നടുത്ത് ആഹാരത്തിന്നു കുറവും ഉണ്ടായിരിക്കും. വിചാരപ്പെടുവാൻ ഒന്നും ഇല്ല. അമ്മക്കു പോകാം.

വ-ത--അല്പം ആഹാരം കഴിച്ചു നേരത്തെ കിടന്നുറങ്ങിയാൽ നേരം പുലരുമ്പോഴെക്കും എല്ലാം സുഖപ്പെടും.

ചെ-ത--എന്നാൽ അങ്ങിനെ ചെയ്യാം. അമ്മ പോകുന്നില്ലേ? (വലിയ തമ്പുരാട്ടിയും പരിവാരങ്ങളും പോയി)

കുഞ്ചി--വലിയ തമ്പുരാട്ടി എന്തൊക്കയോ ശങ്കിച്ച പോലെ തോന്നുന്നു. ഇല്ലേ? എന്താ അവിടെക്കു തോന്നുന്നതു?

ചെ-ത--അതു് അമ്മയുടെ സ്വഭാവമാണ. പിന്നെ നിന്റെ ഉള്ളിലെ കപടംകൊണ്ടു തോന്നുകയാണു് അല്ലാതെ മറെറാന്നുമല്ല.

കുഞ്ചി--തമ്പുരാനും, നമ്പൂരിയും ആഹാരം കഴിഞ്ഞിരിക്കുന്നു എന്നു തോന്നുന്നു. ഇനി അവക്കു എന്താ ചെയ്യേണ്ടതു്?

തമ്പുരാട്ടി--അവർ ഇന്നു നമ്മുടെ അതിഥികളാണു്. അവക്കെന്തെല്ലാം വേണ്ടിവരുമൊ അതെല്ലാം ഒരുക്കണം. ഞാൻ കാലും മുഖവും കഴുകി ആഹാരം കഴിക്കട്ടെ. കുഞ്ഞി! വിളക്കെടുത്തു വഴികാണിക്കു.

കുഞ്ചി--തിരുമേനി ഇതിലെ; ഇതിലെ;

(എല്ലാവരും പോയി.)

മൂന്നാം അങ്കം കഴിഞ്ഞു.

---

## നാലാമങ്കം.

---

(അനന്തരം ചെറുശ്ശേരി നമ്പൂരി പ്രവേശിക്കുന്നു).

ചെറുശ്ശേരി--രാജാവിന്റെ മനോവേദനക്കു നിവൃത്തി കിട്ടീട്ടു ദിവസം എട്ടു കഴിഞ്ഞു. കാൎയ്യം ഞാൻ വിചാരിച്ചപോലെ ഒരുക്കില്ലെന്നു തീച്ചതന്നെ. രാജാവിന്നു തമ്പാട്ടിയിൽ കലശലായ ആസക്തി കാണു

നു ഇപ്പോൾ മുമ്പുള്ളതിലധികം വിഷമമായി തീന്നിരിക്കുന്നു. ഇതിന്ന് എന്തൊരു നിവൃത്തിയാണു ഉള്ളത് എന്നറിയുന്നില്ല. (അനന്തരം കറച്ചുനേരം ചിന്താമഗ്നനായി ചുററി നടക്കുന്നു) തമ്പാട്ടിയുടെ അഭിപ്രായം ഇതുപോലെത്തന്നെയാണെങ്കിൽ എന്താ നിവൃത്തി. (ആലോചിച്ചു) രണ്ടും ഒരു മാതിരി വരുവാനെ തരമുള്ളൂ. എന്തുകൊണ്ടെന്നാൽ.

സൌന്ദൎയ്യം സമമായിയങ്ങിരുപുറ-
　　ത്തേററം വിളങ്ങുന്നതും,
കുന്നിക്കും വിഭവത്തോടൊത്തു നിരയു-
　　ന്നൌദാൎയ്യസൌശീല്യവും,
നന്നായ്വംശസമത്വവും വിമലമാം
　　വൈദഗ്ദ്ധ്യവും ചേരിലൊ
വന്നീടുന്നു വധൂവരക്രമിതമാ-
　　യന്യോന്യരാഗം നൃപ

അതുകൊണ്ടു തമ്പാട്ടിക്ക് അന്യഥാ വരുവാൻ തരമില്ല. ഏതായാലും കാൎയ്യം വലിയ ദുൎഘടത്തിലാണു. ഇനി അധികം ഇവിടെ താമസിപ്പാൻ തരമില്ലാതെ ആയിരിക്കുന്നു. സാമൂതിരിയായുള്ള സന്ധി ഭംഗിയായി അവസാനിക്കില്ലെന്നാണു തോന്നുന്നതു. രാജാവിന്റെ വരവു കാണാതെ വടക്കുനിന്നു ചിറെറാത്തു കുരുക്കളും, മാവിലായി നമ്പ്യാരും വന്നിട്ടുണ്ടെന്നു കേട്ടു. അവർ എവിടെ എന്ന് അന്വേഷിക്കട്ടെ (ചുററിനടക്കുന്നു.) (സൂക്ഷിച്ചു നോക്കീട്ട്.) ഇതാ ഇങ്ങോട്ടു വരുന്ന രണ്ടാൾ അവർതന്നെ എന്നു തോന്നുന്നു.

(അനന്തരം ചിറോത്തു കുരുക്കളും മാവിലായി നമ്പ്യാരും. പ്രവേശിക്കുന്നു)

മാവിലായി നമ്പ്യാരു — (ചെറുശ്ശേരിയെ നോക്കീട്ടു്) അല്ല! എഴന്നള്ളെടത്തു നിന്നല്ലേ ഇതു്? എന്തു് ഇങ്ങിനെ കോഴിക്കോട്ടു കൂടിയിരിക്കുന്നതു്? തമ്പുരാനു ജീവനോടുണ്ടോ, ഇപ്പം?

കുരുക്കൾ — അല്ല! അവിടത്തോടു: വന്നകാൎയ്യം എന്നായി? നാട്ടിലെക്കങ്ങോട്ടില്ലേ? ഞാൻ വിചാരിച്ചു താമൂരിപ്പാട്ടിലെ മാപ്പിളമാരു് അവിടത്തെയും, തമ്പുരാൻെറയും കഥ കഴിച്ചിട്ടു് എന്നു.

ചെറുശ്ശേരി — അതൊന്നും ഇല്ല കുരുക്കളെ കാൎയ്യം ഒന്നും ആയിട്ടില്ല അതാവരാതിരിക്കുന്നതു, രണ്ടുദിവസം മുമ്പെ സാമൂതിരിപ്പാടും, മന്ത്രിമാരായ മങ്ങാട്ടച്ചനും, തനയഞ്ചേരി എളയതും, തൻെറ പണിക്കരും, പാറനമ്പിയും കൂടി ഒരു ആലോചന ചെയ്തിട്ടുണ്ടു്. സ്വകാൎയ്യമായിട്ടാണു നടത്തീട്ടുള്ളതു്.

കുരുക്കൾ — നമ്മുടെ തമ്പുരാനെ പിടിച്ചു ബന്ധനത്തിലാക്കാനാണൊ?

ചെറുശ്ശേരി — അതൊന്നും ഉണ്ടാവില്ല. എങ്കിലും സൂക്ഷിക്കണം.

മാ-നമ്പ്യാരു — തമ്പുരാൻ എവിടെയാണു് എഴുന്നള്ളിയിരിക്കുന്നതു്? കോട്ടക്കകത്തൊ, പുറത്തൊ?

ചെറുശ്ശേരി — അകത്തു തന്നെയാണു. സാമൂതിരിയുടെ സൽക്കാരം കേമം തന്നെ. ഔദാൎയ്യം കലശലാണു്. താമസത്തിന്നു വളരെ സുഖമുണ്ടു്.

കുരുക്കൾ--നമ്പൂരിമാൎക്ക് ഊണും, കിടപ്പും നന്നായാൽ പിന്നെ എന്താ വേണ്ടത്? തമ്പുരാനും ഇപ്പം ഇങ്ങു ന്നായെയൊ?

ചെറുശ്ശേരി--(ആത്മഗതം) ഇതുവരെ ഇവർ രാജമന്ത്രികളായിരുന്നു. ഇപ്പോൾ ശുദ്ധവടക്കൻ നായരായി. (പ്രകാശം) അതുകൊണ്ടു തമ്പുരാന് അപകടമൊ, അപമാനമൊ ഉണ്ടാവാൻ വഴിയില്ലെന്നാണു പറയുന്നത്.

മാ-നമ്പിയാർ--നിങ്ങൾ രണ്ടുപേരും അങ്ങോട്ടക്കില്ലെന്നുണ്ടൊ?

കുരുക്കൾ--ആകട്ടെ! അവിടത്തോടു, താമൂരിപ്പാടും നാലുമന്ത്രിമാരുംകൂടി വിചാരം ചെയ്തത് എന്താണെന്നു വല്ലതും അറിഞ്ഞൊ?

ചെറുശ്ശേരി--ഞാൻ അതിന്നുശേഷം മങ്ങാട്ടച്ചനെ കണ്ടു. അയാളുടെ ആഗ്രഹം കോട്ടപ്പുഴ മുതൽക്കുള്ള രാജ്യം മുഴുവനും സാമൂരിക്കു വിട്ടുകൊടുക്കേണ്ടിവരുമെന്നാണ്.

മാ-നമ്പിയാർ--പയ്യനാടും, താമരശ്ശേരിയും അല്ലെ?

കുരുക്കൾ--താമരശ്ശേരി കോട്ടയത്തു രാജാവിന്നു കൊടുത്തതല്ലെ? ഇനി നാം അതിനെയെങ്ങിനെ കൊടുക്കും? ഈ ആശ സാധിക്കില്ല. വേഗം ഇവിടെനിന്നു പോകാനാണു ശ്രമിക്കേണ്ടതു. തമ്പുരാനോട് അവിടുന്ന് ഉണൎത്തിച്ചില്ലെ?

ചെറുശ്ശേരി--ഉവ്വ്! ഉവ്വ്! അവിടുന്ന് ഓരോ ആലോചന ചെയ്തുംകൊണ്ടിരിക്കുന്നു

(കോമപ്പൻ പ്രവേശിക്കുന്നു.)

കോമപ്പൻ--വടക്കനിന്ന് എജമാന്മാരും നീങ്ങീട്ടുണ്ടെന്നു കേട്ടല്ലൊ? അവർ എവിടെയായിരിക്കുമെന്ന് അറിഞ്ഞു വരാൻ തമ്പുരാന്റെ കല്പനയായിരിക്കുന്നു.

(ചുററി നടന്നു നോക്കീട്ട്) ഇതാ എഴുന്നള്ളേടത്തു നിന്നും, എജമാന്മാരും നില്ക്കുന്നു. എന്റെ പാക്യം മററാക്കാനുണ്ടോ? (അരികത്തു ചെന്നു തൊഴുതു ഭയഭക്തിയോടെ നില്ക്കുന്നു.)

കുരുക്കൾ--എന്താ കോമപ്പാ! തമ്പുരാൻ തിരുമനസ്സുകൊണ്ട് എവിടെയാണ് എഴുന്നള്ളിയിരിക്കുന്നതു? കാണാനെപ്പം ആകും?

കോമപ്പൻ--എജമാനനെ! തമ്പുരാൻ കൊട്ടക്കകത്തു വൃന്ദോട്ടത്തിൽ എഴുന്നള്ളിയിരിക്കുന്നു. ഉടൻ നാട്ടിലേക്ക് എഴുന്നള്ളുന്നുണ്ട്. എജമാൻമാർ വന്നിട്ടുണ്ടെന്നു കേട്ടു കൂട്ടിച്ചുകൊണ്ടുവരുവാൻ കല്പനയായിരിക്കുന്നു. അതാ, ഇങ്ങോട്ടു വന്നതു്.

ചെറുശ്ശേരി—എന്നാൽ നിങ്ങൾ വേഗം കോമപ്പന്റെ കൂടെ പോകിൻ. ഞാൻ ഉടനെ വരാം.

മാ. നമ്പാര്--കോമപ്പാ വഴി കാണിക്ക്. കുരുക്കളെ! പോകാം. വരുക.

ചെറുശ്ശേരി.--(കോമപ്പനെ സ്വകാര്യമായി വിളിച്ചിട്ട്) എടാ! ഇവിടെ കഴിഞ്ഞ സ്വകാര്യവൎത്തമാനങ്ങളൊന്നും ഇവരോടു പറയരുതു്. കേട്ടോ?

കോമപ്പൻ--അടിയനൊ! ഛേ! പറയില്ല.

കുരുക്കൾ--(നമ്പൂരിയോട്) എന്താ! അവിടുന്നെ! സ്വകാര്യം ഞങ്ങൾക്കു കേട്ടുകൂടയോ?

ചെറുശ്ശേരി!--തേച്ചുകുളി വേണം എന്നു പറയുകയാണു നിങ്ങൾ പരിഹസിച്ചാലോ എന്നു വിചാരിച്ച് സ്വകാര്യം പറഞ്ഞതാണ്.

കോമപ്പൻ:- ഇതിലേയാണ് കോട്ടവാതിലിലേക്കു വഴി. എജമാന്മാർ ഇതിലേ നീങ്ങാം.

കുരുക്കളും, നമ്പിയാരും, കോമപ്പനും പോയി)

ചെറുശ്ശേരി--(ചുററി നടക്കുന്നു.) (സൂക്ഷിച്ചുനോക്കീട്ട്) കുഞ്ചിയാണെന്നു തോന്നുന്നു ആ വരുന്നത്. ഇവളെ ഇപ്പോൾ കണ്ടതു നന്നായി. തമ്പുരാട്ടിയുടെ വൎത്തമാനങ്ങളെല്ലാം അറിയാം.

കുഞ്ചി--(പ്രവേശിക്കുന്നു.) കുളിക്കാൻവേണ്ടി പുറത്തിറങ്ങിയതാണ്. നേരം നന്നെ വൈകി എന്നു തോന്നുന്നു. (ചെറുശ്ശേരിയെ കണ്ടതായി നടിച്ച്) അല്ല! തിരുമേനിയല്ലെ ഇതു? എന്താ തിരുമനസ്സുകൊണ്ടു കോട്ടക്കു പുറത്തു വന്നിരിക്കുന്നതു? തിരുമേനി എവിടെയാണ്? നീരാട്ടുളിയും, അമേത്തും ആയില്ലെ?

ചെറുശ്ശേരി--കുഞ്ചിയെ കണ്ടിട്ടാണു ഞാൻ ഇവിടെ നിന്നതു. അന്യന്മാർ ഒരുക്കി കൊടുക്കാനല്ലാതെ നമുക്കു രണ്ടാൾക്കും ഒരുമിച്ചു കൂടുവാൻ സാധിക്കുന്നില്ല. ഇപ്പോൾ എവിടേക്കാണ്.

കുഞ്ചി--വെള്ളിയാഴ്ചയല്ലെ ഇന്നു? തിരുവളങ്ങാട്ടുകാവിൽചെന്നു കുളിച്ചു തൊഴേണമെന്നു വെച്ചാണു പുറത്തേക്കു വന്നതു്.

ഇനി അങ്ങോട്ടകെത്തുമ്പോഴക്കും നട അടക്കും. ഇപ്പോൾ പോകാൻ കഴിയില്ല.

ചെറുശ്ശേരി--നാം രണ്ടുപേരുംകൂടി ചിലതെല്ലാം ചെയ്തുവെച്ചിട്ടുണ്ടല്ലോ? എങ്ങിനെയാണ് അതിനെ സമാപ്പിക്കേണ്ടതു്? വലിയ ദുർഘടമായി.

കുഞ്ചി--ഇനി അവരുടെ ഭാരമല്ലെ? അവർ ഉറക്കുകഴിഞ്ഞു. തമ്പിരാൻ തമ്പിരാട്ടിയേയുംകൊണ്ടു് ഇവിട്ടുന്നു പോകും. തമ്പിരാട്ടി അതിന്നൊരുക്കവുമാണ്. അവർ തമ്മിൽ എല്ലാ ആലോചനകളും കഴിഞ്ഞിരിക്കുന്നു. അവിടത്തോടു തമ്പിരാൻ ഒന്നും അരുളിച്ചെയ്തില്ലെ?

ചെറുശ്ശേരി--എനിക്ക് അവിടത്തെ കണ്ടു സൈ്വരമായി സംസാരിപ്പാൻ സാധിച്ചില്ല. ഇപ്പോൾ ചെന്നു കാണണം.

കുഞ്ചി--തമ്പുരാൻ ഇന്നു താമിരിപ്പാടുതമ്പുരാനോടു യാത്ര പറഞ്ഞു പിരിയും. 'കാൎയ്യങ്ങളെല്ലാം എളംകൂറോടും, ഇമന്ത്രിമാരോടും ആലോചിച്ചു വേണ്ടപോലെ ചെയ്യാമെന്നാണു തീച്ച പറവാൻ പോകുന്നതു്.

ചെറുശ്ശേരി--കുഞ്ചി ഇതെല്ലാം വിവരമായി അറിഞ്ഞിരിക്കുന്നു. തമ്പുരാൻ എന്നോടുകൂടി ഇതൊന്നും പറഞ്ഞിട്ടില്ല.

കുഞ്ചി--ഇതെല്ലാം തമ്പിരാട്ടിയോടു പറഞ്ഞതാണ്. അങ്ങിനെയാണു ഞാൻ അറിഞ്ഞതു്. നേരം വഴുകി തിരുമനസ്സിന്നെ! ഞാൻ പോകുന്നു (പോയി).

ചെമ്പശ്ശേരി--ശരിതന്നെ. നേരം വൈകി. കഞ്ചി പറഞ്ഞതെല്ലാം വാസ്തവമായിരിക്കാം. അതുകൊണ്ടു ഞാൻ വേഗം ചെന്നു് അവിടത്തെ കാണട്ടെ. എന്തെല്ലാം അപകടത്തിന്നാണ് ഒരുങ്ങിയിരിക്കുന്നതു് എന്നറിയുന്നില്ല.-(പോയി).

വിഷ്കംഭം കഴിഞ്ഞു.

---

(അനന്തരം രാജാ പ്രവേശിക്കുന്നു)

രാജാ--(ഇരുന്നിട്ടു്).

ഇഷ്ടപ്രേയസിതൻവിയോഗമതിനാൽ
ദീർഘിച്ചനാൾ രണ്ടു ഞാൻ
കഷ്ടപ്പെട്ടു കഴിച്ചുവെങ്കിലുമഹോ!
താപം മുഴക്കുന്നു മേ
ദുഷ്ടൻ മന്മഥനെജ്ജയിപ്പതിനൊരാ-
ച്ചാലിന്നു സാമൂരിയാ..
മിഷ്ടൻവേഗമനിഷ്ടനായ്വരുമഹോ!
ക്രൂരൻ നൃസിംഹോപമൻ 2

(വിചാരിച്ചു്) ഞാൻ ഇപ്രകാരമാണെങ്കിൽ എന്റെ പ്രിയയുടെ അവസ്ഥ എന്തായിരിക്കും? ഞാൻ സാമൂരിയെ ഭയപ്പെട്ടു് എന്റെ കൃത്യത്തെ ചെയ്യാതിരിക്കുകയൊ? അതു ശരിയല്ല. ഒരിക്കലും പാടില്ല.

ശൃംഗാരാബ്ധിയിൽനിന്നു പൊങ്ങിയ മഹാ
ശ്രീദേവിയാമെൻപ്രിയ-
ക്കംഗങ്ങൾക്കളുവായ മാർദ്ദവമതി-
ന്നില്ലാ ശിരീഷത്തിനും

അംഗാരോപമമായിട്ടും വിരഹതാ-
പത്തെ വളൎത്തീട്ടു ഞാ-
നങ്ങോട്ടെങ്ങിനെ പോയിരുന്നു കഠിനം
ചെയ്യുന്നതും കഷ്ടമാം. (3)

അതുകൊണ്ട് എന്റെ ഹൃദയത്തിൽ ഞാൻ യാതൊരു ചാഞ്ചല്യത്തിന്നും ഇടവരുത്തുന്നതല്ല. എന്റെ പ്രിയതമ സ്വയമേവ എന്നെ വശത്താക്കിയതുകൊണ്ടു പ്രിയയുടെ സ്നേഹത്തെ കളവാൻ ശക്തനല്ല. ആ പ്രേമബന്ധം എത്രയൊ വിലയുള്ളതാകുന്നു എന്നു മാത്രമല്ല പ്രിയയുടെ വിരഹത്തെ വിനനാഴികപോലും സഹിപ്പാൻ ഞാൻ ആളല്ല. ഞാൻ ആ ബന്ധത്തിന്ന് അധീനനായിരിക്കുന്നു. എങ്ങിനെയെന്നാൽ;

നാനാവിലാസരസലീലകൾകൊണ്ടിവന്റെ
മാനംനിറഞ്ഞ ഹൃദയം പ്രഥമം കവൎന്നു
സാനന്ദവിഭ്രമപരമ്പരകൊണ്ടിണക്കി-
ത്താനേപിടിച്ചുവശമാക്കി മനോഹരാംഗി. (4)

എന്നുമാത്രമല്ല ഞങ്ങൾ രണ്ടുപേരും പരിപൂൎണ്ണയൌവനത്തിൽ ഇരിക്കുന്നവരാണ്. അഞ്ചെട്ടുദിവസം ഞങ്ങൾ സാമൂതിരികോവിലകത്തു കഴിച്ചുകൂട്ടിയതാലോചിച്ചാൽ ഞാൻ എങ്ങിനെ എന്റെ പ്രിയയേ മറക്കും?

സാമന്തകന്യക കലാവതിയാണു ഞാനൊ
കാമാനുരൂപസുഖഭോഗരതൻ വിശേഷാൽ
സാമാന്യലീലകളിലൊക്കെ ലയിച്ച ഞങ്ങൾ
ക്ഷേമേണ യൌവനദശാം സഫലീകരിച്ചു. (5)

(അല്പം ചിന്താമഗ്നനായിയിരുന്നതിന്നുശേഷം)

എന്റെ പ്രാണപ്രേയസി പ്രഥമ സമാഗമത്തിൽ തന്നെ എനിക്കു വശംവദയായിത്തീൎന്നതിനെ ആലോചിച്ചാൽ വിരഹം ദുസ്സഹമാകുന്നു. പ്രിയയുടെ വിയോഗത്തിൽ എന്റെ ഹൃദയം കലുഷമായിത്തീൎന്നിരിക്കുന്നു.

സന്ദേഹം വിട്ടനുപമഗുണാ സംഗമത്തിങ്കലാദ്യം
മന്ദം മന്ദസ്മിതമുഖമഹം ചുംബനംചെയ്തുശേഷം
മന്ദാക്ഷത്താൽ സതിമതിമറന്നപ്പോഴാലിംഗനാദ്യാൽ
മന്ദാക്രാന്താ മമ വശഗയായെന്നെഗാഢംപുണൎന്നാൾ

ഇങ്ങിനെ കഴിഞ്ഞ കഥകളെ ഓരോന്നായി ആലോചിക്കുമ്പോൾ വിരഹാഗ്നി ഹൃദയത്തിൽ തള്ളിത്തള്ളി വരുന്നു. എന്നുമാത്രമല്ല ഈ ലോകത്തിലെ സുഖവാസത്തിന്ന് എനിക്കിതിലധികം നല്ല ഒരു സഹചരിയെ കിട്ടുമൊ? ഇല്ല, നിശ്ചയം.

സദാ ത്രുപോൽ ത്തുഷ്ടാ സ്വരസതരസല്ലാപചതുരാ
ഹൃദാനന്ദം നല്കും പ്രിയശതമനുഷ്ഠിപ്പനുദിനം
തദേവം ചിന്തിച്ചിട്ടിഹ സകലസൌഖ്യാസ്പദമതാം
തദീയം സംയോഗം പ്രതിനിമിഷമിച്ഛിപ്പതുമഹം (7)

അനേകം മനോഹരങ്ങളുള്ള തരുണിരത്നത്തിന്റെ പ്രേമഭാജനമായിത്തീൎന്ന ഞാൻ സ്വൎത്ഥാ ഭാഗ്യവാനാണെന്നതിന്നു യാതൊരു സംശയവുമില്ല. ഞാനം വിയോഗാൎത്തനായി എങ്ങിനെ ജീവിക്കും?

അമരതരുവിനെപ്പോൽ സൎവ്വഭോഗങ്ങളേകും
പ്രണയിനിയുടെ യോഗം ജീവിതം മേ ദ്വിതീയം

അതിന്നു വഴി നിനക്കാതത്രിലോകത്തിരുന്നി-
ട്ടൊരുഫലവുമിനിക്കില്ലെന്നുതാനിന്നുറക്കാം· (8)

എന്നുമാത്രമല്ല പ്രിയതമയുടെ കാൎയ്യംകൂടി ആലോചിക്കേണ്ടയോ? പ്രിയയെ രാക്ഷസരാജധാനിയിൽ സീതയെന്നവണ്ണം സദാ ദുഃഖിതയാക്കിത്തീൎക്കുന്നതു കഷ്ടമല്ലേ?

നിറഞ്ഞ ഗുണമുള്ള കാമിനിമണിക്കു സന്തോഷവും
കുറഞ്ഞു വിരഹത്തിനാൽ മലിനവേഷയായേററവും
മറഞ്ഞു നിജമന്ദിരത്തിലതിഖേദമോടു വാഴേണമെ- (9)
ന്നറിഞ്ഞവളെ വിട്ടു ഞാനുലകിലെന്തിനിന്നുവാഴുന്നതും

(ചിന്താമഗ്നനായി അല്പനേരം ചുററി നടന്നതിനുശേഷം) (സൂക്ഷിച്ചുനോക്കീട്ടു്) ആ വരുന്നതു് ആരാ! ചെറുശ്ശേരിയാണെന്നു തോന്നുന്നു.

അനന്തരം ചെറുശ്ശേരി പ്രവേശിക്കുന്നു.)

ചെറുശ്ശേരി--(വിചാരം) ഈ ഗതികെട്ട കോട്ടക്കൽ വന്നുചേൎന്നിട്ടു രണ്ടുമൂന്നുദിവസമായി. രാജാവിന്നു് ഇവിടെ വരുവാൻ തോന്നിയതു് എന്റെ ദുരിതംകൊണ്ടാണു്. മത്സ്യം തിന്നുന്നവൎക്കല്ലാതെ മററാൎക്കും ഇവിടെ വാസം യോജിക്കില്ല. പിന്നെ സംസൎഗ്ഗത്തിന്നു കള്ളന്മാരായ മാപ്പിളമാരാണു്. രാജാവിന്നു തമ്പാട്ടിയിലല്ലാതെ കുളിയിലും ഊണിലും ഒന്നും ശ്രദ്ധയില്ല. നായന്മാൎക്കൊക്കെ മത്സ്യം വേണ്ടതു കിട്ടും· ഞാനും, വെപ്പുകാരൻ എമ്പ്രാന്മാരാണു കഷ്ടത്തിലായതു്. രാജസേവ ചില സമയത്തൊക്കെ നല്ലതുതന്നെ. അവരുടെ പ്രകൃതമറിഞ്ഞാൽ പരിവാരങ്ങളും സേവക

ന്മാരും കഷ്ടത്തിലാകും. നല്ല സമയത്താണെങ്കിൽ:--

ഒപ്പത്തിനൊപ്പമവരോടൊരുമിച്ചിരുന്നു
ശാപ്പാടുമായ്‌വെടിപറഞ്ഞുമുറുക്കിനിത്യം
കോപ്പുംനിരത്തിയുടനെ ചതുരംഗമായി
ട്ടെപ്പോഴുമങ്ങിനെകളിച്ചുരസിച്ചുകൂടാം (10)

അതുകൊണ്ടെന്തു കാൎയ്യം? രാജാക്കന്മാരുടെ ചിത്തത്തിനുണ്ടോ വ്യവസ്ഥ?

ചിത്തത്തിൽമന്മഥമദം,പരരോടസൂയാ
വിത്തത്തിലാശയഭിമാനവിചാരമേററം
കത്തുന്നകോപമിവയൊക്കവരുന്നനേരം
മത്തപ്രഭുക്കളുടെമാതിരിമാറിടുന്നു. (11)

ഏതായാലും പോത്തായി ജനിച്ചില്ലേ? ഇനി കരിയോടണവാൻ മടിക്കുന്നതെന്തിന്? അവിടുന്നു എവിടെയാണെന്നു നോക്കട്ടെ. (ചുററും നോക്കീട്ടു രാജാവിനെ കാണുന്നതായി നടിക്കുന്നു) (അടുത്തുചെന്നു്) അവിടുന്നു് എന്താ വളരെ മൌഢ്യത്തോടെ ഇരിക്കുന്നതു്?

രാജാ--ചെറുശ്ശേരി എന്തൊക്കെയോ പിറുപിറുക്കുന്നതിനെ നോക്കിയിരിക്കുകയാണ്. എന്തൊക്കെയാണു വൎത്തമാനം പറയൂ.

ചെറുശ്ശേരി—കരുക്കളും, നമ്പിയാരും മരക്കാരുടെ അടുക്കൽ പോയിരിക്കുന്നു. എല്ലാം ശരിയായാൽ വിവരം അറിയിക്കും. നാം ഇന്നുതന്നെ അങ്ങോട്ടുക്കു പോണ്ടോ?

രാജാ-- ഇന്നു തിങ്കളാഴ്ചയല്ലെ? ഇന്നു വൈകുന്നേരം പോയാൽ നാളെ രാവിലെ കല്ലായിപ്പുഴയിൽ എത്തും. നാളെ തമ്പാട്ടിയും, കുഞ്ചിയും മററും മാങ്കാവിൽ ഭഗവതിയെ തൊഴുതു മടങ്ങുമ്പോൾ പുഴയിൽ തോണികടക്കുന്ന സമയം ആ തോണിയോടുകൂടി അഴിമുഖത്തുള്ള കപ്പലിലേക്കു കൊണ്ടുവരുവാനാണു തീർച്ചപ്പെടുത്തിയിരിക്കുന്നതു്. ഈ വിവരം ഞാൻ പറഞ്ഞിട്ടില്ലെ? കപ്പൽ ശരിപ്പെടുത്തുന്നതും അതിനല്ലേ?

ചെറുശ്ശേരി--(ആത്മഗതം) നല്ല ധൈര്യം: രാജാക്കന്മാൎക്കെന്തിന്നും ഉറക്കം (പ്രകാശം) പറഞ്ഞിട്ടുണ്ടു്. അങ്ങിനെതന്നെയാണ് ആലോചന. എങ്കിലും ഈ പ്രവൃത്തികൂടാതെ കഴിപ്പാൻ തരമില്ലെ? ഇതു വല്ലാത്ത കഷ്ടംതന്നെ.

രാജാ--ഇതു കൂടാതെ കഴിക്കേണമെങ്കിൽ ചെറുശ്ശേരി വേറെ വല്ല ഉപായവും പറഞ്ഞുതരണം. എന്നാൽ അപ്രകാരം ചെയ്യാം.

ചെറുശ്ശേരി--ഞാൻ പറയുന്നതു് ഇത്ര പ്രയാസപ്പെട്ടു് ഈ തമ്പുരാട്ടിയെ എന്തിനാണു കൊണ്ടുവരുന്നതു്? സാമൂതിരികോവിലകത്തു സ്വല്പസന്താനമേയുള്ളൂ. മരുമക്കത്തായാചാരത്തിന്നു വിരോധമായി ഈ കൃത്യം ചെയ്യേണമൊ? ഇതു വലിയ അനൎത്ഥമായി തീരുമല്ലൊ. അതുകൊണ്ടെനിക്കു വളരെ വ്യസനമുണ്ടു്.

രാജാ-- ഇതു ചെയ്യാതെയിരുന്നാലുള്ള അനൎത്ഥത്തേയും

ചെയ്താലുള്ള അനൎത്ഥത്തേയും താരതമ്യപ്പെടുത്തി നോക്കിയതിൽ ആദ്യം പറഞ്ഞതിന്നാണ പ്രാബല്യമുള്ളതു്. അതുകൊണ്ടു് ഈ കൃത്യം അത്യാവശ്യമാണെന്നാണ ഞാൻ തീൎച്ചപ്പെടുത്തിയതു്. എന്റെ പ്രിയതമ ഞങ്ങൾ തമ്മിൽ പിരിയുമ്പോൾ പറഞ്ഞതിനേയും, ആ ഭാവത്തേയും ഞാൻ എങ്ങിനെ മറക്കും?

ഗാഢാശ്ലേഷം വിടുത്തി പ്രിയയൊടു മൃദുവായ്
ഞാൻ ഗമിക്കട്ടെയെന്നായ്
ശുദ്ധം ചൊന്നൊരു നേരം, മുഖമതുവിളറി,
ദീനമായെന്നെ നോക്കി
ഊഢപ്രേമത്തൊ'ടെന്നെപ്പിരിയുകിലിനി
ഞാനെന്നു കാണും ഭവാനെ?'
പ്രൌഢായെന്നാലുമിത്ഥം പറയുമളവില-
ക്കണ്ണിൽ വെള്ളം നിറച്ചാൾ 12

(വിരഹഭാവം നടിച്ചു ദീർഘശ്വാസം വിടുന്നു)

ഇതിനെ സ്മരിക്കുമ്പോൾ ഇപ്പോഴും എനിക്കു മനോവേദന വൎദ്ധിക്കുന്നു. ഇതു് എന്റെ ഹൃദയത്തിൽ ഇരിക്കുമ്പോൾ ഞാൻ എങ്ങിനെയാണ് എന്റെ പ്രിയയെ ഇങ്ങോട്ടു കൊണ്ടുവരാതെയിരിക്കുക?

ചതുരശ്രേണി.—രാജകുമാരികൾക്ക് അനുരൂപന്മാരായ രാജകുമാരന്മാരെ കിട്ടിയാൽ അവർ വിടുന്നതല്ല. കാമദേവന്റെ കോമരങ്ങളായാൽ അവരെ തടുക്കാനാരാണ്?

രാജാ.—കാമപാരവശ്യം ക്ഷണഭംഗുരമാണ്. എന്നാൽ

അന്യോന്യരാഗംകൊണ്ടുണ്ടാകുന്ന സ്ത്രീപുരുഷന്മാരുടെ സംയോഗം ഈ ലോകത്തിൽ ഏററവും പരിശുദ്ധമായിട്ടുള്ളതാണ്.

ചെറുശ്ശേരി-. എന്നാൽ കോവിലകങ്ങളിലെ തമ്പുരാട്ടിമാർ ആ പരിശുദ്ധമായ ആനന്ദത്തെ പ്രാപിക്കുന്നില്ല. നമ്മുടെ പ്രഭുകുടുംബങ്ങളുടെ കഷ്ടം പറഞ്ഞാൽ ആക്കും രസിക്കുന്നതല്ല. കഷ്ടം; കഷ്ടം!

കമ്പംകാട്ടി നടന്നിടുന്ന വിടരാം
നമ്പൂരിമാരോരോവും
വമ്പന്മാരുടെ വീട്ടിലൊക്കെയുമഹോ!
സന്താനയന്ത്രങ്ങളാം
മുമ്പില്ലാത്തൊരു ചട്ടമാണിതു; വിദേ-
ശക്കാർ ചിരിക്കില്ലയോ?
കമ്പും തുമ്പുമതില്ല നമ്മുടെ പെരും-
വങ്കപ്രഭുക്കൾക്കഹോ! 18

രാജാ-. (വിസ്മയത്തോടെ) എന്താ! ചെറുശ്ശേരി! എന്റെ വിരഹവേദനയിൽ എല്ലാവരേയും ഒന്നിച്ചു നിന്ദിക്കാൻ ഒരു സന്ദർഭം കിട്ടി അല്ലേ? മരുമക്കത്തായ ആചാരമില്ലായിരുന്നുവെങ്കിൽ യുദ്ധവീരന്മാരായ രാജാക്കന്മാരുടേയും, നായന്മാരുടേയും വംശങ്ങൾ മുടിഞ്ഞുപോകില്ലായിരുന്നുവൊ? നമ്പൂരിമാരില്ലെങ്കിൽ പ്രഭുക്കന്മാരുടെ സ്ത്രീകൾ എന്നും വിധവകളല്ലയോ? അവൎക്കു സന്താനം എങ്ങിനെയുണ്ടാകും? പണ്ടത്തെ സൂൎയ്യവംശവും, ചന്ദ്രവംശവും മററും ഇപ്പോൾ എ

വിടെ? ചെറുശ്ശേരി ചിലപ്പോൾ നേരമ്പോക്കു പറഞ്ഞാൽ വല്ലാതെ തറയ്ക്കുന്നു.

ചെറുശ്ശേരി--(ആത്മഗതം) രാജാവിന്റെ ഭാവം മാറി ഇപ്പോൾ വിരാഥയല്ല കോലത്തിരിയാണ്. (പ്രകാശം) എന്നാൽ തമ്പുരാട്ടിക്ക് അവിടുത്തെ പേരിൽ ഇത്ര അധികം അനുരാഗമുണ്ടാവാൻ കാരണമെന്തു?

രാജാ--സ്ത്രീപുരുഷന്മാരുടെ അനുരാഗം ആകസ്മികമായി സംഭവിക്കുന്നതാണ്. അതു ചിലപ്പോൾ സ്ഥാനത്തായി എന്നു വരാം. ചിലപ്പോൾ അതു് അസ്ഥാനത്തുമാകും.

ചെറുശ്ശേരി--എന്നാൽ നമ്മുടെ തമ്പാട്ടിയുടെ അനുരാഗം ഇപ്പോൾ അസ്ഥാനത്തല്ലേ?

രാജാ--(സസ്മിതം) അസ്ഥാനത്താണെങ്കിൽ സ്ഥാനത്താക്കാനാണ് എന്റെ ശ്രമം. ഇനി ആ കാര്യം ആലോചിക്കുക.

ചെറുശ്ശേരി--ഇവിടുന്ന് അങ്ങോട്ട് പോകേണമെന്നുണ്ടോ?

രാജാ--ഞാൻ പോകാതിരുന്നാൽ തമ്പാട്ടി കപ്പലിൽ കേറുന്നതല്ല. ചെറുശ്ശേരിക്കെന്താ വരുവാൻ മടിയുണ്ടോ? എന്താ ഹേ! ഞാനില്ലെ ഒരുമിച്ച്? നാം ഇവിടെനിന്ന് ഊണു കഴിച്ചിട്ടാണു പോകുന്നത്. കപ്പലിൽ ശുദ്ധം മാറി ഒന്നും കഴിക്കേണമെന്നില്ല. സുഖമായി ഉറങ്ങാം. രാവിലെ പുഴയിൽ കുളിച്ചു വല്ലതും കഴിച്ചാൽ മതി.

ചെറുശ്ശേരി— ക്ഷഃ ക്ഷഃ എനിക്കു യാതൊരു മുടക്കവും ഇല്ല. ഇവിടുന്നുണ്ടെങ്കിൽ എനിക്ക് എവിടെയും പോകാം. ആരെല്ലാം വേണം?

രാജാ— അതെല്ലാം കുറുക്കോളോടു പറഞ്ഞിട്ടുണ്ട്. അയാളും അമ്പതു നായന്മാരും വേണം. പിന്നെ കപ്പക്കാരും മററും ഉണ്ടായിരിക്കുമല്ലൊ?

ചെറുശ്ശേരി— നമ്പിയാർ വടകര കോട്ടയിൽ വേണ്ടതെല്ലാം ഒരുക്കുവാൻ പോകേണമെന്നു പറഞ്ഞിട്ടുണ്ടെന്നു പറഞ്ഞു. വടകരെ കോട്ടയിലല്ലെ വന്നിറങ്ങേണ്ടതു? തെക്കെ ഇളംകൂറിനെ വിവരം അറിയിച്ചിട്ടുണ്ടൊ?

രാജാ— എല്ലാം പറഞ്ഞേല്പിച്ചിട്ടുണ്ട്. അവർ വേണ്ടതെല്ലാം പ്രവൎത്തിക്കും. എനിക്ക് ഇതിൽമീതെ ഒരു കാൎയ്യവും ഈ ലോകത്തിലില്ല.

ചെറുശ്ശേരി— സംശയമില്ല. സാമൂതിരി രാജവംശത്തിൽനിന്ന് ഒരു തമ്പുരാട്ടിയെ കിട്ടുന്ന കാൎയ്യം എത്രയും വലിയ കാൎയ്യംതന്നെയാണ്. ഇപ്പോൾ സാധാരണ നായർപ്രഭുക്കന്മാർ തന്നെ രാജാക്കന്മാൎക്ക് അവരുടെ സ്ത്രീകളെ കൊടുക്കുന്നില്ല.

രാജാ— (ആത്മഗതം) ഈ ചെറുശ്ശേരി മൎമ്മത്തിൽ കുത്തുന്ന വകയാണെന്നു ഞാൻ മുമ്പുതന്നെ അറിയും. ഇതു് ഒന്നു നിൎത്തണം (പ്രകാശം ചെറുശ്ശേരി എന്തൊ ഒന്നു പറയുമ്പോഴും മററൊന്നു പറയുന്നതു്. എന്റെ പ്രിയയെ കൊണ്ടുവരുന്ന കാൎയ്യത്തിലധികം വലിയ കാൎയ്യം ഒന്നും എനിക്കില്ല. എന്നാണു ഞാൻ

പറഞ്ഞത്. അത് എന്റെ പ്രിയയിൽ എനിക്കുള്ള പ്രേമാധിക്യത്തെ കാണിക്കുകയാണു ചെയ്യുന്നത്. സാമൂതിരിയുടെ വംശമാഹാത്മ്യത്തെ കാണിക്കുകയല്ല ചെയ്യുന്നത് അങ്ങ് ഇത്ര വിഡ്ഢിത്തം പറയുന്നുവല്ലോ; കഷ്ടം!

ചെറുശ്ശേരി— (ആത്മഗതം) ശുണ്ഠിയെടുത്തുതുടങ്ങി. ഇനി വിനോദം പറ്റില്ല (പ്രകാശം) ഇതെല്ലാംകൊണ്ടും വലിയ കാര്യമാണെന്നു കാണിപ്പാൻ ഞാൻ പറഞ്ഞതാണ്. അല്ലാതെ നിന്ദയായിട്ടൊന്നും പറഞ്ഞതല്ല.

(അനന്തരം ഒരു ഭടൻ പ്രവേശിക്കുന്നു)

ഭടൻ— തമ്പുരാൻ എവിടെയാണ് എഴുന്നള്ളിയിരിക്കുന്നത്? (കണ്ടതായിനടിച്ചു താണു തൊഴുന്നു.)

രാജാ— എടാ! കേളപ്പാ: നീ എന്താ വന്നത്? എല്ലാം ശരിയായോ?

കേളപ്പൻ— എറാൻ— എല്ലാം ശരിയായിരിക്കുന്നു. അമ്രേത്തു കഴിച്ചാൽ തോന്നിക്കാം. കരിക്കുമച്ചനും, ഉഴിച്ചക്കാരും ഒരുക്കമായി അടിയത്താനെ ഇങ്ങോട്ട് ഉണർത്തിപ്പാൻ— വിടകൊള്ളുവാൻ കല്പിച്ചു

രാജാ— നീ പോയിക്കോ. ഞങ്ങൾ ഒരുങ്ങിക്കൊള്ളാം.

കേളപ്പൻ— എറാൻ (താണു തൊഴുതു പോയി.)

രാജാ— ചെറുശ്ശേരി! നേരം സന്ധ്യയായി. ചന്ദ്രപ്രകാശം കണ്ടുതുടങ്ങി; എന്നല്ല:—

പ്രാണേശപരിപീഡിതകാമിനി കരഞ്ഞിട്ടൊന്നാ—
മേണാങ്കബിംബമിഷ സപ്തകലാഭിരാമം
കാണുന്നു ഭംഗിയൊടു തുംഗനഭഃസ്ഥലത്തിൽ
ച്ചൂണമൊന്നു തോന്നി ജലരാശിയിലെന്നപോലെ. 14

(രണ്ടാളും പോയി)

നാലാമങ്കം കഴിഞ്ഞു.

# അഞ്ചാമങ്കം.

[പയ്യൂർ ഭട്ടേരി, മഴമംഗലം നമ്പൂരി, പാറക്കുന്നത്തു നമ്പൂരി, ചെമ്പലശ്ശേരി നമ്പൂരി ഇവർ പ്രവേശിക്കുന്നു]

പയ്യൂർ ഭട്ടേരി.—ഏന്താ! മഴമങ്ങലം! കോവിലകത്തെ വർത്തമാനം കേട്ടില്ലേ? വാസ്തവം തന്നെ അല്ലേ? വല്ല സംശയം ഉണ്ടോ?

മഴമംഗലം.—ഇല്ല; പട്ടേരിക്ക് ഒരു കാൎയ്യത്തിലും സംശയം തീരാറില്ല; അങ്ങനെ പതിവില്ല. ഉവ്വേ?

പാറക്കുന്ന.—വല്ല സംശയമുണ്ടെങ്കിൽ മഴമങ്ങലത്തോട് ചോദിച്ചാൽ അറിയാം. അതാ പട്ടേരി ചോദിച്ചത്.

ഭട്ടേരി.—(ചിരിച്ചുംകൊണ്ട്) അങ്ങനെ പറയൂ;

ചെമ്പലശ്ശേരി.—അതെന്താത്. മഴമങ്ങലത്തിന് അത്ര നിശ്ചയം എങ്ങിനെ?

പാറക്കുന്ന.—മഴമങ്ങലം ഒരുമാതിരി നല്ലവണ്ണം ശ്രമിച്ച കൂട്ടത്തിലാണ്. മഴമങ്ങലത്തിനല്ലേ പോയത്തു മുഴുവനും?

മഴമംഗലം.—എന്തിനാ എന്നെ പറയുന്നത്? പട്ടേരിയാണു ഇതിനവകാശി; പട്ടേരിക്കാണു പോയത്ത്.

ചെമ്പലശ്ശേരി.—ശരിയാണു മഴമംഗലം; ആഭിജാത്യം,

അധികം പഠിപ്പ്, രാജസേവ മുതലായ യോഗ്യതകൾ പട്ടേരിക്കാണധികമുള്ളത്. മഴമംഗലത്തിന്നവകാശമില്ല.

പട്ടേരി—ഇനി അനാവശ്യമായ സംസാരം വേണ്ട. കാൎയ്യം നടന്നതു വാസ്തവം തന്നെയെന്നു തീൎച്ച. ഇതു് എങ്ങിനെ നടന്നു എന്നാണു കേട്ടത്? തമ്പാട്ടിയെ ആരാ കൊണ്ടുപോയത്? എവിടെക്കാണു കൊണ്ടുപോയത്? അതാണ് അറിയേണ്ടത്.

പാറക്കന്ന്—അതു ഞാൻ പറയാം. തമ്പുരാട്ടിയും, കുഞ്ഞിയും നാലഞ്ചു് അടിക്കാരും കൂടി മാങ്കാവു ഭഗവതിയെ തൊഴാൻ പോയിരുന്നു. മടക്കത്തിൽ പുഴയിൽ തോണി കേറിയതു മാറിപ്പോയി. തോണിക്കാർ തോണിയും കൊണ്ടു് അഴിമുഖത്തിലേക്ക് പാഞ്ഞുകളഞ്ഞു. ഇതാ വാസ്തവം.

ചെമ്പലശ്ശേരി—ഇതു് അവാസ്തവം. അല്ലേ? ഞാൻ കേട്ടതു ഞാൻ പറയാം. കോലത്തിരി ഇയ്യിടെ ഇവിടെ വന്നപ്പോൾ തമ്പുരാട്ടിയെ കണ്ടു മോഹിച്ചുപോൽ. കല്ലൂര നമ്പൂരിയെക്കൊണ്ടു തോണിയെ വശീകരിപ്പിക്കുകയാണ് ഉണ്ടായതു് എന്നും, തോണി പുഴയുടെ നടുവിലായപ്പോൾ താനേ അഴിമുഖത്തിലേക്കു തിരിഞ്ഞു എന്നുമാണു ഞാൻ കേട്ടതു്.

മഴമംഗലം—കോലത്തിരി തമ്പാട്ടിയെ കൊണ്ടുപോയാലും അപരാധം നമ്പൂരിക്കാണ്. കല്ലൂരിന്റെ തലക്കാണു കുററം ആരോപിച്ചിരിക്കുന്നതു്. തല്ലു ചെണ്ടക്കും, പണം മാരാനും അല്ലേ പതിവു്?

പാറക്കന്നു്—പട്ടേരി! കോലത്തിരിയാണു കൊണ്ടുപോ

യത്തു് എങ്കിൽ വല്ല ഭ്രഷ്ടം സാമൂരിക്കൊ, കോല
ത്തിരിക്കൊ ഉണ്ടോ? ആരാ ഉയൎന്ന ജാതി?

പട്ടേരി— അതിന്നു സംശയമുണ്ടോ? കോലത്തിരിത
ന്നെ. കോലത്തിരിക്കു പൂണൂലും, ഗായത്രിയും ഉണ്ട
ല്ലൊ. കോലത്തിരി 'അടികളാ'ണു്. സാമൂതിരി ഏ
റാടികളാണു്.

പാറക്കന്നു്— 'അടികളും' 'ഏറെ അടികളും' ആകു
മ്പോൾ അടികൾ ഏറിയവൎക്കല്ലെ വലിപ്പം? അ
ങ്ങിനെ ഒരു വ്യാഖ്യാനം വന്നാലൊ?

ചെമ്പലശ്ശേരി— 'വേണാട്ടിരി അടികൾ' എന്നു പഴയ
പട്ടയങ്ങളിൽ കണ്ടിട്ടില്ലെ? വേണാട്ടു രാജാവും കൊ
ലത്തുനാട്ടു രാജാവും ഒരേജാതി.—എന്തിന്നു്—ഒരേവം
ശമാണു്.

മഴമംഗലം— രാജാക്കന്മാരെ വിളിക്കുമ്പോൾ 'തിരുവ
ടികൾ' എന്നു വിളിക്കുന്ന പതിവാണു്. വേണാട്ടു
രാജാവിനെ 'രാമവൎമ്മ തിരുവടികൾ' എന്നു വിളി
ക്കുന്നില്ലെ?

പട്ടേരി— ജാതികൊണ്ടൊന്നും തരക്കേടില്ല. പക്ഷെ സാ
മൂതിരിയുടെ കോവിലകത്തുതന്നെ കള്ളൻ കട
ന്നാൽ രാജാവിൻെറ വില എത്രത്തോളമുണ്ടു്?

ചെമ്പലശ്ശേരി— എന്നാൽ പട്ടേരിചെന്നു സാമൂതിരിയുടെ
അടുത്തു ചെന്നു് ഏഷണി കൂട്ടിക്കൊള്ളു.

മഴമംഗലം— ഛേ: വരട്ടെ! വരട്ടെ! അതാ കിള്ളിമങ്ങ

ലം വരുന്നു. അാദ്ദേഹത്തോടു ചോദിച്ചാൽ വിവരം മുഴുവനും അറിയാം. (അനന്തരം കിളിമംഗലത്തു നമ്പൂരി പ്രവേശിക്കുന്നു)

(എല്ലാവരും കിളിമംഗലത്തെ സ്വീകരിച്ചിരുത്തുന്നു)

പാറക്കുന്ന്.—എന്താ കിളിമംഗലം ഈശ്വരസ്സേവചെയ്തു, ഈശ്വരസ്സേവചെയ്തു, തമ്പുരാട്ടിയെ പുറത്താക്കിയോ? എന്താ വർത്തമാനം കേൾക്കട്ടെ.

ചേലശ്ശേരി.—അതങ്ങിനെയാ പതിവു്. കളിപ്പിച്ചു കളിപ്പിച്ചു് ഉണ്ണിയെ കാണിച്ചു.

കിളിമംഗലം.—പിന്നേ—ഒരു കാൎയ്യം ഉണ്ടു്. സാമൂരിചാരന്മാരെ വെച്ചിട്ടുണ്ടു്. എല്ലാം പതുക്കെപ്പറയണം. ഇതിനെപ്പററി എന്തൊക്കെയാണു പറയുന്നതു് എന്നറിവാൻ ചാരന്മാർ നടക്കുന്നുണ്ടു്. നമ്പൂരിമാരായിരിക്കും. സൂക്ഷിച്ചു സംസാരിക്കണം.

മഴമംഗലം—കിളിമംഗലം ചാരനല്ലല്ലൊ? ഇവിടെ ശ്രുകസാരണന്മാരെക്കൂടി ഭയമില്ല. ആകട്ടെ. അതും—ഇതും—പറഞ്ഞു സമയം കളയണ്ട. കിളിമംഗലം തമ്പുരാട്ടിയുടെ ഒരുമിച്ചു പോയ ആളല്ലെ? ഉണ്ടായ വിവരം പറയു.

കിളിമംഗലം—പറയാം. (എല്ലാവരും കേൾക്കുന്നു.) ചൊവ്വാഴ്ച മാങ്കാവിൽ ഭഗവതിയെ തൊഴാൻ തമ്പുരാട്ടി പോകുന്നുണ്ട്: കൂടെ പോണം എന്നു വലിയതമ്പുരാട്ടി എന്നോടു പറഞ്ഞു. ഞാൻ അന്നു രാവിലെ ചെറിയ തമ്പുരാട്ടിയുടെ കോവിലകത്തു ചെന്ന

പ്പോൾ നാലു നായന്മാർ അകമ്പടിക്കു വാളും പരിചയുമായി നില്ക്കുന്നുണ്ടു്. രണ്ടു ദാസികളുമുണ്ടു്. പുറപ്പെട്ടു നില്ക്കുന്നു.

മഴമംഗലം—വലിയ തമ്പുരാട്ടിയും കൂട്ടക്കാരും ആരും ഇല്ല. അല്ലേ? പറയു: പറയു:

കിളിമംഗലം—എന്നെക്കണ്ടു ഉടനെ എല്ലാവരും ഇറങ്ങി. അകമ്പടിക്കാർ മുമ്പിലും, ഹരിക്കാരന്മാർ പിന്നിലും, ഞങ്ങൾ നടുവിലുമായി പോയി. കടവത്തു് എത്തിയപ്പോൾ തമ്പുരാട്ടിയും, കുഞ്ചിയും ഒരു തോണിയിൽ കേറി. മറ്റുള്ളവർ വെവ്വേറെ തോണികളിൽ കേറി. കടവു കടന്നു് അമ്പലത്തിലേയ്ക്കു പോകയും ചെയ്തു.

ചെമ്പലശ്ശേരി — അങ്ങോട്ടു പറയു:

കിളിമംഗലം— കുളിയും, തൊഴലും കഴിഞ്ഞു. അവിടെത്തന്നെ പ്രാതലിനും വട്ടമുണ്ടായിരുന്നു. അതും കഴിച്ചു. പുറപ്പെട്ടു തിരുവണ്ണൂരുവഴിക്കായി കടവത്തു് എത്തിയപ്പോൾ രണ്ടു നായന്മാര് ഒരു തോണിയുംകൊണ്ടു കാത്തുനില്ക്കുന്നു.

പാറക്കുന്നു്—മുമ്പു തോണികടത്തിയവരല്ലേ; അതേയോ?

കിളിമംഗലം— അല്ല- അവർ തമ്പുരാട്ടിയെ കണ്ടപ്പോൾ 'ഇതിൽ എഴുന്നള്ളാം' എന്നു പറഞ്ഞു് എന്തോ കയ്യിൽ കൊടുത്തു. തമ്പുരാട്ടിയും കുഞ്ചിയും വേഗപ്പെട്ടു് ആ തോണിയിൽ കേറുന്നതും കണ്ടു.

പട്ടേരി—അപ്പോൾ അകമ്പടിക്കാരും, ദാസികളും, ഹരിക്കാരന്മാരും എവിടെയായിരുന്നു?

കിളിമംഗലം — അവരൊക്കെ തമ്പുരാട്ടി ചെയ്യുന്നതിൽ വിരോധം പറയുമോ? അവരും ഓരോ തോണിയിൽ കേറിത്തുടങ്ങി. അപ്പോഴയ്ക്കും തമ്പുരാട്ടിയുടെ തോണി പുഴയുടെ നടുവിൽ എത്തി. പടിഞ്ഞാട്ടേയ്ക്കു തിരിഞ്ഞുകഴിഞ്ഞു.

ചെമ്പലശ്ശേരി — അപ്പോൾ ഈ അകമ്പടിനായന്മാർ എന്തുചെയ്തു, കിളിമംഗലം? തോണിയെ പിടിച്ചുനിർത്തുവാൻ ആരും ശ്രമിച്ചില്ലേ?

കിളിമംഗലം — ഞാൻ കരയ്ക്കൽ നില്ക്കുകയായിരുന്നു. അവർ നായന്മാരാണോ? കുശവന്മാർ; അവർ കൂക്കാനും വിളിക്കാനും തുടങ്ങി. തമ്പുരാട്ടിയുടെ തോണി അപ്പോഴയ്ക്കും അഴിക്കലെത്തി. പിന്നെ പുഴയിൽ കോലാഹലംതന്നെ. അനേകം തോണിക്കാരും മാപ്പിള്ളമാരും അഴിക്കലേയ്ക്കു പാഞ്ഞു.

പട്ടേരി — തമ്പുരാട്ടിയുടെ അനുവാദത്തോടുകൂടീട്ടാണു പോയിട്ടുള്ളത് എന്നു പ്രത്യക്ഷമാകുന്നുണ്ട്. അടയാളമുദ്രയും, ഏർപ്പാടും മററും കാണുമ്പോൾ അങ്ങിനെയായിരിക്കണം. ഇതിന്റെ ഉള്ളിലാരാണ്?

കിളിമംഗലം — സ്വകാര്യമായിരിക്കണം, കോലത്തിരിയാണെന്നാണു വർത്തമാനം. കോലത്തിരി ഇയ്യിടെ ഇവിടെ വന്നപ്പോൾ; നമ്മുടെ രസികൻ ചെറുശ്ശേരിയില്ലേ? — അദ്ദേഹം കോലത്തിരിയേയും, തമ്പുരാട്ടിയേയും കൂട്ടിച്ചേർത്തുവിട്ടിട്ടുണ്ടെന്ന് ഒരു സ്വകാര്യവർത്തമാനമുണ്ട്.

മഴമംഗലം—ഇതെല്ലാം എങ്ങിനെ അറിഞ്ഞു കിളിമംഗലം? പറയൂ, പറയൂ.

കിളിമംഗലം—ഞാനും, വലിയ തമ്പുരാട്ടിയുംകൂടി തമ്പാട്ടിയുടെ ദാസിയായ കുഞ്ഞിയെ വിസ്തരിച്ചു. കുഞ്ഞിയുടെ തെളിവുതന്നെയാണു സാമൂരിക്കും കിട്ടീട്ടുള്ളതു്. കോലത്തിരിയാണെന്നുള്ള ഊഹം അങ്ങിനെയാണു് ആദ്യം ഉണ്ടായതു്.

പട്ടേരി—വലിയതമ്പുരാട്ടി ഇപ്പോൾ എന്തുപറയുന്നു? വ്യസനമുണ്ടോ? ദാസിവിചാരം കഴിഞ്ഞില്ലേ?

കിളിമംഗലം—വലിയ തമ്പുരാട്ടിയ്ക്കു നല്ല ധൈര്യം. 'വന്നവന്റെ കൂടെ ഓടിയവൾ ഈ നെടിയിരിപ്പു സ്വരൂപത്തിൽ ഇരിക്കേണ്ടവളല്ല. പുകഞ്ഞ കൊള്ളി പുറത്തു പോട്ടെ' എന്നാണു പറയുന്നതു്.

പാറക്കുന്നു്—അതിൽ ഒന്നേ ഉള്ളു: മകൾ നല്ല പ്രാപ്തനായ ഭർത്താവിന്റെ കൂടെപ്പോയാൽ അമ്മയ്ക്കു നല്ല ധൈര്യമുണ്ടായിരിക്കും.

കിളിമംഗലം—അയി! അങ്ങിനെയല്ല. വലിയതമ്പുരാട്ടിക്കു വളരെ ദേഷ്യമുണ്ടു്. 'ആ കിടാവിനെ ഇനി ഇതിന്റെ അകത്തു കടത്തരുതു്' എന്നാണു പറയുന്നതു്.

പട്ടേരി—ഇനി, ഇപ്പോൾ-എന്താ ഭാവം?

കിളിമംഗലം—ഇനി എന്താ ഭാവം എന്നു മനസ്സിലായില്ല. കാര്യക്കാര്, കൂടെപ്പോയവരേയും, പിന്തുടന്നു പോയവരേയും വിചാരണചെയ്യുന്നു. സാമൂരി വള്ള

രെ ക്രുദ്ധനായിരിക്കുന്നു. ആരും സമീപത്തു പോകു ന്നില്ല.

പട്ടേരി—ഏതായാലും കോവിലകത്തെ തമ്പുരാട്ടിമാരെ തന്നെ കളവുചെയ്തു കൊണ്ടുപോവാൻതുടങ്ങി.

മഴമംഗലം— ഇതു കളവാണോ? തമ്പുരാട്ടി സ്വയമേവ പോയതല്ലേ?

കിളിമംഗലം— നാം ഇവിടെ അധികം താമസിക്കേ ണ്ട. മന്ത്രിമാരും മററും ഇപ്പോൾ ഇവിടെ വരും. നാം പിരിയുക; അതാണു നല്ലതു്.

(എല്ലാവരും പോയി)

വിഷ്കംഭം കഴിഞ്ഞു.

---

(അനന്തരം സാമൂതിരിപ്പാട്ടും മനക്കോട്ടു നമ്പൂതി രിയും പ്രവേശിക്കുന്നു.)

സാമൂതിരിപ്പാട്—എന്താ! മനക്കോട്! ഇത്ര വലിയ അപമാനം നെടിയിരിപ്പുസ്വരൂപത്തിന്നു് എന്റെ കാലത്തു വന്നുകൂടിയവല്ലോ. ഞാൻ ഇനി ഇരുന്നിട്ടു പ്രയോജനമില്ല.

മനക്കോട്—കോലത്തിരിയുടെ ഒരുമിച്ചാണു പോയതെ ങ്കിൽ നമ്മുടെ സ്വരൂപത്തിലേയ്ക്കു യാതൊരു അപ മാനവും ഇല്ല. അതിനെപ്പററി യാതൊരു സുഖക്കേ ടും അവിടെയ്ക്കു വേണ്ട.

സാമൂതിരിപ്പാട്—ആരായാലും അപമാനംതന്നെ. ഇ

കാൎയ്യത്തിൽ നാം എന്താണു ചെയ്യേണ്ടതു്? ശ്രീബുദ്ധിയുടെ ഒരു കരുത്തു നോക്കു.

കഷ്ടിച്ചഞ്ചുവയസ്സുതൊട്ടധികമായ്
ലാളിച്ചു രക്ഷിച്ചഹോ!
ശിഷ്ടാചാരമെഴുത്തുവായനതുട-
ന്നെല്ലാം പഠിപ്പിച്ചു ഞാൻ;
കഷ്ടപ്പെട്ടു വളൎത്തി യൌവനദശ-
യ്ക്കെത്തിച്ചകാലത്തു ത-
ന്നിഷ്ടംപോലെയൊളിച്ചുപോയവളെയ-
ങ്ങെന്തിനു ചെയ്യേണ്ടു ഞാൻ? 1

മനക്കോട്ട്—ഇങ്ങിനെ അവിടുന്നു വ്യസനിക്കുന്നുവല്ലോ! ഞങ്ങളൊക്കെ കിടാങ്ങളെ വളൎത്തി ഒടുവിൽ അന്യനല്ലേ വേളികഴിച്ചുകൊടുക്കുന്നതു്?

സാമൂതിരി—കോലത്തിരി ഈ ധിക്കാരം ചെയ്തതു നന്നായോ? കോലത്തിരിയുടെ വംശത്തെക്കാൾ പ്രതാപമുള്ള ഒരു രാജവംശമല്ലേ ഇതു്. ഇവിടെനിന്നു് ഒരു പെൺകിടാവിനെ ഇറക്കി കപ്പൽകേററി കൊണ്ടുപോകാമോ? സ്ത്രീകളെ കപ്പൽ കേററാമോ? (കോപം നടിച്ചു്) ആകട്ടെ! ഞാൻ ഇതിന്റെ പരമാൎത്ഥം അറിയട്ടെ: ഞാൻ ഇതിനെ ക്ഷമിക്കുന്നവനാണോ?

ഭാസ്കരദ്യുതിസമാനസമ്മതപരാക്ര-
മൻ ഭുവനവിക്രമൻ
ഭാസ്കരാഖ്യ രവിവൎമ്മനെന്ന പെരുമാളു
താൻ പെരുവാളുമായ്

സംസ്കരിച്ച രണപാടവത്തൊടു ഗമിച്ചു
ഞാനഥ വധൂ-
തസ്കരൻെറ ഗളമങ്ങരുത്തു കലദേവ-
തയ്ക്കു ബലിചെയ്യുവൻ. 2

ഈ ധിക്കാരം പ്രവൎത്തിച്ചതിന്നു പ്രതികാരം ഇങ്ങിനെയാണു ഞാൻ നിശ്ചയിച്ചിരിക്കുന്നതു്.

മനക്കോട്ട്—'താമൂരി കത്തുമോ' 'കോലത്തിരി കത്തുമോ' എന്ന വാദംകൊണ്ടുണ്ടായ സുഖക്കേട് ഒരുമാതിരി തീൎന്നേയുള്ളൂ. അപ്പൊഴയ്ക്കും ഈ കടുങ്കയ്യ് കോലത്തിരി ചെയ്തതു നന്നായില്ല.

സാമൂതിരിപ്പാട്—അതൊക്കെ കേൾപ്പാനും പറയാനും രസമുണ്ട്. സ്ത്രീകളെ കട്ടുകൊണ്ടുപോകുക എന്ന നീചകൎമ്മം ആരെങ്കിലും ചെയ്യുമോ? അതും നമ്മുടെ സ്വരൂപത്തിൽ?

സ്വല്പനാളതുകൊണ്ടു കോലസ്വരൂപനാട്ടി-
നുള്ളിലഥ നമ്മുടേ
മാപ്പിളപ്പട കടന്നു കൊള്ളയിടുമെന്ന
കാൎയ്യമറിയാതഹോ
അല്പനാമുദയവൎമ്മ നിന്നിവിടെ വന്നു
ചെയ്ത കെട്ടകാൎയ്യമെ-
ങ്ങെപ്പൊഴും ബഹുജനത്തിനുള്ളിലിത്തു നിന്ദ-
യേററമുളവാക്കിടും. 3

മനക്കോട്ട്—ശ്രീകൃഷ്ണൻ, അൎജ്ജുനൻ മുതലായവർ സ്ത്രീകളെ ബലാൽകാരമായി കൊണ്ടുപോയിട്ടില്ലേ? അ

തെല്ലാം വിചാരിച്ചു സമാധാനമായിട്ടായിരിക്കും ഈ പ്രവൃത്തി ചെയ്തിരിക്കുക. പിന്നെ രാക്ഷസവിവാഹം രാജാക്കന്മാൎക്കു വിധിച്ചതാണല്ലൊ?

സാമൂതിരി—മനക്കോടിന്നു് ഈ പ്രവൃത്തിയിൽ അധികം തെററു തോന്നീട്ടില്ലെന്നു തോന്നുന്നു. കൃഷ്ണനോടും, അൎജ്ജുനനോടും ഉപമിക്കുവാൻ ഒരു യോഗ്യനെ കണ്ടതു ചിത്രമായി!

മനക്കോട്ട്—ചെയ്തതു നന്നായി എന്നല്ലാ പറയുന്നതു്. മററു ആൎക്കും ചെയ്വാൻ ഒരു സമാധാനം ഇതായിരിക്കും എന്നാണു പറയുന്നതു്.

സാമൂതിരി—ശ്രീകൃഷ്ണൻ മുതലായവരോടു് ആരും ചോദിക്കാതെയും, പ്രതികാരം ചെയ്യാതെയും ഇരുന്നിട്ടില്ലാ. അവരുടെ പരാക്രമംപോലെയുള്ള പരാക്രമത്തോടുകൂടി എന്നോടെതൃത്തു യുദ്ധംചെയ്തു ജയിക്കയും ചെയ്യട്ടെ. ആരും വേണ്ടേ? (ഉച്ചത്തിൽ) ആരാ അവിടെ?

(നടയിൽ തവണക്കാരൻ പ്രവേശിക്കുന്നു.)

നടയിൽതവണക്കാരൻ—ഏറാൻ! അടിയൻ.

സാമൂതിരി—അകമ്പടിക്കാരിൽ ഒരുവനെ അയച്ചു മങ്ങാടനേയും, തമ്മനെയും ഇങ്ങോട്ടു വരുത്തണം. വേഗം വേണം.

ന-ത--ഏറാൻ-അടിയൻ കല്പനപോലെ.

സാമൂതിരി--പിന്നെ! മനക്കോട്ട്! കോലത്തിരിയാണെന്നു തീൎച്ചയായാൽ ഇക്കുറി ഞാൻ കോലത്തിരിയുടെ മദം ശമിപ്പിച്ചേ ഇരിക്കൂ. ഏതായാലും നാട്ടുകാൎക്കും,

നഗരക്കാൎക്കും അറിവുകൊടുക്കട്ടെ. എത്രകാലം ഈ
ധിക്കാരം കണ്ടുകൊണ്ടിരിക്കും?

മനക്കോട്ട്——കോലത്തിരിയാണെങ്കിൽ യുദ്ധം വേണ്ടെന്നുവെയ്ക്കുകയല്ലേ വേണ്ടതു്? അദ്ദേഹം മരുമകളുടെ ഭൎത്താവായില്ലേ? ബന്ധുത്വം വന്നില്ലേ? ഇനി എന്തിനാണു പരിഭവിക്കുന്നതു്? മരുമകൾക്കും വ്യസനമാവില്ലേ?

സാമൂതിരി——മാനത്തിൽനിന്നു മീതെയാണോ മരുമകൾ? മരുമകൾ അത്ര നന്നെങ്കിൽ ഞാൻ അറിയാതെ ചാടിപ്പോകുമോ?

മനക്കോട്ട്——എല്ലാം നല്ലവണ്ണം ആലോചിച്ചിട്ടു മതി, ധൃതിപ്പെടേണ്ട.

നടയിൽ തവണക്കാരൻ (പ്രവേശിച്ചു്) മങ്ങാട്ടച്ചനും, പണിക്കരും എത്തി. കല്പനയായാൽ—

സാമൂതിരി——വേഗത്തിൽ ഇങ്ങോട്ടു വരാൻ പറ. (അനന്തരം മങ്ങാട്ടച്ചനും, തമ്മോത്തു പണിക്കരും പ്രവേശിക്കുന്നു.)

മങ്ങാട്ടച്ചൻ——(രാജാവിനെ നോക്കീട്ടു്) പണിക്കരെ! തമ്പുരാനെ നോക്കൂ:

ജാത്യാം രക്തനിറം കലൎന്ന വദനം
നന്നേച്ചുകന്നുജ്ജ്വലി-
ച്ചത്യന്തം കലുഷങ്ങൾ, കണ്ണുകൾ ചലി-
ച്ചീടുന്നു രണ്ടും സ്വയം

പ്രത്യംഗം വിറയുണ്ടു, ചുണ്ടുകൾ വിറ-
ച്ചിടുന്നു ഹാ! തമ്പുരാൻ
പൃത്ഥ്വ്യാം കോപമൊടാണിരിപ്പതിവിടെ
സ്സംഹാരരുദ്രോപമൻ. 4

ഇങ്ങിനെ ഇരിക്കുമ്പോൾ എങ്ങിനെയാണു് ഈ വർത്തമാനങ്ങൾ പറയേണ്ടതു്?

പണിക്കർ--അത്രമാത്രമല്ല

വല്ലായ്മ തെല്ലും സഹിയാഞ്ഞിടയ്ക്കിടെ-
പ്പല്ലും കടിച്ചങ്ങു കരം തിരുമ്മിയും
വല്ലാതെ കോപത്തൊടു മേവുമീനൃപൻ
കൊല്ലാതടങ്ങില്ലിഹ കോലഭൂപനെ. 5

(രണ്ടാളും സാമൂതിരിപ്പാട്ടിനെ കണ്ടതായി നടിച്ചു് താണുതൊഴുന്നു.)

സാമൂതിരി--(നോക്കീട്ടു്-കോപത്തോടെ) കിടാവിനെ കൊണ്ടുപോയതു കോലത്തിരിതന്നെ അല്ലേ?

മങ്ങാട്ടച്ചൻ--ഏറാൻ, കോലത്തിരിതമ്പുരാൻതന്നെയാണു തമ്പുരാട്ടിയെ കൊണ്ടുപോയതു്. കോട്ടയ്ക്കൽ കുഞ്ഞാലിടെ സഹായത്തോടുകൂടീട്ടാണു കൊണ്ടുപോയതു്.

സാമൂതിരി--കോലത്തിരി കപ്പലിൽ ഉണ്ടായിരുന്നുവോ?

മങ്ങാട്ടച്ചൻ—ഉവ്വു്: അവിടുന്നു തന്നെയാണു തമ്പുരാട്ടിയെ തോണിയിൽനിന്നു കപ്പലിലേക്കു കേറിയതു്.

സാമൂതിരി—ഓനയും, ഓളെയും ഞാൻ കുഞ്ഞാലിയുടെ ബന്ധുക്കളാക്കിവിടാം. എന്താ 'മനക്കോട്ടു്!' മിണ്ടാ

തിരിക്കുന്നതു? മാപ്പിളയുടെ കൂട്ടത്തിൽ കപ്പലിൽ സഞ്ചരിച്ചാൽ ജാതിയിൽനിന്നു ഭ്രഷ്ടനായില്ലേ?

മനക്കോട്ട്—അങ്ങിനെ ചെയ്താൽ പതിതത്വമുണ്ട്. പ്രായശ്ചിത്തം ചെയ്താൽ മതി.

മങ്ങാട്ടച്ചൻ—കപ്പലിൽ തമ്പുരാനും, ചെറുശ്ശേരി നമ്പൂരിയും പത്തുനാല്പതു നായന്മാരും മാത്രമേ ഉണ്ടായിരുന്നുള്ളു. മാപ്പിളമാർ വേറെ കപ്പലിൽ ആയിരുന്നു.

സാമൂതിരി—ആരാ പറഞ്ഞതു്?

മങ്ങാട്ടച്ചൻ—അന്വേഷണത്തിൽ കിട്ടിയ വിവരങ്ങളാണിതൊക്കെയും.

മനക്കോട്ട്—അത്രയല്ലേ ഉത്സാഹിപ്പാനും കാരമുള്ളു? കോലത്തിരിക്കും നമ്മെപ്പോലെ ജാതിയേയും, വംശത്തേയും ബഹുമാനമുണ്ടാവില്ലേ?

സാമൂതിരി—കോലത്തിരി കാമാന്ധനാണ്; കാമാന്ധന്മാർക്കു മേലും കീഴും ഇല്ല.

തമ്മോത്തുപണിക്കർ—അവിടുന്നരുളിച്ചെയ്തതു ശരിയാണ്.

സാമൂതിരി—തമ്മേ! താൻ പോയി നായന്മാരെ എല്ലാം വിളിച്ചുകൂട്ടണം. മങ്ങാടൻ നാട്ടുകളിലേക്കെല്ലാം ഇപ്പോഴ് തന്നെ തീട്ടെഴുതണം. പടക്കെല്ലാം ഒരുങ്ങട്ടെ. കോലത്തിരിയുടെ ധിക്കാരം നിൎത്തണം. തീച്ചതന്നെ.

മനക്കോട്ട—വരട്ടെ! ഒന്നു ചോദിക്കട്ടെ! മൂരിയാട്ടുകടവു

വിട്ടു കല്ലായി കടവിൽക്കൂടി വരുവാൻ കാരണമെന്താണ്?

മങ്ങാട്ടച്ഛൻ—മാങ്കാവിൽനിന്നു തിരുവണ്ണൂർക്കുപോയി ആ വഴിയായി കല്ലായി കടവിങ്കലേക്കു വന്നു. ആ വഴിക്കാണു വരുന്നതു് എന്നു മുതാണിക്കാരോടു പറഞ്ഞിട്ടുമുണ്ടായിരുന്നു.

മനക്കോട്ട്—എന്നാൽ തമ്പാട്ടി ചാടിപ്പോവാൻ മുൻകൂട്ടി ഒരുങ്ങിട്ടാണു പുറപ്പെട്ടിരുന്നതു് എന്നു തീർച്ചപ്പെടുത്താം. ഈ കാൎയ്യത്തിൽ തമ്പാട്ടി കോലത്തിരിയെക്കാൾ തെറ്റുകാരിയാണ്. (അനന്തരം നടയിൽ തവണക്കാരൻ പ്രവേശിച്ചു തൊഴുതുനില്ക്കുന്നു)

സാമൂതിരി—എന്താണു വന്നതു്?

തവണക്കാരൻ—എറാൻ! വടക്കിനു് അറേപ്പൻ നമ്പൂരിപ്പാടു തിരുമനസ്സുകൊണ്ടു് എഴുന്നള്ളി സമയംപാൎത്തു നില്ക്കുന്നു.

സാമൂതിരി—മനക്കോട്! എന്തിനാ അറേപ്പൻനമ്പൂരി ഇപ്പോൾ വന്നിരിക്കുന്നതു്? നാം ആരേയും കാണ്മാൻ വിചാരിക്കുന്നില്ല.

മനക്കോട്ട്—അവിടുന്നു് അല്പം ക്ഷമിക്കണം. എന്താ അന്തൎഗ്ഗതം എന്നു് അറിഞ്ഞിട്ടു വേണ്ടതു പ്രവൃത്തിക്കാം. കാണുന്നതിന്നു് എന്താ വിരോധം? എടാ ചെന്നു കൂട്ടിക്കൊണ്ടുവാ.

തവണക്കാരൻ—എറാൻ! അടിയൻ കല്പനപോലെ (പോയി)

സാമൂതിരി—ഈ നമ്പൂതിരിമാരെക്കൊണ്ടുള്ള ഉപദ്രവം

കരച്ചൊന്നുമല്ല. എല്ലാ കാൎയ്യങ്ങളിലും അവൻ മുമ്പിൽ ചാടിവീഴും. ഇവിടെ വന്നാൽ സാധാരണ കുലശപ്രശ്നമല്ലാതെ മറെറാന്നു പറവാൻ ഞാൻ സമയം കൊടുക്കുന്നതല്ല. തീൎച്ചയാണ്.

മനക്കോട്ട്--വരട്ടെ! നമുക്കു വേണ്ടപോലെ പറഞ്ഞയക്കാം. (അനന്തരം അറേപ്പൻനമ്പൂരിയോടുകൂടെ നടയിൽ തവണക്കാരൻ പ്രവേശിക്കുന്നു.)

തവണക്കാരൻ--(നമ്പൂരിയോട്) ഇവിടെയാണ് എഴുന്നള്ളിയിരിക്കുന്നത്.

അറേപ്പൻ—സാമൂതിരി കാൎയ്യക്കാരന്മാരോടും മനക്കോട്ടനോടുംകൂടി എന്തോ കാൎയ്യമായി ആലോചിക്കുകയാണെന്നു തോന്നുന്നു. ഭാവങ്ങളെല്ലാം മാറിക്കാണുന്നു. നമ്മുടെ കാൎയ്യം എങ്ങിനെ പറയും കോലത്തിരിയുടെ ഗുണം ഇദ്ദേഹത്തിനില്ല. പിന്നെ ഞാനായിട്ട് അധികം പരിചയവുമില്ല.

എന്നു മാത്രമല്ല.

കോലാധിനാഥനഥ കാന്തഗുണപ്രധാനൻ
ശൈലാബ്ധിപാലനിഹ ഭീമഗുണാഭിമന്യൻ
കാലോചിതത്തെയറിയാതിവിടെ സ്വകാൎയ്യ-
മാലോചനക്കു ലഘുവല്ലവിടത്തെ മട്ടിൽ 6

(അടുത്തുചെന്നു) ഇവിടേക്കു സൌഖ്യം തന്നെയല്ലേ? അവിടേക്ക് ആയുരാരോഗ്യം വൎദ്ധിച്ചുവരട്ടെ.

സാമൂതിരി—നമ്പൂരി ഇവിടെ ഇന്നാണോ വന്നത്? വഴിക്കു യാതൊരു സുഖക്കേടുംകൂടാതെ തന്നെ എത്തിയില്ലേ?

മനക്കോട് —(നമ്പൂരിയോട്) സൌഖ്യം തന്നെയല്ലേ? കണ്ടിട്ടിശ്ശി നാളായി. വഴിയാത്രകൊണ്ടായിരിക്കാം ഇത്ര പരവശം. കുളിയും ഊണും ഒന്നും കഴിഞ്ഞിട്ടില്ലെന്നുണ്ടോ?

അറേപ്പൻ....(സാമൂരിയോട്) സുഖക്കേടൊന്നും കൂടാതെ എത്തി. (മനക്കോടിനെ നോക്കി). നല്ലകാര്യം

മനക്കോട് —ഛേ! എന്ത ഔദാര്യം. ഞാൻ കാലത്തു വരക്കൽ എത്തി. കുളിയും ഊണും, അവിടെ കഴിച്ചു. ഇപ്പോൾ അവിടിന്നാണു വരുന്നത്.

സാമൂതിരി—എന്നാൽ ഒരു കാര്യം പറയാം. നമ്പൂതിരി വല്ലരെ ക്ഷീണിച്ചിരിക്കുന്നു. അല്പം വിശ്രമിക്കുകയാണു നല്ലതു്. മങ്ങാടൻ അദ്ദേഹത്തെ കൂട്ടിക്കൊണ്ടു പോയി വേണ്ട ഏർപ്പാടുകൾ ചെയ്യു. അപ്പോഴക്കും ഞങ്ങൾ ഇവിടെ അല്പം കാര്യമുള്ളതു തീർക്കാം.

മനക്കോട് —അതാണു നല്ലതു്. അവിടുന്ന് അല്പം ക്ഷീണം തീർക്കട്ടെ. വന്നകാര്യം നമുക്കു സൌകര്യംപോലെ പറയാം.

(മങ്ങാട്ടച്ചനോടു സ്വകാര്യം-ചെവിയിൽ) ഇദ്ദേഹം വന്ന കാര്യം മെല്ലെ ചോദിച്ചു മനസ്സിലാക്കണം.

(അറേപ്പൻ നമ്പൂരിയും, മങ്ങാട്ടച്ചനും, പണിക്കരും പോയി).

സാമൂതിരിപ്പാട് —ഇദ്ദേഹം വന്ന കാര്യമെന്താണെന്നു മനക്കോട് ഊഹിക്കുന്നുണ്ടോ? എന്താ അങ്ങേടെ ഊഹം കേൾക്കട്ടെ.

മനക്കോട് —ഇദ്ദേഹം വന്നകാര്യം സംശയിക്കാനില്ല.

കോലത്തിരിയുടെ ആളായിട്ടാണ്. ഈ അവിവേക
മെല്ലാം ചെയ്തുവെങ്കിലും കാര്യം സമാധാനിക്കേണ്ട
മെന്നായിരിക്കുന്നു. കാര്യങ്ങൾ നമുക്കു ബഹുമാനം വ
രത്തക്കവണ്ണം തീൎക്കുന്നതിന്നു വല്ല വിരോധവുമുണ്ടൊ?

സാമൂതിരിപ്പാട് — അതെല്ലാം ഞാൻ ആലോചിക്കും.
കോലത്തിരിയെ ഞാൻ വെറുതെ വിടുന്നതല്ല.

(അണിയറയിൽ) ആഴ്വാഞ്ചേരി ചെറിയ ത
മ്പ്രാക്കളുടെ എഴുന്നള്ളത്തുണ്ടെന്നു തമ്പുരാൻ തിരുമന
സ്സുണൎത്തിപ്പാൻ കാൎയ്യക്കാർ കല്പിച്ചിരിക്കുന്നു.

മനക്കോട് — എന്താ തമ്പ്രാക്കളുടെ എഴുന്നള്ളത്തുണ്ടെ
ന്നൊ പറയുന്നത്?

സാമൂതിരിപ്പാട് — തമ്പ്രാക്കൾ വരുന്നുണ്ടെങ്കിൽ എതി
രേല്ക്കുവാൻ അങ്ങോട്ടുതന്നെ പോകണം.
നാം പോകുക.

എന്നു രണ്ടാളും പോയി.

അഞ്ചാമങ്കം കഴിഞ്ഞു.

---

## ആറാമങ്കം.

---

(അനന്തരം ഒരു മാപ്പിളയുടനും, ഒരു നായർ ഉട
നും പ്രവേശിക്കുന്നു).

നായര് — എടൊ! കുഞ്ഞാലി എവിടത്തേക്കാ പടവെ
ട്ടാൻ പോകുന്നത്? താൻ വല്ലതും അറിഞ്ഞൊ?

കുഞ്ഞാലി — ഞമ്മക്കു അത് അറിയൂല. കേളു ആരെ!
ഞമ്മിന്റെ കോയക്കു പണിക്കരച്ഛന്റെ എയിത്ത്

ഉണ്ടെന്നാണ ഞങ്ങ കേട്ടത്തു. എത്രത്തോട്ടാണെന്ന ഞങ്ങക്കറിയില്ല.

കേളുനായര്‍ — വടക്കോട്ടക്കാരാണെന്നാ കേട്ടത്തു്. തമ്പുരാട്ടിയെ കൊണ്ടുപോയതിന്നു പകവീട്ടുന്നോണത്രെ. മാപ്പിളമാര്‍ക്ക നല്ലകാലം.

മാപ്പിള — ഞിങ്ങളെടെ കൂട്ടക്കാര്‍ക്ക കൊണ്ടൊന്നുല്ലെ? എന്താ തെമ്മന്റെ ആററംകമാത്രം.

കേളുനായര്‍ — മാപ്പിളമാര്‍ക്ക കൊള്ളചെയ്യാം. നായന്മാര്‍ക്ക അതു ചെയ്തൂടാ. അവര്‍ക്ക യുദ്ധം ചെയ്യാനല്ലാതെ കൊള്ള ചെയ്യാന്‍ പാടില്ലല്ലൊ? ധര്‍മ്മയുദ്ധമല്ലെ പാടുള്ളു?

കുഞ്ഞാലി — നിങ്ങക്ക കള്ളുകുടിപ്പാനധികാരില്ലെ? അതു ഞങ്ങക്കില്ല. താമൂരിപ്പാട്ടിന്നു മാപ്പിളപ്പട എന്തിനാ? മുതലുണ്ടാക്കാന്‍. മാപ്പിളയില്ലെങ്കില്‍ താമൂരിപ്പാടുണ്ടൊ?

കേളുനായര്‍ — ആട്ടെ! അതിരിക്കട്ടെ! കുഞ്ഞാലി! തിന്മാനുണ്ടൊ കയ്യില്‍? ഒന്നു ചവക്കട്ടെ.

കുഞ്ഞാലി — ഇല്ലാതെ; നായിടിനെപ്പോലെ വെറുങ്കയ്യോടെ നടക്കാനോ? (വെററിലസഞ്ചി എടുത്തു കൊടുക്കുന്നു) രണ്ടാളും മുറുക്കാന്‍ ശ്രമിക്കുന്നു).

കേളുനായര്‍ — അതിന്നു കാരണം മുമ്പ പറഞ്ഞില്ലെ? നായര്‍ക്ക തമ്പുരാന്‍ തന്നാല്‍ മാത്രമേയുള്ളു. കൊള്ളചെയ്താല്‍ തലവെട്ടും. മാപ്പിളക്ക കൊള്ളയും കവര്‍ച്ചയും ചെയ്യാം. യുദ്ധകാലത്തു ധാരാളം ചെ

ട്ടാൻ സമ്മതമുണ്ട്. അതുകൊണ്ടു മാപ്പിളക്ക് എ
പ്പോഴും പണമുണ്ടല്ലൊ?

കുഞ്ഞാലി— തമ്പിരാൻ നിലം എല്ലാം ചാർത്തി തന്നാ
ലും നായര കള്ളുകുടിച്ചു കളയില്ലെ? കള്ളു കുടിക്ക
ന്നവൻ നന്നാകുമൊ?

കേളുനായര്— ഭടന്മാൎക്ക ഉഗ്രകാരവും, അങ്കരവും വേ
ണ്ടെ? അതിന്നാ മദ്യം. കള്ളുകുടിക്കാത്ത നായരും ക
ക്കാത്ത മാപ്പിളയുമുണ്ടായാൽ ഭൂമി സ്വൎഗ്ഗമായില്ലെ?
ചിലൎക്ക എല്ലാം ഒരു ദോഷവുമുണ്ട്. (രണ്ടാളും മുറു
ക്കി തുപ്പീട്ടു). കുഞ്ഞാലി ഒരു പാട്ടുപാടി കേൾക്കട്ടെ
നല്ല പാട്ടായിരിക്കണം.

കുഞ്ഞാലി— ങിങ്ങളൊരു വടക്കൻ പാട്ടുപാടിൻ. പി
ന്നെ ഞമ്മളൊരു പാട്ടു പാടാം.

കേളുനായര്— മാപ്പിളടെ തൊന്ന്യാസം നോക്ക്. ഒന്നു
ഞ്ഞു പറഞ്ഞാൽ ഒന്നിഞ്ഞു പറയും. ഇതല്ലെ കൊ
ണ്ടോട്ടിന്യായം?

കുഞ്ഞാലി— അല്ല, മൂപ്പരെ! നായ്മ്മാരെ പിടിക്കേണ്ട. ങി
ങ്ങളൊന്നു പാടിയാൽ ഞമ്മളും പാടാം.

കേളുനായര്— ഓ! ഞാൻ പാടാം- (പാടുന്നു)

(അയ്യപ്പൻ പാട്ട്.)

അന്തകരിപുനന്ദനനപ്പോ-
ളന്തമില്ലാത്തുള്ളോരപായം
ചിന്തമോടെനിനച്ചിതുമനസ്സിൽ
എന്തെന്നാലതുംകേൾപ്പിനെല്ലാരും

അന്തംകെയററമുള്ളോരുമലയിൽ
താപസന്മാരുടെപൃഷ്ഠമേററു
നാമിവിടെയിരുന്നാലെന്താരു
നാണിഭങ്ങൾനമുക്കുവരുന്നു
മകരമാസത്തിൽമുമ്പേവരുന്ന
മകരവേലമഹോത്സവത്തിനു.

കുഞ്ഞാലി—മതി: മതി: കേളുണ്ണരെ! ഇതെന്തൊരു പാട്ടാണിതു്?

കേളുനായരു—ഇതു് അയ്യപ്പൻ പാട്ടാണെടൊ.

കുഞ്ഞാലി—ഈ ചക്കരച്ചോറു തിന്നുന്ന ഞിങ്ങടെതൈവങ്ങൾക്കുണ്ടാ ഉയിരു്? ഞമ്മൻെറ പാട്ടു കേക്കി.

(പാടുന്നു)

അള്ളാവുംപടച്ചില്ലോനവിയെപ്പണ്ടു്
പടച്ചുള്ളമനിശ്യരിൽവിശേയമത്രേ
അള്ളാവുംതുനിയാവും മുകമ്മതിൻെറ
മുകമ്മതുതുനിയാവിലള്ളാവിൻെറ

കേളുനായരു്—എടാ മൊട്ടെ! നിൻെറ അള്ളാവും തുനിയാവും ഒന്നും എനിക്കും കേൾക്കേണ്ട. വേറേ വല്ലതും പാടു്.

കുഞ്ഞാലി—നായരക്കു് എളുകിപ്പോയി വെളിച്ചപ്പാടു്. എന്നാൽ വേറെ ഒരു പാട്ടു കേട്ടോളി.

(പാടുന്നു) (മാപ്പിളപ്പാട്ടിൻെറ രീതി)

(പാട്ടു്)

കോയിക്കോട്ടുനകരത്തിൽ
പേരുകേട്ടൊരുകോട്ടയുണ്ടു്

കോട്ടയിന്നകത്തുയന്റോരുകോലകമുണ്ട്
കോലകത്തിരുപ്പുള്ള തുതാമ്പൂരിരാജാവല്ലോ.
കാവലായിനില്പാനൊരുപടിനായന്മാരുണ്ട്
കള്ളൻകടന്നതുമിക്കോവിലകത്തിന്നകത്തല്ലോ
കള്ളൻകട്ടതുപൊന്നുമല്ലപണ്ടമല്ലപെണ്ണിനെ-
യാണ്.

കേളുനായര് — (ചിരിച്ച്) കുഞ്ഞാലി അംഞ്ഞിനല്ലടൊ.
ഞാൻ പാടാം.

(പാടുന്നു) (വടക്കൻപാട്ടിന്റെരീതി)

പാട്ട്.

കടവുകാക്കുംമാപ്പിളമാരുടെ
കളവുകണ്ടുപിടിച്ചല്ലോ!
കടവുകടക്കുന്നതമ്പുരാട്ടിയെ
കളവുചെയ്തുകണ്ടില്ലയോ
കാത്തുനില്ക്കുംമാപ്പിളമാരും
കള്ളൻമാരോടങ്ങൊത്തുവല്ലോ.

കുഞ്ഞാലി — അതിലും നായരു തോല്പിക്കുന്നു. ഇനി എന്താ വിത്യാ?

കേളുനായരു — കുഞ്ഞാലി! കുഞ്ഞാലി! അതാരാടൊ വരുന്നതു? നോക്കു. നോക്കു.

കുഞ്ഞാലി — നോക്കീട്ടു കാക്കര നായരാണ്.

(അനന്തരം കാക്കരനായരു പ്രവേശിക്കുന്നു.)

കാക്കരനായരു — തമ്മേൽ മൂത്തപണിക്കരശ്ശൻ എവിടെയാണെന്നറിയുന്നില്ല. ഇതാരാ രാണ്ടുപേരു വില്ക്കു

ന്നത്. ഇവരോട ചോദിച്ചാലറിയാം. (അടുത്തുചെ ന്ന്) അല്ല! കേളാരെ അന്താ ഇവിടെ നില്ക്കുന്നത്? പണിക്കരശ്ശൻ എവിടെയാണെന്നറിയാമൊ?

കേളുനായര് — എന്താ തെരക്ക? എവിടെക്കാ ബദ്ധപ്പെട്ടു പോകുന്നത്?

കാക്കര — പണിക്കരശ്ശന്നു കാൎയ്യക്കാരുടെ ഒരു മുറിയുണ്ട്. നാട്ടാക്കും മററും തിട്ടെഴുതേണ്ടത്രെ? വടക്കോട്ടു പടക്ക പോകുന്നില്ലെന്നുവെച്ചു.

കുഞ്ഞാലി — എന്തിററാ കാരണം? എൻെറ പടച്ചോനെ! എട്ടരത്ത വാള് വെക്കാനോ? കൊററവായി.

കേളു നായരു — എന്താ കാരണം? കുടിപ്പക തീൎന്നൊ? വലിയ ആണത്തംതന്നെ. എന്താ കാരണം പറയുന്ന്.

കാക്കരു — തമ്പ്രാക്കൾ എഴുന്നള്ളീട്ടുണ്ട്. ജാതിക്ക യാതൊരു ദോഷവും ഇല്ല. അടികൾക്ക എറാടിവംശത്തിൽ സംബന്ധമാവാമെന്നു തീൎച്ചപ്പെടുത്തി. തമ്പ്രാട്ടിയെ കാണാതെ കൊണ്ടുപോയതിന്നു കോലത്തിരി എന്തെങ്കിലും പിഴചെയ്യാം. എന്നും തീൎച്ചയാക്കി. കാൎയ്യക്കാരന്മാരും, എജമാനന്മാരും, നമ്പൂതിരിമാരും എല്ലാം അതുകൊണ്ടു പടവേണ്ടെന്നും തീൎച്ചയാക്കി.

കേളുനായര് — ഇവിടെ തീൎച്ചപ്പെടുത്തിയത് അവിടെ കേൾക്കാനാരാടോ?

കാക്കര് — അവിടെനിന്നും ഒരു തിരുമനസ്സിന്നു വന്നിട്ടു

ണ്ട്. അവിടത്തോട് ആലോചിച്ചിട്ടാണ തീൎച്ചയാക്കിയത്.

കേളുനായര് — തമ്പ്രാക്കൾ പറഞ്ഞാൽ പിന്നെ ഇളക്കമില്ല. തോണിയാത്രക്കും ഭ്രഷ്ടില്ലെ? സമുദ്രത്തിൽ കൂടിയല്ലെ പോയത്?

കുഞ്ഞാലി — നമ്പൂരിച്ചൻ പറഞ്ഞാൽ പിന്നെ തമ്പിരാക്കന്മാൎക്ക മറിച്ചുണ്ടോ?

കാക്കര — എടാ വായിമൂട് തമ്പ്രാക്കളെ നിന്ദിച്ചാൽ വാപുഴക്കും. (കേളുനായരോട്) അല്പം ദൂരംതന്നെഅല്ലെ പൊയ്തു്. കപ്പലിൽവെച്ച് ആഹാരം ഒന്നും കഴിച്ചിട്ടില്ല. പിന്നെ ഇപ്പോഴത്തെ വൎത്തമാനം കെട്ടപോലെ ഒന്നും അല്ല. കല്ലൂർനമ്പൂരിപ്പാട്ട തിരുമനസ്സകൊണ്ട മന്ത്രം ജപിച്ച തോന്നിയെ വശീകരിച്ചതാണത്രെ തമ്പിരാട്ടി കേറിയ തോണി 'താനെ പോയി' എന്നാണ പറയുന്നതു. തമ്പുരാൻവന്ന കൂട്ടിക്കൊണ്ട പോയതല്ലത്രെ.

കുഞ്ഞാലി — ആരാ ഈ പോളി പറഞ്ഞത്. ചുത്തപ്പൊളി നമ്പൂരി അച്ഛൻ ആരാ മന്ത്രത്തു തങ്ങളാണൊ?

കാക്കര — കല്ലൂര് നമ്പൂരിപ്പാട്ടിന്ന തമ്പ്രാക്കളുടെ മുമ്പാകെ സമ്മതിച്ചു. വശീകരണകൎമ്മം കഴിച്ച മന്ത്രംമൂന്നുദിവസം ജപിച്ചു. തോണി താനേ വടക്കോട്ടക്ക പോയി.

കേളുനായര് — ആരാണ് ഈ കൎമ്മം ചെയ്യിച്ചത്?

കാക്കര — അതു കോലത്തിരി തമ്പുരാൻതന്നെ. അതാണിപ്പോൾ അവിടത്തെ പേരിൽ കുറ്റമുള്ളത്. തെറ്റു ചെയ്യേണമെന്ന തീൎച്ചയാക്കി.

കേളുനായര്—ആ കാൎയ്യം അങ്ങിനെയായി.

കാക്കര—ഇന്നു കല്ലൂര നമ്പൂരിപ്പാട്ടിന്നും, വടക്കിന്നു വന്ന തിരുമനസ്സിന്നും, മങ്ങാട്ടച്ഛനും, എളയതും എല്ലാം കോലത്തു നാട്ടിലേക്ക പോകുന്നു. അവിടെപ്പോയി എല്ലാം തീൎച്ചപ്പെടുത്തും. (മേൽപ്പൊട്ടു നോക്കീട്ടു) നേരം വളരെ ആയി. എനിക്ക പോകാൻ വഴകി. പണിക്കരെശ്ശൻ എവിടെയാണെന്നറിയുമോ?

കുഞ്ഞാലി—പണിക്കരും, കോയേം പാളയത്തിലുണ്ട്.

കാക്കര്—ഞാൻ പോണു(എന്നു പോയി).

കേളു—എന്താ കുഞ്ഞാലി കാൎയ്യം കഷ്ടത്തിലായി പടയുമില്ല, കുടയുമില്ല.

കുഞ്ഞാലി—എന്ത് ഞമ്മൻെറ തമ്പുരാനുക്കൂടി ആണത്തമില്ലാതായല്ലോ. കഷ്ടം തന്നെ പെണ്ണിനെ കൊണ്ടുപോയിട്ട് ഈ നമ്പൂരി അച്ഛൻെറ വാക്ക കേക്കൊ?

കേളുനായര്—നിങ്ങളല്ലാമെങ്ങിനെടോ നിങ്ങടെ തങ്ങളുടെ വാക്കിനെ ദൈവവാക്യംപോലെ വിചാരിക്കുന്നൂ്. അതുപോലെ ഞങ്ങടെ തങ്ങളാണു തമ്പ്രാക്കൾ.

കുഞ്ഞാലി—എന്നാ ആട്ടെ ഞമ്മള് പാളയത്തുപോയി വൎത്തമാനമറിയ.

കേളുനായര്—എന്നാൽ കീയാം.

(രണ്ടാളും പോയി.)

വിഷ്കംഭം കഴിഞ്ഞു.

---

(അനന്തരം കോവിലകത്തിന്റെ മുകളിൽ ഏകാന്തമായിരുന്നുകൊണ്ടു തമ്പുരാട്ടിയും, കുഞ്ചി കോവിലമ്മയും പ്രവേശിക്കുന്നു.)

തമ്പുരാട്ടി കുഞ്ചി! തെക്കിനു വൎത്തമാനങ്ങൾ ഒന്നും കേട്ടില്ലല്ലോ?

കുഞ്ചി—ചില അങ്ങാടിപ്പാട്ടുകളെല്ലാം കേൾക്കാറുണ്ടു്. അടിച്ചുതളി അമ്മമാരു കാരോന്നുകൊണ്ടു വരാറുണ്ടു്.

തമ്പുരാട്ടി—എന്താ എന്നോടൊന്നും പറയാഞ്ഞതു?

കുഞ്ചി— അവയൊന്നും വാസ്തവമല്ല. ഗുണമുള്ളതുമല്ല. പിന്നെ അടിയനെന്തിനാ തിരുവുള്ളം കലക്കുന്നതു്?

തമ്പുരാട്ടി—എനിക്കു കേൾക്കണം കുഞ്ചി!

കുഞ്ചി—താമൂരിപ്പാടു തമ്പുരാൻ തിരുമനസ്സുകൊണ്ടു മാപ്പിളപ്പടയെ അയച്ചു കോലത്തുനാടു കൊള്ളചെയ്യിക്കാനാണത്രെ ഭാവം. ഇവിടം മുഴുവനും പൂന്നാൽ നശിക്കും.

തമ്പുരാട്ടി—അതൊന്നും സാധിക്കില്ല. ഇവിടെ എന്താ ആണുങ്ങളില്ലേ? പക്ഷെ സാമൂതിരി രാജവംശത്തിനു് അപമാനമുണ്ടാക്കുക മാപ്പിളതന്നെയാണു. അതു് എന്താണെന്നെ അറിയേണ്ടു. മാപ്പിളയെക്കൊണ്ടു് അത്ര കളിക്കുന്നുണ്ടു്.

കുഞ്ചി—തിരുമേനിയുടെ വായിമുഹൂൎത്തം വല്ലാതെയിരിക്കുന്നു.

തമ്പുരാട്ടി—കുഞ്ചി! കല്ലൂരു നമ്പൂരി ഇനിയും വന്നില്ലല്ലോ? അദ്ദേഹത്തെ ഞാൻ എത്ര കാൎയ്യമായി ഏല്പിച്ചതാണു്.

കുഞ്ചി—ഇവിടെനിന്നു പോയ അറേപ്പൻ നമ്പൂരിപ്പാട്ടും എത്തീട്ടില്ല.

തമ്പുരാട്ടി—കുറേ അധികം വഴിയില്ലേ? നടന്നുതന്നെ വരേണ്ടേ?

കുഞ്ചി—അത്രം പോരാ അവിടെ ഒരു കൂട്ടം സമാധാനമാക്കീട്ടു വരണം.

തമ്പുരാട്ടി—കല്ലൂരും, അറേപ്പനും സമൎത്ഥന്മാരാണ്. കാൎയ്യംകൊണ്ടുചാടാൻ മിടുമിടുക്കന്മാരാണ്.

കുഞ്ചി—സംശയമില്ല. അടിയന്നതു ബോദ്ധ്യമാണ്.

(ഒരു ഭൃത്യൻ പ്രവേശിക്കുന്നു)

ഭൃത്യൻ—ഒരു തിരുമേനി എഴുന്നള്ളി കാണാൻ സമയം ചോദിക്കുന്നു.

തമ്പുരാട്ടി—(ഭൃത്യനോടു)വേഗം കൂട്ടിക്കൊണ്ടു വാ! പോ! (ഭൃത്യൻ പോയി).

കുഞ്ചി! കല്ലൂരു നമ്പൂരിയായിരിക്കും.

കുഞ്ചി—എറാൻ! സംശയമില്ല, അവിടുന്നതന്നെ.

(അനന്തരം കല്ലൂരു നമ്പൂരിപ്പാട്ടിലു പ്രവേശിക്കുന്നു.)

(തമ്പുരാട്ടിയും കുഞ്ചിയും എഴുനീററുപചാരം ചെയ്യുന്നു.)

കല്ലൂര്—അവിടുന്നിരിക്കണം. (തമ്പുരാട്ടിയിരിക്കുകയും കുഞ്ചി നില്ക്കുകയും ചെയ്യുന്നു.)

തമ്പുരാട്ടി—അവിടുന്നു വഴിയാത്രകൊണ്ടു നന്നെ ക്ഷീണിച്ചിരിക്കുന്നു. ഒരു ബ്രാഹ്മണനെ ഇങ്ങിനെ ദ്രോഹിച്ചതു് വളരെ കഷ്ടമായി.

കല്ലൂര് --എങ്കിലും കാൎയ്യം സഫലമായി. അതുകൊണ്ടു വളരെ സന്തോഷമുണ്ടു.

തമ്പുരാട്ടി—എങ്ങിനെയൊക്കയാണ്?

കല്ലൂര്—ഇവിടുന്നിനി അങ്ങോട്ടു പോകാൻ ശ്രമിക്കേണ്ട. അങ്ങിനെയായാൽ ഇവിടെക്കു സ്ഥാനമാനങ്ങൾ വേണ്ട? നീലീശ്വരം രാജ്ഞിയായി വാഴിക്കുക. ഉണ്ടാകുന്ന സന്താനങ്ങൾ അവിടുത്തെ രാജാക്കന്മാരും.

തമ്പുരാട്ടി--അതിൽ എനിക്കു വലിയ വ്യസനമൊന്നുമില്ല. പിന്നയോ?

കല്ലൂര്--കോലത്തിരി ഈ പ്രവൃത്തിയെ ചെയ്യുതിന്നു പിഴയായി കോട്ടപ്പുഴക്കു തെക്കുള്ള രാജ്യം സാമൂതിരിക്കു വിട്ടുകൊടുക്കുക.

തമ്പുരാട്ടി--അത് ഈ സംഭവത്തിന്നു മുമ്പുതന്നെ ആവശ്യപ്പെട്ടതാണ്. അതുകൊണ്ട് എനിക്കു ബാധകമില്ല പിന്നെ?

കല്ലൂര്--ഇപ്രകാരം ചെയ്യിക്കാൻ മങ്ങാട്ടച്ഛൻ ഇങ്ങോട്ടു വന്നിട്ടുണ്ട്. അരേപ്പനും, മങ്ങാട്ടച്ഛനും രാജാവിനെ കാണ്മാൻ അങ്ങോട്ടു പോയി. ഞാൻ ഇങ്ങോട്ടും വന്നു.

തമ്പുരാട്ടി--ഈ വൎത്തമാനത്തെപ്പറ്റി ആ ദിക്കിൽ എത്രത്തോളം ലഹളയുണ്ട്. നമ്പൂരിമാരെല്ലാം എന്നെ ആക്ഷേപിക്കുന്നുണ്ടായിരിക്കും. ആ വൎത്തമാനങ്ങളാണു കേൾക്കേണ്ടത്.

കുഞ്ചി--ഇതുവരെ തിരുമനസ്സു വ്യസനിച്ചിരുന്നു. ഇ

പ്പോൾ വർത്തമാനങ്ങൾ കേൾപ്പാൻ സമാധാനമായി.

കല്ലൂര്__നമ്പൂരിമാര് പലതും പറഞ്ഞു രസിച്ചിരുന്നു. പക്ഷെ ആഴ്‌വാഞ്ചേരീന്നു വന്നപ്പോൾ അതെല്ലാം ശമിച്ചു. സാമൂരിക്കു സമാധാനമുണ്ടാകാൻ അവിടുന്നു നന്നേ പണിപ്പെട്ടു. കൊലത്തിരി ചെയ്തതു ധിക്കാരമാണെന്നു പിന്നെയും, പിന്നെയും സാമൂരി പറയുക. പിന്നെ ഞാൻ കടന്നു പറഞ്ഞു. ഞാൻ തോണിയെ വശീകരിച്ചതാണെന്നു പറഞ്ഞു. കോലത്തിരി കുററക്കാരനല്ല. ഞാനാണു കുററക്കാരൻ എന്നു പറഞ്ഞു.

കുഞ്ചി__അതാ ഒക്കേതിലും രസമായതു്.

തമ്പുരാട്ടി__അങ്ങിനെ എന്തിനാ അവിടുന്നു പറഞ്ഞതു്. അതു കളവായിപ്പോയില്ലേ?

കല്ലൂര്__ലോകമേ കളവാണു്. അതിൽ പിന്നൊരു കളവുണ്ടോ? മന്ത്രവാദം ചെയ്തു വശീകരിച്ചു എന്നു പറഞ്ഞാൽ ജനങ്ങൾ വേഗത്തിൽ വിശ്വസിക്കും വംശത്തിലേക്കും ഇവിടെക്കും അപവാദവുമില്ല. ഞങ്ങടെ മന്ത്രവാദത്തിന്നു ശക്തി വർദ്ധിക്കുകയും ചെയ്യും. അതാ അങ്ങിനെ പറഞ്ഞതു്.

തമ്പുരാട്ടി__അതും ആവശ്യംതന്നെ. ഇപ്പോൾ തമ്പുരാക്കൾ വിചാരിച്ചാൽ എന്തെല്ലാം കാൎയ്യങ്ങൾ സാധിക്കാൻ കഴിയും. അതു് അവിടുത്തെ മഹാത്മ്യം കൊണ്ടല്ലേ? അതുപോലെ ഓരോരുത്തരുടെ മാഹാത്മ്യം ഓരോ തരത്തിൽ ശോഭിക്കുമെന്നു പറയാം.

(അനന്തരം ഒരു ഭൃത്യൻ പ്രവേശിക്കുന്നു.)

ഭൃത്യൻ--തമ്പുരാൻ തിരുമനസ്സുകൊണ്ടു ഇങ്ങോട്ടേക്കു എഴുന്നള്ളുന്നുണ്ടെന്നു അരുളിച്ചെയ്യുന്നു.

തമ്പുരാട്ടി--എഴുന്നള്ളാം എന്നു പറ. കുഞ്ചി സിംഹാസനം തുടച്ചുവെക്കു.

കല്ലൂര്--ഞാൻ അങ്ങോട്ടുക്കു പോകാം.

തമ്പുരാട്ടി—ഹേ! ഇരിക്കു; അവിടുന്നു വന്നിട്ടു പോകാം.

(അനന്തരം രാജാ പ്രവേശിക്കുന്നു.)

(എല്ലാവരും എഴുനീററു ബഹുമാനിക്കുന്നു)

രാജാ--(എല്ലാവരേയും നോക്കീട്ടു) ഓഹോ! കല്ലൂര് ഇവിടെ ഉണ്ടല്ലൊ!

കല്ലൂര്--ഞാൻ കൂട്ടം പിരിഞ്ഞു ഇങ്ങോട്ടുക്കു വന്നു. ഇവിടെയാണല്ലൊ മുമ്പിൽ സമാധാനമുണ്ടാക്കേണ്ടതു്.

രാജാ--രാജ്ഞിയെ സമാധാനിക്കാനാണു ഞാൻ വേഗം ഇങ്ങോട്ടുക്കു വന്നതു്.

തമ്പുരാട്ടി—ഞാൻ ആ കാൎയ്യം ഉടനെ ധരിച്ചു.

രാജാ—എന്തൊ കുലദേവതകളുടെ അനുഗ്രഹംകൊണ്ടു ഇങ്ങിനെ അവസാനിച്ചുവല്ലൊ.

തമ്പുരാട്ടി—നമ്പൂരി വഴിയാത്രകൊണ്ടു ക്ഷീണിച്ചിരിക്കയാണല്ലൊ? ഇനി അല്പം വിശ്രമിക്കുന്നതിന്നു പോകാം. പ്രവൃത്തിയുടെ സാഫല്യത്തിന്നു ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു.

നമ്പൂരി—അങ്ങിനെ ആവാം. (പോകുന്നു)

കുഞ്ചി—അകത്തു ചിലതെല്ലാം ഒരുക്കാനുണ്ടു്. അടിയനും വിടകൊള്ളുന്നു. (പോയി)

രാജാ—പരിവാരങ്ങളെ ഒക്കെ അയച്ചത്തുകൊണ്ടു് എ ന്തൊ കുറെ നേരത്തിന്നു വിടാൻ ഭാവമില്ലെന്നു തോന്നുന്നു.

തമ്പുരാട്ടി—അങ്ങിനെ ഒന്നും വിചാരിച്ചിട്ടില്ല. നമ്പൂരി മുമ്പെ പോകാൻ ഭാവിച്ചതാണ്. ഇവിടത്തെ കണ്ടിട്ട പോയാൽ മതി എന്നു പറഞ്ഞിരുത്തിയതാണ്. കുഞ്ഞിക്ക് ഈ വൎത്തമാനം കണ്ടവരോടൊക്കെ പറവാൻ വൈകിയിരിക്കുന്നു. അതിന്നോടുകയാണ്.

രാജാ—ഏതായാലും അവൾക്കൊക്കയും സന്തോഷം തന്നെയാണ്; സംശയമില്ല.

തമ്പുരാട്ടി—അപ്പോൾ, ഇവിടക്കു സന്തോഷമില്ലെന്നു തോന്നുന്നു. ഓ. ശരി. രാജ്യം പകുത്തുകൊടുക്കേണമല്ലൊ? അല്ലെ?

രാജാ—അതുകൊണ്ടൊന്നും എനിക്കു വലിയ വിഷാദമില്ല. യുദ്ധമോ വല്ലതും ഉണ്ടായാൽ പുതിയ ദാമ്പത്യത്തിന്നു് എത്ര വിരോധമായി. പിന്നെ അതു എങ്ങിനെ അവസാനിക്കുമൊ എന്നും അറിയില്ല. അതല്ലാതെ,

> പ്രാണേശ്വരിക്കടിമയാമിവനിന്നു പാൎത്താൽ
> നീലീശ്വരം വലിയ കാൎയ്യമതാകയില്ല,
> രാജേശ്വരീഭജനവും പുനരോൎക്കിലെൻെറ
> രാജ്യേശ്വരിക്കു പരിചൎയ്യവുമാണുഭാഗ്യം. 1

തമ്പുരാട്ടി—ഇവിടെക്കു മുഖസ്തുതി നല്ലവണ്ണം വശം.

രാജാ—സ്ത്രീകൾക്കു കുഴത്തരുത്തു കാണിച്ചുകൊടുത്താൽ

അവരത്തു കൺകെട്ടുവിദ്ദ്യയാണെന്നു പറയും. അതിന്ന് ആരാണ് ഉത്തരവാദി?

തമ്പുരാട്ടി—ഏതായാലും എന്നെ അഞ്ചാംപുര കെട്ടി ഇരുത്താൻ തീർച്ചപ്പെടുത്തി.

രാജാ—(ആത്മഗതം) അപ്പോഴങ്ങിനെ; ഇപ്പോഴിങ്ങിനെ. സ്ത്രീകൾ മനസ്സിനെ വല്ലാതെ അലട്ടും. (പ്രകാശം) പ്രിയേ! അങ്ങിനെ പറയരുത്; മഹാകഷ്ടമാണത്! എനിക്കു വല്ലാതായ മനസ്താപം ഉണ്ടാകും. ഈ കാര്യം ഇങ്ങിനെ അല്ലാതെ എങ്ങിനെയാണ് അവസാനിപ്പിക്കുക? നെടിയിരുപ്പ സ്വരൂപത്തെ ഇവിടെ കൊണ്ടുവന്നു സ്ഥാപിപ്പാൻ സാധിക്കുമൊ?

തമ്പുരാട്ടി—അതുതന്നെയാണു ഞാനും പറയുന്നത്. ഇങ്ങിപ്പോയവൾക്ക് അഞ്ചാംപുര സാധാരണയല്ലെ?

രാജാ—(കുണ്ഠിതത്തോടെ) എന്റെ ഭാര്യയായിരിപ്പാനും, നെടിയിരിപ്പ സ്വരൂപത്തിലെ തമ്പുരാട്ടിയായിരിപ്പാനും രണ്ടുംകൂടി സാധിക്കുമൊ? സാധിക്കും; അതിന്നു വേണ്ടുന്ന ഒരുക്കങ്ങൾ ചെയ്വാൻ തുടങ്ങണം. യുദ്ധംചെയ്തു സാമൂതിരിയെ തോല്പിച്ചു, രാജ്യത്തെ കീഴടക്കി പ്രിയയെ വാഴിക്കണം. എന്നാൽ അതിന്നു സമ്മതം തരുന്നുവൊ? ആരെല്ലാം അവസാനത്തിൽ ശേഷിക്കുമെന്ന് ഇപ്പോൾ തീർച്ചപ്പെടുത്തുവാൻ തരമില്ല. എന്താ അനുവാദമുണ്ടോ? ഇപ്പോൾത്തന്നെ പറയണം.

തമ്പുരാട്ടി—വേണ്ട വേണ്ട; സാഹസത്തിന്നൊരുങ്ങേണ്ട. എനിക്കു മാനവും വേണ്ട. അഭിമാനവും വേണ്ട

നിലിശപാംകൊണ്ടു ഞാൻ തൃപ്തിപ്പെട്ടുകൊള്ളാം. ഇതെല്ലാം ഇവിടുത്തെ അനന്തിരവന്മാൎക്കു സമ്മതംതന്നെയല്ലെ?

രാജാ—പ്രിയേ' ഭവതിയെ എന്റെ അനന്തരവന്മാർ ഈശ്വരിയെപ്പോലെ പൂജിക്കും. എന്നാൽ പോരെ? ഞങ്ങടെ സ്നേഹം മാത്രം വലിയതാകുന്നു എന്നു ഭവതി വിചാരിച്ചാൽ മതി.

തമ്പുരാട്ടി—അവിടത്തെ അനുഗ്രഹത്തെ ഞാൻ വലുതായി വിചാരിക്കുന്നു. എനിക്കു വീരസ്ത്രീകളുടെ പാതിവ്രത്യധൎമ്മം മാത്രം വലിയ സ്വത്തായിരുന്നാൽ മതി. അതിനെ മാത്രമേ ഞാൻ ഇപ്പോൾ ആഗ്രഹിക്കുന്നുള്ളു.

രാജാ—ഭവതിയുടെ സ്വാതന്ത്ര്യമാണ് എന്റെ സന്തോഷത്തെ ഉണ്ടാക്കുക. ഭവതിയുടെ മനസ്സുഖം എന്റെ സുഖമായി. ഭവതിയുടെ സാഃസല്ലാസവിലാസങ്ങൾ എന്റെ ശുശ്രൂഷയാണ്. ഭവതിക്ക് എന്റെ ഒരുമിച്ചുള്ള നൈപാസുഖവാസം തന്നെയാണ് എന്റെ അനുഗ്രഹത്തിന്റെ ഫലമായിത്തീരുന്നതു്.

തമ്പുരാട്ടി--ഇവിടെക്ക് എന്റെ മേൽ നവംനവമായി സ്നേഹം വൎദ്ധിച്ചുവരുന്നതുതന്നെയാണു് എന്റെ സാമ്രാജ്യം. എനിക്ക് അതിൽമീതെയല്ല നേടിയിരിപ്പു സ്വത്രുപവും. അതിനു ചേൎന്ന രാജ്യസമ്പത്തുകളും.

രാജാ--(സന്തോഷം നടിച്ചു്) പ്രിയേ! എന്നാൽ നിശ്ചയപ്രകാരം എല്ലാം നടത്തുകയല്ലെ?

തമ്പുരാട്ടി--അവിടേക്ക് എന്തിഷ്ടമൊ അത് എനിക്കും ഇഷ്ടംതന്നെ. ഭർത്തൃഹിതത്തിന്നു വിരോധമായി സ്ത്രീകൾക്കു വല്ലതും പറവാനുണ്ടോ?

രാജാ--നേരം സന്ധ്യാകാലമായി. നോക്കു,

ഖരകിരണദിനേശൻ, വിപ്രയോഗാവസാനം
വിരഹിയുടെമനംപോൽ ഹന്ത! താപം വെടിഞ്ഞു
ചരമജലധിതന്നിൽ ചെന്നു ലാവണ്യതോയ-
ത്തിരകളിലിഹ മുങ്ങീടുന്നു തിങ്ങുന്ന മോദാൽ. 2

(അണിയറയിൽ ശംഖനാദം)

തമ്പുരാട്ടി--(കേട്ടതായി നടിച്ചു) അമ്പലത്തിൽ അത്താഴശംഖ് വിളിക്കുന്നു. ഞാൻ കുളിച്ചു വിളക്കു കാണട്ടെ.

രാജാ--ഞാനും കുളിച്ചു സന്ധ്യാകർമ്മം ചെയ്യട്ടെ.

(രണ്ടാളും പോയി)

ആറാമങ്കം കഴിഞ്ഞു.

——:o:——

# ഏഴാമങ്കം.

(അനന്തരം ഗാംഭീര്യഭാവത്തോടെ മാവിലായി നമ്പിയാർ പ്രവേശിക്കുന്നു)

നമ്പിയാർ--(അല്പനേരം വിചാരമഗ്നനായിരുന്നിട്ട്) ഇന്നു തമ്പുരാട്ടിക്കു നിലീശപാരം ഏല്പിച്ചുകൊടുക്കുന്ന ദിവസമാണ്. ഒരു കാര്യവും ആയിട്ടില്ല. ആസ്ഥാനത്തു കാര്യസ്ഥൻ ഒരു വയസ്സൻ. അയാൾക്ക് അന്നേക്കന്നെ ഒരു കാര്യവും ആവില്ല. (ഉച്ചത്തിൽ) എടാ! ആരവിടെ? (ഒരു ഭൃത്യൻ പ്രവേശിക്കുന്നു.)

നമ്പിയാർ--(നോക്കീട്ടു) നീ! എവിടെപ്പോയി--എന്തു്

വിളിച്ച ഉടനെ കണ്ടില്ല. കഴുതേ! പാഞ്ഞുചെന്നു് ആസ്ഥാനത്തു കാൎയ്യസ്ഥൻ രയിരുക്കുറുപ്പിനെ ഇങ്ങോട്ടു കൂട്ടിക്കൊണ്ടുവാ രണ്ടു നിമിഷത്തിനുള്ളിൽ വരണം.

ഭൃത്യൻ--കല്പനപോലെ (പോയി)

നമ്പിയാർ--(എന്തോ ഒരു ആലോചന വന്നപോലെ നടിച്ച്) ഓ! അയാൾ ഗ്രന്ഥവരി വേണം എന്നു് അറിയിച്ചിട്ടുണ്ടായിരുന്നു. (ചുററി നടന്നു് ഒരു ഓലക്കെട്ടു നോക്കി എടുത്തു കയ്യിൽ പിടിക്കുന്നു) പിന്നെ നേരെ നോക്കീട്ടു്) ഓ, അതാ! രയിരുക്കുറുപ്പു പാഞ്ഞുവരുന്നു. പാവം; വയസ്സൻ.

(അനന്തരം രയിരുക്കുറുപ്പു പ്രവേശിക്കുന്നു)

നമ്പിയാർ--(കണ്ടതായി നടിച്ച) എന്താ കുറുപ്പേ! ആസ്ഥാനമണ്ഡപത്തിൽ എല്ലാം തെയ്യാറായൊ? നിങ്ങളെ ഏല്പിച്ച കാൎയ്യങ്ങളൊന്നും നടക്കുന്നില്ലല്ലൊ?

കുറുപ്പു്--അങ്ങിനെ കല്പിക്കുന്നതു കഷ്ടമാണു്. എല്ലാം ഒരുക്കീട്ടുണ്ടു്. ഇനി തമ്പുരാന്റെ അടുത്തു ചെല്ലേണമെങ്കിൽ ഗ്രന്ഥവരി വേണം. അതു കിട്ടിയാൽ അവിടുത്തെ ഒരുക്കങ്ങൾ എല്ലാം ചെയ്യാം.

നമ്പിയാർ--ഇതാ ഗ്രന്ഥവരി. ആ ഭാഗം എടുത്തു വായിക്കുക.

കുറുപ്പു--ഞാൻ കണ്ണട കൊണ്ടുവന്നില്ല. വായിക്കാൻ പ്രയാസം.

നമ്പിയാർ--ഓലക്കെട്ടെടുത്തു കുറെ ഏടുകൾ അങ്ങോ

ട്ടും, ഇങ്ങോട്ടും തള്ളി ഒരു ഓല തിരഞ്ഞെടുക്കുന്നു.)
ഇതാ കേൾക്കുക! ഈ ഭാഗമാണു്.

(വായിക്കുന്നു) കാലത്തു് അങ്കം ചാർത്തി, നീരാട്ടുകുളിയും, തേവാരവും കഴിച്ചു്, അമ്പലത്തിൽ ചെന്നു തൃക്കൺ പാർത്തു തീർത്ഥവും, പ്രസാദവും വാങ്ങി, മടക്കിന്നകൊട്ടത്തു്, അമൃതേത്തു കഴിച്ചു്, കളഭം ചാർത്തി, ഗന്ധാക്ഷതം തൊട്ടു്, ശലാകകൊണ്ടു കണ്ണെഴുതി, ഉടുത്തു, കെട്ടി, ചമയം ചാർത്തി, ഇണപ്പുടവകൊണ്ടു തിരുമുടി പട്ടം കെട്ടി, അതിൽ മുത്തുക്കൊലതൊങ്കലും ചാർത്തി, ഉത്തരീയമിട്ടു്, ആസ്ഥാനമണ്ഡപത്തിൽ മഞ്ചത്തിന്മേൽ പട്ടുപ്പായും; പരമധാനിയും വിരിച്ച നിലപ്പാട്ടനിലനിൽ ഇരുന്നാൽ, തലക്കുമേൽ പട്ടിൽ മേലാപ്പുപിടിക്കണം, ആലവട്ടം ചാർത്തണം, ഇളംകൂറുകൾ പൊൻപിടിവാളും, പട്ടുപരിചയും എടുത്തു് അകമ്പടി നില്ക്കണം, അഴേപ്പർ നമ്പൂതിരിപ്പാട്ട തിരുമുമ്പാകെ ആവണപ്പലയിൽ ഇരിക്കണം, കാര്യക്കാരന്മാർ ഇണമുണ്ടുടുത്തു തലക്കെട്ടും കെട്ടി തിരുമുമ്പാകെ നില്ക്കണം; സാമന്തരാജാക്കന്മാർ അവരവരുടെ വിരുതുകളോടുകൂടി തിരുമുമ്പാകെ നില്ക്കണം. മഞ്ചത്തിന്റെ വലത്തുപുറത്തു തിരയിട്ടു തമ്പുരാട്ടിമാർ നിൽക്കണം, മഞ്ചത്തിന്റെ എടത്തുപുറത്തു തിരയിട്ടു കെട്ടിലമ്മമാർ നില്ക്കണം, നാട്ടുകാരും നഗരക്കാരും മണ്ഡപത്തിൻവാതുക്കൽ നില്ക്കണം, മാപ്പിളമാരും, തീണ്ടൽജാതിക്കാരും കോട്ടപടിക്കൽ നില്ക്കണം. * * * *"

ഇതൊക്കെയാണു മുമ്പുള്ള ചട്ടം. ഇതിന്നപ്പുറമെ

ല്ലാം ഞാൻ ചെയ്യിക്കേണ്ടതായ പ്രവൃത്തികളാണ്. അ തു ഞാൻ ചെയ്തുകൊള്ളാം (ഗ്രന്ഥവരിമാല കുറുപ്പിന്റെ കയ്യിൽ കൊടുക്കുന്നു.

കുറുപ്പ്--എന്നാൽ ഞാൻ ഇതൊക്കെ വേണ്ടപോലെ ചെയ്യാം. ഇവിടുന്നു് ആ സമയത്തു് അവിടെ വ ന്നാൽ മതി. (പോയി)

നമ്പിയാർ--ആ കാര്യം അങ്ങിനെയായി. ചെമ്പു പട്ട യം എഴുതി കഴിഞ്ഞുവൊ എന്നറിഞ്ഞില്ല. സാമൂ തിരിപ്പാട്ടിലേക്കു് അയക്കേണ്ടുന്ന ഓല കേളുമേ നോൻ എഴുതുന്നുണ്ടു്. (ഉച്ചത്തിൽ) എടാ! ആര വിടെ?

ഒരു ഭൃത്യൻ--(പ്രവേശിച്ചു) മൂത്താശാരി ചെടയൻ ച ന്തു എജമാനനെ കാണുവാൻ നില്ക്കുന്നു.

നമ്പിയാർ--ഞാൻ അവനെ വിളിച്ചുകൊണ്ടുവരു വാൻ തന്നെയാണ നിന്നെ വിളിച്ചതു്. വരുവാൻ പറ.

ഭൃത്യൻ--കല്പനപോലെ (പോയി)

(അനന്തരം മൂത്താശാരി ചന്തു പ്രവേശിക്കുന്നു)

നമ്പിയാർ--(കണ്ടതായി നടിച്ചു്) എന്താ ചന്തു?

ചന്തു--(താണു തൊഴുതു) തമ്പുരാനെ!

നമ്പിയാർ--ചെമ്പുപട്ടയം എഴുതി കഴിഞ്ഞുവൊ?

ചന്തു--എറാൻ! ഉവ്വ്. (കട്ടിയിൽ ഒരു ചെമ്പുതകിടു കൊടുക്കുന്നു)

നമ്പിയാർ.--(വാങ്ങി വായിച്ചുനോക്കീട്ടു) നിണക്കു

കൈ വിറയൽ തുടങ്ങിയില്ലേ? എഴുത്ത് ഒരുമാതിരി യായിരിക്കുന്നു.

ചന്തു--കൊത്തുന്നതല്ലേ എല്ലാം ഒരുപോലിരിക്കില്ല.

നമ്പിയാർ--നിങ്ങൾക്കുള്ള അവകാശങ്ങളെ തരിയിക്കാം. തമ്പുരാട്ടിയെക്കൊണ്ടു പട്ടും വളയും തരിയിക്കാം.

ചന്തു-എറാൻ തിരുമനസ്സ്; അടിയൻ വിടകൊള്ളാം.

(പോയി)

നമ്പിയാർ--ഓരോരുത്തരോരോന്നായി ഒരുങ്ങിത്തുടങ്ങി. (സൂക്ഷിച്ചു നോക്കീട്ട്) ഓ! കേളുമേനോക്കിയും വരുന്നു. അതും നോക്കിക്കളയാം.

(അനന്തരം കേളുമേനോക്കി പ്രവേശിക്കുന്നു)

കേളുമേനോക്കി--നമ്പിയാരെവിടെ (കണ്ടതായി നടിച്ച് അടുത്തു ചെല്ലുന്നു)

നമ്പിയാർ--എന്താ മേനോക്കി സാമൂതിരിപ്പാട്ടിലേക്ക് അയക്കേണ്ടുന്ന ഓല എഴുതി കഴിഞ്ഞുവൊ? എന്താ ഇത്ര താമസം?

മേനോക്കി--മങ്ങാട്ടച്ചന്ന് എഴുതിയതു കാണേണമെന്നു പറഞ്ഞ് അദ്ദേഹത്തിൻെറ അടുത്തു പോയിരുന്നു.

നമ്പിയാർ--ഓ! മങ്ങാട്ടച്ചൻ വല്ലാത്താളാണ്. വലിയ ഗംഭീരൻ. ഈ ഓല വായിച്ചുനോക്കിയോ? എന്തു പറഞ്ഞു?

മേനോക്കി--ഓ! ഒ്ഹം. വായിച്ചുനോക്കി. ഒന്നും പറകയുണ്ടായില്ല. അദ്ദേഹത്തിന്ന് ഇവിടത്തെപ്പററിയും

ഇതേ അഭിപ്രായമാണ്. നമ്പിയാർ ചെറുപ്പമാണെ ങ്കിലും നല്ല കാര്യസ്ഥനാണെന്നു പറഞ്ഞു.

നമ്പിയാർ--ഹാ! ഹാ! അഭിപ്രായം കടന്നുപോയി ഓല ഇങ്ങോട്ടു തരിക. (വാങ്ങി മുഴവനും വായിച്ചുനോക്കുന്നു) തുക്കൈവിളയാട്ടം അവിടെവെച്ചാക്കാം. നാം ഇനി സഭാമണ്ഡപത്തിലേക്കു പോകുക.

(രണ്ടാളും പോയി)

വിഷ്കംഭം കഴിഞ്ഞു.

---

## ഏഴാമങ്കം.

---

ദർബാർ രംഗം.

ഗ്രന്ഥവരിയിൽ വിവരിച്ചപ്രകാരമുള്ള വേഷഭൂഷണങ്ങളോടും, ആളും അകമ്പടിയോടും കൂടി കൊലത്തിരി രാജസഭാമണ്ഡപത്തിൽ മഞ്ചത്തിന്മേൽ ഇരുന്നു പ്രവേശിക്കുന്നു)

രാജാ--(ചുററും നോക്കീട്ട്) (ആത്മഗതം)

രാജാലങ്കാരമെല്ലാമൊരുവനു വലുതാ-
യുള്ളഹങ്കാരമാകും
തേജസ്സില്ലാത്തവനും പുനരതുകുതുകം
തന്നെയാണിന്നു പാൎത്താൽ
വ്യാജന്താനിന്നിതെല്ലാം കിമപി നൃപനാടൻ
വേഷവും കെട്ടി നിത്യം
രാജാംഗത്തെ പുലൎത്തീടണമവനി ഭരി-
ച്ചീടുവാനാടലെന്യേ.

(രയിരുകുറുപ്പിനെ നോക്കീട്ട പ്രകാശം)

എന്താ! എല്ലാം ഒരുങ്ങിയില്ലേ?

കുറുപ്പ് — കാൎയ്യക്കാര് വരുന്നു, വന്നിട്ടാകാമെന്നാണ്.

(അനന്തരം മംവിലായി നമ്പിയാർ വേഷഭൂഷണനായി പ്രവേശിക്കുന്നു)

നമ്പിയാർ — (രാജാവിനെ താണു തൊഴുന്നു)

രാജാ — എന്താ ഇത്ര നേരം. ഇനിയും ഒരുങ്ങിയില്ലേ?

നമ്പിയാർ — എറാൻ ഒരുങ്ങി. മുഹൂൎത്തമായാൽ തുടങ്ങാം.

കുറുപ്പ — മുഹൂൎത്തം അടുത്തു.

നമ്പിയാർ — എന്നാൽ തുടങ്ങിക്കൊള്ളുക.

(എല്ലാവരും നിശ്ശബ്ദമായിരിക്കുന്നു)

കുറുപ്പ് — "ഉദയവൎമ്മനെന്ന നാമധേയമായ കോലത്തിരി വലിയതമ്പുരാൻ തിരുമനസ്സുകൊണ്ട് ഇളംകൂർ മൂത്ത തമ്പുരാക്കന്മാരോടുകൂടി ഇവിടെ എഴുന്നള്ളി ഇരുന്നരുളുന്നേടത്തു നിന്നു കല്പിച്ചു ചോദിക്കുന്നത്.

(1) പയ്യന്നൂര്, പെരുഞ്ചെല്ലൂര ഗ്രാമങ്ങളിലെബ്രാഹ്മണരെല്ലാം എത്തിയൊ?

(അണിയറയിൽ) ഉവ്വ്, ഉവ്വ്.

(2) സാമന്തരാജാക്കന്മാരും, നാടുവാഴികളും എത്തിയൊ?

(അണിയറയിൽ) ഉവ്വ്, ഉവ്വ്.

(3) നാട്ടുകാരും, നഗരക്കാരും എത്തിയൊ?

(അണിയറയിൽ) ഉവ്വ്, ഉവ്വ്.

(4) കൊങ്ങിണറികളും കടകത്തന്മാരും എത്തിയൊ?

(അണിയറയിൽ) ഉവ്വ്, ഉവ്വ്.

(5) കപ്പലോട്ടം മാപ്പിളമാർ എത്തിയൊ?

(അണിയറയിൽ) ഉവ്വ്, ഉവ്വ്.

(6) തീണ്ടൽ ജ്ജാതിക്കാരെല്ലാവരും എത്തിയൊ?

(അണിയറയിൽ) ഉവ്വ്, ഉവ്വ്.

(7) എല്ലാവരും എത്തിയൊ?

(അണിയറയിൽ) ഉവ്വ്, ഉവ്വ്.

നമ്പിയാർ--എന്നാൽ ഇതു് ഉറക്കെ വായിക്കുക.

കുറുപ്പ്--അവിടുന്നുതന്നെ വായിച്ചാൽ നന്ന്! എനിക്കു കണ്ണു കാണ്മാൻ പോരാ.

(നമ്പിയാർ ചെമ്പുപട്ടയം എഴുത്തു നല്ലവണ്ണം നോക്കി ഉച്ചത്തിൽ വായിക്കുന്നു)

ശ്രീ.

"സ്വസ്തി; ശ്രീ; മേടശ്ശനി, എടവവ്യാഴം, ചിത്രഭാനു വരിഷം, എടവം ഞായർക്കു ചെങ്കോൽ ചെലുത്തി വാണ് ആണ്ടിന്നു നാലാമാണ്ടു വൈശാഖമാസം അത്തം നക്ഷത്രവും ശുക്ലപക്ഷദ്വാദശിയും കൂടിയ ദിവസം കോലത്തിരി ഉദയവമ്മ വടക്കുന്നാഥൻ നാലുകൂറുവാഴ്ചയും, രണ്ടു തമ്പുരാട്ടിയും, രണ്ടു പെൺവഴി അനന്തരവന്മാരും, അറയപ്പൻ നമ്പൂരിപ്പാടും, കോട്ടയം, കടത്തനാട്ടു മുതലായ സാമന്തരാജാക്കന്മാരും, ചിറോറാത്തു കുറുക്കളും, മാവിലായി നമ്പിയാരും, പെരുഞ്ചെല്ലൂ

ര്, പയ്യന്നൂരു ഗ്രാമങ്ങളിലെ ബ്രാഹ്മണരും, നാട്ടുകാരും, നഗരക്കാരും യോഗക്കാരും വർത്തകപ്പരിഷയിൽ കൊങ്ങിണികളും, കുടകത്താന്മാരും, കപ്പൽവ്യാപാരം മാപ്പിളമാരും കൂടിയ യോഗത്തിൽ വെച്ച നെടിയിരുപ്പ സ്വരൂപത്തിലെ ചെറുമ്പാട്ടി എന്ന ശ്രീദേവി പിറാട്ടിക്കു പീലീശപാം പെരുമാട്ടിപ്പട്ടം കൊടുത്താൻ.

അപ്പടിക്ക്, ആയിരംകുടി നായന്മാരും, കണ്ണും, കയ്യും, കല്പനയുമായി അവകാശങ്ങൾക്കു താഴ്ചയും, വീഴ്ചയും കൂടാതെ ചേവകരായി സേവിച്ചുവരുവാനും,—അങ്കം, ചുങ്കം, ഏഴ, കൊഴ, വിഴ, പിഴ, അമ്പ് വാരി, ഐമല, മുന്നുല, ചെങ്കൊമ്പു, കടകം പുള്ളി, നരിവാൽ, കിണററിൽ പന്നി, ആററുവെപ്പു, തോട്ടുവെപ്പു, കടൽവെപ്പു, തൊരം, വഴിച്ചേരി, തലപ്പു, മുതലായ രാജഭോഗങ്ങളും—പഞ്ചവാദ്യം ശംഖ്, പകൽവിളക്കു, പാവാട, ആനേന്തോളും, കൊട്ടുകുട, വട്ടകപ്പറ, തോരണം, പീലിവട്ടു, പവണത്തുങ്കം, കടത്തു, തണ്ടേററം, തലവെട്ടു, മുതലാകിന സ്ഥാനമാനങ്ങളും, അധികാരങ്ങളും കൊടുത്തു ശ്രീദേവി പിറാട്ടിക്കു പെരുമാട്ടിപ്പട്ടവും, നീലീശപാത്തു ചെങ്കോയ്മയും നിരട്ടികൊടുത്തോം ഉദയവർമ്മനും തമ്പിമാരും—അമ്മാക്കമേ ഇപ്പടിക്ക് ഇതറിയും സാക്ഷി—പെരുഞ്ചെല്ലൂര്, പയ്യന്നൂര് ഗ്രാമങ്ങളിലെ ബ്രാഹ്മണരും, കോട്ടയം, കടുത്തനാട്ട് ഈ രാജ്യങ്ങളിലെ സാമന്തരാജാക്കന്മാരും, അറികെമൂത്താശാരി ചെടയൻ ചന്തു കയ്യെഴുത്ത്. (ഇങ്ങിനെ മുഴുവനും വായിച്ചു)

(നമ്പിയാർ ചെമ്പുപട്ടയം രാജാവിന്റെ കയ്യിൽ കൊടുക്കുന്നു)

കുറുപ്പ്--(ഉച്ചത്തിൽ) എല്ലാവരും കേട്ടുവൊ?

(അണിയറയിൽ) ഉവ്വ്! ഉവ്വ്! ഉവ്വ്.

കുറുപ്പ്--എല്ലാവൎക്കും സമ്മതമല്ലെ?

(അണിയറയിൽ) അതെ! അതെ!

കുറുപ്പ്--വിരോധം വല്ലവൎക്കും ഉണ്ടൊ?

(അണിയറയിൽ) ഇല്ല! ഇല്ല!

(രാജാവു ചെമ്പുപട്ടയത്തെ തിരിച്ചും മറിച്ചും നോക്കീട്ടു വലത്തുഭാഗത്തെക്കു നോക്കീട്ട്)

രാജാ--കന്നിങ്ങൊട്ടു വരണം.

തമ്പുരാട്ടി--(തിര നീക്കി പുറത്തേക്കു വന്നു നില്ക്കുന്നു.

(രാജാവു ചെമ്പുപട്ടയം തമ്പുരാട്ടി പക്കൽ കൊടുക്കുന്നു. തമ്പുരാട്ടി രണ്ടു കൈകൊണ്ടും വാങ്ങുന്നു. ഉടനെ അറയപ്പൻ നമ്പൂതിരിപ്പാടു കിണ്ടിയും വെള്ളവും കൊണ്ടു് അടുത്തു ചെല്ലുന്നു. രാജാവു ഉള്ളൻകൈ കാണിക്കുന്നു. അതിന്നുതാഴെ തമ്പുരാട്ടിയും ഉള്ളൻകൈ നിവിൎത്തി പിടിക്കുന്നു. നമ്പൂതിരിപ്പാടു രാജാവിന്റെ കയ്യിൽ വെള്ളം ഒഴിക്കുന്നു. രാജാവ അതിനെ തമ്പുരാട്ടിയുടെ കയ്യിൽ ഒഴുക്കുന്നു. തമ്പുരാട്ടി വാങ്ങി കുടിക്കുന്നതായി നടിച്ചു തിരയുടെ ഉള്ളിലേക്കു പോകുന്നു.)

രാജാ--എല്ലാം ആയില്ലെ?

ചെറുശ്ശേരി--(ബദ്ധപ്പെട്ടു പ്രവേശിച്ചു്) എനിക്കൊരാക്ഷേപമുണ്ടായിരുന്നു. ഇപ്പോഴതു തീൎന്നു.

(എല്ലാവരും ചിരിക്കുന്നു)

രാജാ--(ആത്മഗതം) ഇങ്ങിനെ കാൎയ്യവും, നേരംപോക്കും ഒരേസമയത്തു പറവാൻ ചെറുശ്ശേരിക്കല്ലാതെ വേറെ ആൎക്കും സാധിക്കുന്നതല്ല. അദ്ദേഹം സൂക്ഷ്മത്തിൽ പൂൎവ്വകഥയെ ഓൎമ്മപ്പെടുത്തുകയാണ്. കേട്ടാൽ നേരമ്പോക്കാണെന്നല്ലാതെ തോന്നുകയുമില്ല. വല്ലാത്ത വിദ്വാനാണ്. (പ്രകാശം) ചെറുശ്ശേരി കുറച്ചു ക്ഷമിക്കു. കാൎയ്യം കഴിയട്ടെ.

നമ്പിയാർ--(രാജാവിനോടു) മങ്ങാട്ടച്ഛൻ പക്കൽ കാട്ടുവാനുള്ള ഓല വായിക്കേണ്ടല്ലെ്യാ?

രാജാ--(അല്പം ഭാവഭേദത്തോടുകൂടി) അന്യരാജാക്കന്മാരോടു സന്ധി ചെയ്യാനുള്ള അധികാരം നമുക്കു പ്രത്യേകമുള്ളതല്ലെ? പിന്നെ എന്താ ചോദിക്കാൻ.

നമ്പിയാർ--എന്നാൽ തൃക്കൈ വിളയാടണം. (ഓലയും എഴുത്താണിയും കൊടുക്കുന്നു)

രാജാ--(വാങ്ങി ഒപ്പിടുന്നു) (മങ്ങാട്ടച്ഛൻ വശം ഓല കൊടുത്തിട്ടു)

ഇനി സാമൂതിരിയുടെ പരിഭവമെല്ലാം തീൎക്കേണ്ടുഭാരം മങ്ങാടന്റേതാണ്.

മങ്ങാട്ടച്ഛൻ--ഇനി ബന്ധുക്കളായില്ലെ? പിന്നെ പരിഭവമുണ്ടാകുമൊ?

രാജാ--(നമ്പിയാരെ നോക്കീട്ടു) വീരചങ്ങല രണ്ടും കൊണ്ടുവരിക.

(നമ്പിയാർ രണ്ടു വീരചങ്ങല രാജാവിന്റെ വശം കൊടുത്തു)

രാജാ—(മഞ്ചാട്ടച്ഛനും, തനയഞ്ചേരി എളയതിന്നും ഒരോന്നു കൊടുക്കുന്നു)

(അവർ വാങ്ങി വണങ്ങുന്നു)

രാജാ—ഇവിടത്തെ കാൎയ്യങ്ങളെല്ലാം കഴിഞ്ഞില്ലേ?

നമ്പിയാർ—എല്ലാം കഴിഞ്ഞു.

രാജാ—എല്ലാവൎക്കും എന്റെ പ്രവൃത്തിയിൽ സന്തോഷമുണ്ടായി വരുന്നതിന്നു പുറമെ ഇങ്ങിനെ കൂടി ഭവിക്കട്ടെ

## ഭരതവാക്യം.

നിൎമ്മായം സ്തുതിധൎമ്മിന്നു വിളയാ–
ടട്ടെ ജഗത്തിങ്കലാ–
ശ്ശൎമ്മത്തിന്നു രണ്ണത്തൊ വിട്ടു മരുവീ
ടട്ടേ മഹാ വീരരും
ധൎമ്മത്തെദ്ധരണീശരൊക്കെ ബലമായ്–
ക്കാക്കട്ടെ വേദോക്തമാം
കൎമ്മത്തിന്നു ഭവിച്ചിടട്ടെ വളരേ
ഗോബ്രാഹ്മണന്മാർ സദാ.

(എല്ലാവരും പോയി)

ഏഴാമങ്കം കഴിഞ്ഞു.

ശ്രീദേവീഹരണം

ഭാഷാനാടകം

സമാപ്തം.

MUL
041968